കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ബദിയഡുക്ക ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

**e-mail: doksd.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി-6/1225/2019.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. 09-01-2020.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ് , കാസറഗോഡ്

പ്രസിഡന്റ് ,(സെക്രട്ടറി മുഖേന)

ബദിയഡുക്ക ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ബദിയഡുക്ക ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബദിയഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.ഈ റിപ്പോർട്ടിലെ 1, 2,3 എന്നീ ഭാഗങ്ങളിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് **ഓൺലൈനായി** അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

<u>പകർപ്പ് :</u>
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി.6/1225/2019. തിയ്യതി: 09-01-2020.

# കാസർഗോഡ് ജില്ലയിലെ ബദിയഡുക്ക ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം*

*പുറപ്പെടുവിക്കുന്നത്)*
*****

കാസർഗോഡ് ജില്ലയിലെ ബദിയഡുക്ക ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17-11-2018 മുതൽ 24-11-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും 17-11-2018 മുതൽ 31-03-2019 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>**ഓഡിറ്റ് നടത്തിയതിന്റെ വിവരം**</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഉണ്ണി.പി.കെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25-11-2019മുതൽ 05-12-2019വരെ |

<u>**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**</u>

| | |
|---|---|
| ശ്രീ.വിനോദ് കുമാർ .സി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.വിനോദ് കുമാർ.വി | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.തോമസ്.കെ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.സുനിൽ കുമാർ .എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.രമ്യ.ടി | ഓഡിറ്റർ |

<u>**നിർവഹണാധികാരികൾ**</u>

| | | |
|---|---|---|
| **പ്രസിഡന്റ്** | **എൻ.കൃഷ്ണഭട്ട്** | 01.04.2018 മുതൽ 31.3.2019 വരെ |
| **സെക്രട്ടറി** | ശ്രീ.വി.ആർ.മനോജ്, അസിസ്റ്റന്റ് സെക്രട്ടറി (I/C) | 01-4-2018 മുതൽ 20-05-2018 വരെ. |
| | ശ്രീ.മനോജ് കുമാർ.കെ.ടി | 21-05-2018 മുതൽ 20-06-2018 വരെ. |
| | ശ്രീ.വി.ആർ.മനോജ്, അസിസ്റ്റന്റ് സെക്രട്ടറി (I/C) | 21-06-2018 മുതൽ 30-06-2018 വരെ. |
| | [illegible] | [illegible] |

| | | |
|---|---|---|
| | ശ്രീമതി.കെ.സി.സാബിറ, (എച്ച്.സി (I/C) | 01-07-2018 മുതൽ 04-07-2018 (FN) വരെ |
| | ശ്രീ.അച്യുത മണിയാണി, സെക്രട്ടറി (ഇൻചാർജ്ജ്) | 04-07-2018 (AN)മുതൽ 09-07-2018(FN) വരെ |
| | ശ്രീ.പ്രദീപ് ഫെർണാണ്ടസ് അസിസ്റ്റന്റ് സെക്രട്ടറി (I/C) | 09-07-2018(AN) മുതൽ 29-08-2018(FN) വരെ |
| | ശ്രീ.ശൈലേന്ദ്രൻ.എൻ | 29-08-2018(AN) മുതൽ 27-03-2019(FN) വരെ |
| | ശ്രീ.സുനിൽ കുമാർ.എസ്. അസിസ്റ്റന്റ് സെക്രട്ടറി (I/C) | 27-03-2019(AN) മുതൽ 31-03-2019 വരെ |

<u>നിർവഹണ ഉദ്യോഗസ്ഥർ (01-04-2018മുതൽ 31-03-2019 വരെ )</u>

| ക്രമ.നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | വി.ആർ.മനോജ് | 01.4.2018 മുതൽ 30.6.2018 വരെ |
| | | ഒഴിവ് | 01.07.2018 മുതൽ 06.07.2018 വരെ |
| | | പ്രദീപ് ഫെർണാണ്ടസ് | 07.07.2018 മുതൽ 14.01.2019 വരെ |
| | | ഒഴിവ് | 15.01.2019 മുതൽ 01.03.2019 വരെ |
| | | സുനിൽ കുമാർ.എസ്. | 02.03.2019 മുതൽ 31.03.2019 വരെ |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | ഉഷാർ കൃഷ്ണൻ.ജി | 01.04.2018 മുതൽ 07.08.2018 വരെ |
| | | കൃഷ്ണകുമാർ.ഒ.എച്ച് | 08.08.2018 മുതൽ 31.3.2019വരെ |
| 3 | കൃഷി ഓഫീസർ | മീര.എൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഭവ്യ.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| 5 | വി.ഇ.ഒ | ജോൺസൺ.കെ.വി | 01.04.2018 മുതൽ 31.03.2019 വരെ |
| 6 | പ്രധാനാധ്യാപകൻ | അംബിക സരസ്വതി | 01.04.2018 മുതൽ 25.05.2018 FN വരെ |
| | | സുബ്രഹ്മണ്യഭട്ട് | 25.05.2018 ANമുതൽ 31.03.2019 വരെ |
| 7 | വെറ്റിനറി സർജ്ജൻ | ഡോ.ചന്ദ്രബാബു.ഇ | 01.04.2018 മുതൽ 31.03.2019 വരെ |
| 8 | മെഡിക്കൽ ഓഫീസർ അലോപ്പതി | ഡോ.സത്യശങ്കരഭട്ട്.പി.വി | 01.04.2018 മുതൽ 31.03.2019 വരെ |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.മഹേഷ്.പി.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| 10 | മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ഹബീബ | 01.04.2018 മുതൽ 19.07.2018 വരെ |
| | | ഡോ.ആശാ മേരി | 20.07.2018 മുതൽ 05.12.2018 വരെ |
| | | ഡോ.ചാർലി മാത്യു | 06.12.2018 മുതൽ |

| | | | |
|---|---|---|---|
| | | | 31.03.2019 വരെ |
| 11 | ഡയറി ഫാം ഇൻസ്റ്റക്ടർ | മനോഹരൻ | 01.04.2018 മുതൽ<br>31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷീക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം ) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രം പ്രകാരം പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകൾ | 1-11 |
| 12 | കെട്ടിട നിർമ്മാണ പെർമിറ്റ് നല്കുന്നതിലെ അപാകതകൾ | 1-12 |
| 13 | മൊബൈൽ ടവറുകൾ അനുമതി ഇല്ലാതെ പ്രവർത്തിക്കുന്നു | 1-13 |
| 14 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ-ഭേദഗതി പ്രകാരമുള്ള പുതുക്കിയ ഫീസ് നിരക്ക് പ്രാബല്യത്തിൽ വരുത്തുന്നതിൽ കാലതാമസം | 1-14 |
| 15 | വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളി/ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-15 |
| 16 | വസ്തു നികുതി -നികുതി ഒടുക്കേണ്ട എല്ലാ കെട്ടിടങ്ങളും ഡിമാന്റിൽ ഉൾപ്പെട്ടോയെന്ന് ഉറപ്പുവരുത്തിയിട്ടില്ല | 1-16 |
| 17 | ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല | 1-17 |
| 18 | പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന് 1.99 കോടി രൂപ വിനിയോഗിക്കാൻ സാധിച്ചില്ല | 1-18 |
| 19 | വാർഡ് അടിസ്ഥാനത്തിൽ മരാമത്ത് പദ്ധതികൾ ആസൂത്രണം ചെയ്യുന്നു-മരാമത്ത് പ്രവൃത്തികളുടെ ബാഹുല്യം നിർവ്വഹണത്തെയും നടപടിക്രമങ്ങളെയും ബാധിക്കുന്നു | 1-19 |
| 20 | ജി.ഡബ്ല്യു.എൽ.പി.സ്കൂൾ ബേള ചുറ്റമതിൽ ഗ്രൗണ്ട് ലവലിംഗ് പ്രവൃത്തി-മൂല്യവർധിത നികുതി (വാറ്റ് ) ഈടാക്കിയിട്ടില്ല | 1-20 |
| 21 | എസ്.എ.ബി.എം.യു.പി സ്കൂൾ വിദ്യാഗിരി കെട്ടിട പുനരുദ്ധാരണം-അധികം തുക നൽകി | 1-21 |
| 22 | വയോജനങ്ങൾക്ക് പകൽ വീട് - അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി പദ്ധതി യാഥാർത്ഥ്യമാക്കണം | 1-22 |
| 23 | റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല | 1-23 |
| 24 | പദ്ധതികളുടെ മോണിറ്ററിംഗ് നടത്തുന്നില്ല | 1-24 |

| | | |
|---|---|---|
| 25 | പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ് | 1-25 |
| 26 | കുടിവെള്ള പദ്ധതി -വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല | 1-26 |
| 27 | ചെക്ക് തുക അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. | 1-27 |
| 28 | അംഗൻവാടികളുടെ അടിസ്ഥാനസൗകര്യകുറവ്- പരിഹാര നടപടികൾ സ്വീകരിക്കുന്നില്ല | 1-28 |
| 29 | ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രവർത്തികളിലെ അപാകതകൾ | 1-29 |
| 30 | വി.ഇ.ഒ നിർവ്വഹണം നടത്തിയ പ്രവർത്തികളിലെ അപാകതകൾ | 1-30 |
| 31 | മെഡിക്കൽ ഓഫീസർ PHC നിർവ്വഹണം നടത്തിയ പ്രവർത്തികളിലെ അപാകതകൾ | 1-31 |
| 32 | റോഡ് ടാറിംഗ് പ്രവൃത്തി- ബിറ്റുമിന്റെ തുക തിരികെ ഈടാക്കിയത് കുറവ്- നഷ്ടം | 1-32 |
| 33 | ഗുണഭോക്തൃ സമിതി നടപ്പിലാക്കിയ പ്രവൃത്തി- ഓവർഹെഡ് ചാർജസ് കുറവ് ചെയ്തതിൽ അപാകത- നഷ്ടം | 1-33 |
| 34 | ഓവുചാലുകളുടെ നിർമാണം- സെന്ററിംഗ് ആന്റ് ഷട്ടറിംഗിന് ഉയർന്ന നിരക്ക് അനുവദിച്ചിരിക്കുന്നു | 1-34 |
| 35 | റോഡുകൾ കോൺക്രീറ്റ് ചെയ്തത്- ഡാറ്റയിൽ അപാകതകൾ | 1-35 |
| 36 | ദിവസവേതന നിയമനം-അപാകതകൾ | 1-36 |
| 37 | ചെലവ് വൗച്ചറുകളോടൊപ്പം തുക കൈപ്പറ്റ് രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല-അപാകതകൾ | 1-37 |
| 38 | തെരുവ് വിളക്ക് പരിപാലനം-കൃത്യമായ സ്ഥിതിവിവരക്കണക്കുകൾ സൂക്ഷിക്കുന്നില്ല | 1-38 |
| 39 | ചരക്ക് സേവന നികുതി -സ്രോതസ്സിൽ നിന്നും - കിഴിവ് വരുത്തിയിട്ടില്ല | 1-39 |
| 40 | പദ്ധതി രൂപീകരണം- ചെലവ് രേഖകളുടെ സൂക്ഷിപ്പിൽ അപാകതകൾ | 1-40 |
| 41 | വൃദ്ധർക്ക് കട്ടിൽ വിതരണം (എസ്.സി./എസ്.ടി) -കട്ടിൽ വിതരണം പൂർത്തീകരിച്ചിട്ടില്ല-അപാകതകൾ | 1-41 |
| 42 | തുല്യതാ പഠിതാക്കളുടെ ഫീസ് അനുവദിച്ചത് -ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-42 |
| 43 | ഇൻഡോർ ഷട്ടിൽ കോർട്ട് സ്റ്റേഡിയം-പദ്ധതി യാഥാർത്ഥ്യമായിട്ടില്ല | 1-43 |
| 44 | പഞ്ചായത്തിന്റെ ഫുട്പാത്ത് സ്വകാര്യ വ്യക്തികൾ റോഡാക്കി മാറ്റി- നിർമിതി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ് | 1-44 |
| 45 | റോഡ് കോൺക്രീറ്റ് പ്രവൃത്തി-റോഡ് നിലനിൽക്കുന്ന ഭൂമിയെപ്പറ്റി പരാതി-സർവേ നടത്തി പരാതി പരിഹരിക്കേണ്ടതാണ് | 1-45 |
| **ഭാഗം II**<br><br>**വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | | |
| 44 | കെട്ടിട നിർമ്മാണ പെർമ്മിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് | 2-1 |
| 45 | ലോഡ്ജിംഗ് കെട്ടിടത്തിന് ഗാർഹിക കെട്ടിടത്തിൽപ്പെടുത്തി വസ്തുനികുതി ചുമത്തി- വസ്തുനികുതിയിനത്തിൽ നഷ്ടം | 2-2 |
| **ഭാഗം III**<br><br>**ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | | |
| 46 | എസ്.എ.ബി.എം.യു.പി സ്കൂൾ വിദ്യാഗിരി കെട്ടിട പുനരുദ്ധാരണം-അധികം നൽകിയ തുക അംഗീകരിക്കുന്നില്ല. | 3-1 |
| 47 | റോഡ് ടാറിംഗ് പ്രവൃത്തി- ബിറ്റുമിന്റെ തുക തിരികെ ഈടാക്കിയത് കുറവ്- നഷ്ടം | 3-2 |
| 48 | ഗുണഭോക്തൃ സമിതി നടപ്പിലാക്കിയ പ്രവൃത്തി- ഓവർഹെഡ് ചാർജസ് കുറവ് ചെയ്തതിൽ അപാകത- നഷ്ടം | 3-3 |

| | | |
|---|---|---|
| 49 | ഓവുചാലുകളുടെ നിർമാണം- സെന്ററിംഗ് ആന്റ് ഷട്ടറിംഗിന് ഉയർന്ന നിരക്ക് അനുവദിച്ചിരിക്കുന്നു. | 3-4 |
| 50 | സ്വന്തമായി ഭവനമുള്ള ഗുണഭോക്താവിന് ലൈഫ് ഭവന പദ്ധതിയിൽ ധനസഹായം അനുവദിച്ചു. | 3-5 |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 51 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 52 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 53 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 54 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 55 | വായ്പ / വായ്പാതിരിച്ചടവ്. | 4-5 |
| 56 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 57 | ഓഡിറ്റ് റിക്കവറി | 4-7 |
| 58 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 59 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 60 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 61 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


<u>അനുബന്ധപത്രികകൾ</u>

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ് ഷീറ്റ്.

# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| വർഷം | 2018-19 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| തീരുമാനം നമ്പർ തീയ്യതി | 1/1-തിയതി 24.03.2018 | 1/1- തിയതി 14.02.2019 |
| മുന്നിരിപ്പ് | 6424350 | 8350499 |
| വരവ് | 163649171 | 374891572 |
| ആകെ | 170073521 | 383242071 |
| ചെലവ് | 167843115 | 191040833 |
| നീക്കിയിരിപ്പ് | 2230406 | 192201238 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 7.6.2019 | ഇല്ല | ഇല്ല |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2018-19 |
|---|---|
| മുന്നിരിപ്പ് | 26895889 |
| വരവ് | 120281069 |
| ആകെ | 147176958 |
| ചെലവ് | 106989241 |
| നീക്കിയിരിപ്പ് | 40187717 |

## 1-4 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2018-19)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 28500951 | 28500951 | 19664036 | 8836915 | 68.99 |
| വികസനഫണ്ട് എസ്.സി.പി. | 0 | 9981000 | 9981000 | 7601937 | 2379063 | 76.16 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 7303000 | 7303000 | 5175273 | 2127727 | 70.86 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 14815000 | 14815000 | 12384267 | 2430733 | 83.59 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5939000 | 5939000 | 4953044 | 985956 | 83.39 |
| - ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 11057000 | 11057000 | 7653385 | 3403615 | 69.21 |
| | 0 | 77595951 | 77595951 | 57431942 | 20164009 | 74.01 |

(* വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യക്കമ്മീഷൻ ഗ്രാന്റ്, എന്നീയിനങ്ങളിലെ നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടതിനാൽ ഈയിനങ്ങളിൽ നീക്കിയിരിപ്പില്ല. ലാപ്സായ തുക കണക്കാക്കുന്നതിന് വേണ്ടിയാണ് മേൽ ഇനങ്ങളിലെ നീക്കിയിരിപ്പ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് )

**മറ്റ് ഫണ്ടുകൾ**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബി ഫണ്ട് | | | | | |
| തൊഴിൽ രഹിത വേതനം | | 60960 | 60960 | 60960 | |
| വിവാഹ ധനസഹായം | | 2,40,000* | 2,40,000 | 2,40,000 | |
| TSB സംയുക്ത പദ്ധതി | 15850122 | 6992317 | 22842439 | 6104260 | 16738179 |
| ട്രഷറി TSB ജനറൽ പർപ്പസ് | (-)1354888 | 19029067 | 17674179 | 3663844 | 14010335 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| MGNREGS | 266037 | 601617 | 867654 | 845683 | 21971 |
| എസ്.എസ്.എ | 1700 | 0 | 1700 | 1700 | 0 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| ജില്ലാ സഹ.ബാങ്ക് | 41258 | 73 | 41331 | 37569 | 3762 |
| ലൈഫ് ഭവന വായ്പ | 0 | 25048546 | 25048546 | 25048546 | 0 |
| മറ്റുള്ളവ (തനത് ഫണ്ട്) | 12091660 | 11026547 | 23118207 | 13704737 | 9413470 |

*(മേൽ പട്ടികയിൽ ബി ഫണ്ടിനത്തിൽ വിവാഹ ധനസഹായം ഇനത്തിൽ ഉൾപ്പെടുത്തിയ 2,40,000 രൂപ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല)

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 308 | 177 | - | 131 | 57.46 |

”

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 266037 | 601617 | 867654 | 845683 | 21971 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 2565127 | 2565127 | 2565127 | |
| 100 ദിനം തൊഴിൽ ഇൻസെന്റീവ് | | 90000 | 90000 | 90000 | |
| ആകെ | 266037 | 3256744 | 3522781 | 3500810 | 21971 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2018-19 വർഷം 939 പദ്ധതികളുൾപ്പെടുന്ന ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. എന്നാൽ തൻ വർഷം 153പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 91855 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ദിനം ലഭിച്ച 293 കുടുബങ്ങളുണ്ട്.

# 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 60960 | 36 |
| കർഷകതൊഴിലാളി പെൻഷൻ | 2315500 | 252 |
| വിധവാപെൻഷൻ | 16903800 | 1526 |
| വാർദ്ധക്യകാലപെൻഷൻ | 21136400 | 2226 |
| വികലാംഗപെൻഷൻ | 4666600 | 408 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 468600 | 44 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 240000 | 8 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-11-2019 തീയതിയിൽ 12.00 PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 1,107 /- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 4 |

| | | |
|---|---|---|
| 7 | ഡ്രൈവർ ഗ്രേഡ്-2 | 1 |
| 8 | ഓഫീസ് അറ്റൻഡന്റ് | 2 |
| 9 | പാർടൈം സ്വീപ്പർ | 2 |

2017-2018 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിലെ പ്രധാന തസ്തികകൽ പലതും ദീർഘകാലമായി ഒഴിഞ്ഞുകിടന്നിരുന്നു. ജീവനക്കാരുടെ കുറവും ക്ലറിക്കൽ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർ ചെറിയകാലയളവിൽ ഗ്രാമ പഞ്ചായത്തിൽ ജോലിചെയ്തശേഷം മറ്റ് ഗ്രാമ പഞ്ചായത്തുകളിലേക്ക് സ്ഥലം മാറി പോകുന്നതും ഓഫീസ് പ്രവർത്തനത്തെയും പദ്ധതി നിർവ്വഹണത്തെയും ബാധിക്കുന്നുണ്ട്. വിവിധ തസ്തികളിലെ ഒഴിവു വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | തസ്തിക | തസ്തിക ഒഴിഞ്ഞുകിടന്നിരുന്ന കാലയളവ് |
|---|---|---|
| 1 | സെക്രട്ടറി | 21.06.2018 മുതൽ 28.08.2018 വരെ |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 15.01.2019 മുതൽ 01.03.2019 വരെ |
| 3 | ഹെഡ് ക്ലാർക്ക് | 04.08.2018 മുതൽ 18.11.2018 വരെ |
| 4 | അക്കൗണ്ടന്റ് | 03.08.2018 മുതൽ 13.01.2019 വരെ |
| 5 | ക്ലാർക്ക് | 12.12.2018 മുതൽ 31.03.2019 വരെ |

01.08.2018 ലെ ഉത്തരവ് നം എസ്.സി-2/5251/2019/എസ്.സി1 പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഓഫീസ് ഉത്തരവിൽ പിന്നീട് പുതിയ ചുമതലകൾ വരുന്നതിന്റെയടിസ്ഥാനത്തിൽ നിരവധി ഉപ ഉത്തരവുകൾ പ്രകാരം കൂട്ടിചേർക്കലുകളുണ്ടായിട്ടുണ്ട്. ജീവനക്കാരുടെ കുറവ് ഓഫീസ് പ്രവർത്തനത്തെയും പദ്ധതിനിർവ്വഹണത്തെയും ബാധിക്കുന്നുണ്ട്.

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നില്ല. ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങുന്നില്ല. ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ചുവടെ പറയുന്ന ജീവനക്കാരുടെ ശമ്പളം 01.07.2014ന് ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016 പ്രകാരം പരിഷ്കരിച്ചത് അംഗീകാരം വാങ്ങിയിട്ടില്ല.

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക |
|---|---|---|
| 1 | ശ്രീമതി.സീന ജോസഫ് | ഓഫീസ് അറ്റൻഡന്റ് |
| 2 | ശ്രീ.സിയാദ്.ജെ | ക്ലാർക്ക് |
| 3 | ശ്രീ. മുഹമ്മദ് അഷറഫ് | ക്ലാർക്ക് |

അക്കൗണ്ടന്റായ് ഉദ്യോഗകയറ്റം ലഭിച്ച് 20.08.2019ന് ഗ്രാമ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച ശ്രീ. ജഗദീഷ്. എം എന്നവരുടെ സേവന പുസ്തകത്തിൽ 20.08.2019ന് 35,700/-രൂപയായാണ് രേഖപ്പെടുത്തിയിരക്കിന്നത്. എന്നാൽ ഉദ്യോഗകയറ്റം ലഭിച്ച ഇദ്ദേഹത്തിന് 20.08.2019ന് 34,800/- രൂപയായാണ് ശമ്പളം നിർണ്ണയിക്കേണ്ടത്. ഇദ്ദേഹത്തിന്റെ പേ ബിൽ പരിശോധിച്ചതിൽ നിന്നും 20.08.2019 മുതൽ 34,800/-രൂപയാണ് നൽകിവരുന്നത്. സേവന പുസ്തകത്തിൽ തെറ്റായ് രേഖപ്പെടുത്തിയ ശമ്പളവിവരം ശരിയാക്കേണ്ടതാണ്. ശ്രീ.സിബി.ടി (സീനിയർ ക്ലാർക്ക്) 24.08.2019ന് ഗ്രാമ പഞ്ചായത്തിൽ ഉദ്യോഗകയറ്റം ലഭിച്ച് ജോലിയൽ പ്രവേശിച്ചുവെങ്കിലും അദ്ദേഹത്തിന്റെ ശമ്പളവിവരങ്ങൽ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരായ ശ്രീ.ലിജു ജോൺ.കെ (അസിസ്റ്റന്റ് സെക്രട്ടറി), ശ്രീ.സിയാദ്.ജെ (ക്ലാർക്ക്), ശ്രീ.അശ്വിന്.കെ.ടി (ക്ലാർക്ക്) എന്നീ ജീവനക്കാരുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടിള്ള ജനന തീയതി ഓഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയത് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ 11.02.2019 ന് പാർടൈം സ്വീപ്പർമാരായ് ജോലിയിൽ പ്രവേശിച്ച ശ്രീമതി.സനിത. എസ്, ശ്രീ.കൃഷ്ണ.ബി എന്നിവരുടെ സേവന പുസ്തകത്തിൽ വിവരങ്ങളൊന്നും ചേർത്തിട്ടില്ല. കേരള സർവീസ് ചട്ടം ഭാഗം 3ലെ ചട്ടം 150 പ്രകാരം സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ട ജീവനക്കാരുടെ സേവന പരിശോധനപത്രം (Memorandum of verification of service) ആരുടെയും സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ജീവനക്കാരുടെ സേവന പുസ്തകങ്ങൾ സമയാസമയങ്ങളിൽ വിവരങ്ങൾ ചേർത്ത് സൂക്ഷിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (staff meeting) 2018-2019 സാമ്പത്തിക വർഷം 4 തവണ ചേർന്നിട്ടുണ്ട് (23.04.2018, 20.06.2018, 105.09.2018, 22.01.2019). ഇതിൽ 23.04.2018, 20.06.2018, 105.09.2018 എന്നീ തീയതികളിൽ ചേർന്ന യോഗതീരുമാനങ്ങളൊന്നും മിനട്സ് ബുക്കിൽ രേഖപ്പെടുതതിയിട്ടില്ല. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന എല്ലാ ജീവനക്കാരും പേഴ്സണൽ രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും ആരും തന്നെ അത് പരിശോധിക്കുന്നില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിൽ ലഭിക്കുന്ന ഫയലുകളിൽ സമയബന്ധിതമായി നടപടികൾ ഉണ്ടാവുന്നില്ല. ഉദാഹരണത്തിന് ഓഡിറ്റ് റിക്വസിഷൻ നം 9/02.12.2019 പ്രകാരം താഴെ പറയുന്ന ഫയലുകളും ഈ ഫയലുകളിൽ സ്വീകരിച്ച തുടർ നടപടികളും ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടിരുന്നെങ്കിലും ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | ഫയൽ നമ്പർ |
|---|---|
| 1 | JC2-5879/19 Dt 04.09.2019 |
| 2 | JC2-5878/19 Dt 04.09.2019 |
| 3 | JC2-6538/19 Dt 11.10.2019 |
| 4 | JC2-6537/19 Dt 11.10.2019 |
| 5 | JC2-6536/19 Dt 11.10.2019 |

പെൻഷൻ കോണ്ട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകള് കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ വാർഷിക ബഡ്ജറ്റും യഥാർത്ഥ വരവ്-ചെലവും തമ്മിൽ വലിയ അന്തരം ഉണ്ട്. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ അക്കൌണ്ട് ചെയ്യപ്പെടുന്നുണ്ടെങ്കിലും ചില വരവ്-ചിലവുകൾ വാർഷിക കണക്കിൽ ഉൾപ്പട്ടിട്ടില്ല. ക്യാഷും അക്കൌണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൌണ്ട്സുകളും അക്കൌണ്ട് പോളിസികളും പാലിക്കുന്നുണ്ട്. അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നില്ല. അക്കൌണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നില്ല. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. പ്രസിഡന്റിന്റെ ദുരിദാശ്വാസ നിധിയി ഒനാളിതുവരെ ആരംഭിച്ചിട്ടില്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

ഡി. സി. ബി. യിൽ വസ്തു നികുതി, തൊഴില് നികുതി, എന്നിവയൊഴികെയുള്ളവ കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഇല്ല. നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റവെയർ മുഖേനയാണ്. സഞ്ചയ സോഫ്റ്റവെയറിൽ കണക്കുകൾ തയ്യാറാക്കുമ്പോൾ അപാതകകളുണ്ട്. തൻവർഷം 72 % നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്. നികുതി പരിവ് കാര്യക്ഷമമായി നടത്തേണ്ടതാണ്.

സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും എഴുതി സൂക്ഷിക്കുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗം ചേർന്ന് സാധന സാമഗ്രികൾ സമാഹരിക്കുന്നതിനുള്ള പദ്ധതികൾ വിലയിരുത്തുന്നുണ്ടെങ്കിലും കരാറുകാർ സമർപ്പിച്ച ക്വട്ടേഷനുകൾ/ടെണ്ടറുകൾ കൃത്യമായ പരിശോധന നടത്തി വിലയുടെ താരതമ്യം നടത്തി ഉചിതമായത് തെരഞ്ഞെടുക്കുന്നത് സമ്പന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനങ്ങളൊന്നും എടുക്കുന്നില്ല.

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. 2018-2019 സാമ്പത്തിക വർഷം പഞ്ചായത്ത് ഭരണസമിതി 37 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 13പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 14 പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 14പ്രാവശ്യവും യോഗം ചേരുന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയിൽ കാര്യമായ ചർച്ചകളൊന്നും നടന്നിട്ടില്ല. നികുതി പിരിവിലെ പുരോഗതി അവലോകനം ചെയ്യുന്നത് സമ്പന്ധിച്ച് 2018-2019 സാമ്പത്തിക വർഷം 04.02.2019ന് കൂടിയ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയിൽ മാത്രമാണ് തീരുമാനം (നം-3) ഉണ്ടായത്. 100% നികുതി പിരിവ് കൈവരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നിരന്തരമായ ഇടപെടൽ ആവശ്യമാണ്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാർ പങ്കെടുക്കുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാരുടെ സാന്നിധ്യം ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17-08-2019 | 2019, ജൂൺ, ജൂലൈ, ഓഗസ്റ്റ് | 17-08-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.02.2014 മുതൽ 14.03.2014 വരെ | 2008-09 മുതൽ 2012-13 വരെ | 07.05.2014 |

## 1-11 വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രം പ്രകാരം പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകൾ

1)2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധന സാക്ഷ്യപത്രത്തിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ 2018-19 വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.

2)വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-7ഷെഡ്യൂൾ പ്രകാരം ജനറൽ പർപ്പസ് ഫണ്ട് വരവ് 1,14,07,058/- രൂപയാണ്, എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ ട്രഷറി ബിൽ ബുക്ക് / അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വരവ് തുക 1,27,67,424 രൂപയാണ്. ചെലവ് 31,42,664/- രൂപ, നീക്കിയരിപ്പ് 96,24,760/-രൂപ വരവ് തുക പൊരുത്തപ്പെടുന്നില്ല. (വ്യത്യാസം-13,60,366) ജനറൽ പർപ്പസ് ഫണ്ടിന്റെ ചെലവ് , നീക്കിയിരിപ്പ് കാണിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3)ബാലൻസ്ഷീറ്റിൽ ഷെഡ്യൂൾ B-5ൽ Secured Loans ഇനത്തിൽ Secured Loans -Loan from KURDFC ഇനത്തിൽ 2,50,48,546/-രൂപയാണുള്ളത് . എന്നാൽ ഈ തുകയുടെ ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4)സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച 8,70,24,661/-രൂപയുടെ സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.

5)ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് റിസീവ്ഡ് തുക 18,40,632/- രൂപയാണ്. ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

6)ട്രഷറി സ്പെഷ്യൽ ടി.എസ്.ബി(ജോയിന്റ് വെന്ചർ) അക്കൗണ്ടിൽ (A/c.No.79901100002162) ബാങ്ക് ബുക്ക് പ്രകാരം 31-03-2019 ലെ നീക്കിയിരിപ്പ് 1,67,38,179/- രൂപയാണ്. ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം 31-03-2019 ലെ നീക്കിയിരിപ്പ് 16700997/-രൂപയാണ്. എന്നാൽ 37,182/-രൂപ ട്രഷറിനീക്കിയിരിപ്പിൽ കുറവ് കാണുന്നുണ്ട്. ഈ അക്കൗണ്ടിന്റെ 31-03-2019 ലെ റീ-കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

7)31.03.2019 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-16ൽ 440500101 എന്ന ഹെഡിൽ (Prepaid programme Expense) 1,65,99,147/- രൂപ നീക്കിയിരിപ്പ് ആസ്തി കാണിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം ആസ്തി 31.03.2019 ന് നീക്കിയിരിപ്പില്ല.

8)ഷെഡ്യൂൾ B-4, ഷെഡ്യൂൾ B-9 എന്നീ ബാധ്യത ഇനങ്ങളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

9)അഡ്വാൻസ് രജിസ്റ്റർ പരിപാലിക്കുന്നില്ല.

10)MGNREGA – FTO തുക പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യ പത്രികയിലെ ഇൻകം& എക്സ്പെൻഡിച്ചർ പത്രിക I-6 ഷെഡ്യൂൾ പ്രകാരമുള്ള ആകെ വരവ് 2,61,44,954/- രൂപയാണ് കാണിച്ചിരിക്കുന്നത്. എന്നാൽ തൊഴിലുറപ്പ് ക്യാഷ് ബുക്ക് പ്രകാരമുള്ള തുക 2,62,26,954/-രൂപയാണ്( സെമിസ്കിൽഡ് വേയ്ജസ്,സ്കിൽഡ് വേയ്ജസ് 27,000/- ഒഴികെ) I-14(a)പ്രകാരമുള്ള ചെലവ് 2,53,81,687/-രൂപയാണ്. യഥാർത്ഥ ചെലവ് 2,62,26,954/-രൂപ ( സെമിസ്കിൽഡ് വേയ്ജസ്,സ്കിൽഡ് വേയ്ജസ് 27,000/- ഒഴികെ) ഈ അപാകതകൾ പരിഹരിക്കേണ്ടതാണ്.

11)വസ്തു നികുതി-എ) സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും എടുത്ത വാർഡ് തിരിച്ചുള്ള സംഗ്രഹം പ്രകാരമുള്ള ഡിമാന്റ്,കലക്ഷൻ, ബാലൻസ് തുക ധനകാര്യ പത്രിക പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

ബി) കുടിശ്ശിക ഡിമാന്റ് സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും എടുത്ത വാർഡ് തിരിച്ചുള്ള സംഗ്രഹ പ്രകാരമുള്ള മുന്നിരിപ്പ്, കൂട്ടിച്ചേർക്കൽ, കുടിശ്ശിക കളക്ഷൻ, നീക്കിയിരിപ്പ് എന്നിവ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

12)സ്ഥാപനങ്ങൾ, വ്യാപാരികൾ, പ്രൊഫഷണലുകൾ എന്നിവരിൽ നിന്നുള്ള തൊഴിൽ നികുതിയിനത്തിൽ തൻവർഷം 23,35,185/- രൂപയുടെ അക്രൂവൽ വരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഏതു രേഖ അടിസ്ഥാനമാക്കിയാണ് അക്രൂവൽ രേഖപ്പെടുത്തിയത് എന്ന് വ്യക്തമല്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ക്ലോസ് ചെയ്ത് സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

13)ഡി&ഒ ലൈസൻസ് ഇനത്തിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് സംഗ്രഹം രേഖപ്പെടുത്തിയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മുൻവർഷങ്ങളിലെ കുടിശ്ശികയായി 4,630/-രൂപ പിരിച്ചെടുക്കാനുണ്ട്.

14)ഡി & ഒ ലൈസൻസ് ഇനത്തിലുള്ള വരവിനത്തിൽ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഷെഡ്യൂൾ 1-4(b) പ്രകാരം രേഖപ്പെടുത്തിയിരിക്കുന്ന 1,70,450/- രൂപയും, ഡി&ഒ ലൈസൻസ് ഡിമാൻഡ് രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, രേഖപ്പെടുത്തിയിരിക്കുന്നത് 1,70,100/-രൂപയുമാണ്. വ്യത്യാസം 350/-രൂപ ഡി&ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല, (തുക350), ഡിമാന്റ്, കലക്ഷൻ, ബാലൻസ് സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

15)തൊഴിൽ നികുതി (ജീവനക്കാർ) ഇനത്തിലുള്ള വരവിനത്തിൽ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഷെഡ്യൂൾ 1-1 പ്രകാരം 17,11,615/-രൂപയും റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിൽ RP-1 പ്രകാരം 16,99,115/- രൂപയും വ്യത്യാസം 12,500/-രൂപയുമാണ്. എന്നാൽ തൊഴിൽ നികുതി(ജീവനക്കാർ) ഡിമാൻഡ് രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, രേഖപ്പെടുത്തിയിരിക്കുന്നത് 16,99,115/- രൂപയുമാണ്. ഇൻകം & എക്സ്പെൻഡിച്ചർ ഡിമാന്റ് തുകയും, ഡിമാൻഡ് രജിസ്റ്ററിലെ ഡിമാൻഡ് തുകയും തമ്മിൽ 12,500/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. (ഇൻകം&എക്സ്പെൻഡീച്ചർ 17,11,615 – ഡിമാൻഡ് രജിസ്റ്റർ ഡിമാൻഡ് 16,99,115 = 12,500 )വാർഷിക ധനകാര്യ പത്രികയും ഗ്രാമ പഞ്ചായത്ത് ഡിമാന്റ്, കളക്ഷൻ രജിസ്റ്ററുകളും തമ്മിലുള്ള വ്യത്യാസം നിലനിൽക്കുന്നു. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ക്ലോസ് ചെയ്ത് സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

# 1-12 കെട്ടിട നിർമ്മാണ പെർമിറ്റ് നല്കുന്നതിലെ അപാകതകൾ.

**A)നിർമ്മാണാനുമതി നൽകിയ കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരങ്ങൾ അവ്യക്തം.**

2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 17(1) പ്രകാരം ഒരു കെട്ടിട നിർമ്മാണാനുമതി 3 വർഷത്തേക്ക് സാധുവായിരിക്കുന്നതാണ്. സാധുതാ കാലയളവിനുള്ളിൽ അപേക്ഷ സമർപ്പിക്കുന്നതിന്മേൽ ഓരോ മൂന്ന് വർഷക്കാലാവധിക്ക് രണ്ടു പ്രാവശ്യം കൂടി കെട്ടിട നിർമ്മാണ കാലാവധി നീട്ടി നൽകാവുന്നതാണ്. എന്നാൽ ഒമ്പത് വർഷക്കാലയളവിനപ്പുറം പെർമിറ്റ് നീട്ടുകയോ പുതുക്കുകയോ ചെയ്യുവാൻ ചട്ടങ്ങളിലെ X-A അദ്ധ്യായ പ്രകാരം രൂപീകൃതമായ കമ്മിറ്റിയുടെ ശുപാർശ കൂടി ആവശ്യമാണ്. പഞ്ചായത്തിലെ കെട്ടിട അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ നിർമ്മാണാനുമതിയുടെ 3 വർഷം സാധുതാ കാലയളവ് അവസാനിച്ചതിനു ശേഷവും അനവധി കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരം രേഖപ്പെടുത്താതെയും നിർമ്മാണാനുമതികൾ നീട്ടി നൽകാതെയും പുതുക്കാതെയും തുടരുന്നതായി കാണുന്നു. ഈ കെട്ടിടങ്ങൾ പൂർത്തീകരിച്ചതായോ, നിർമ്മാണാനുമതിയുടെ സാധുതാ കാലയളവിനുള്ളിൽ അനുമതി നീട്ടി നൽകിയതായോ സാധുതാ കാലവളവ് അവസാനിച്ച ശേഷം അനുമതി പുതുക്കിയതായോ രേഖപ്പെടുത്തിയിട്ടില്ല. സാധുതാ കാലയളവ് അവസാനിച്ച ശേഷവും പുതുക്കാതെയും കാലാവധി നീട്ടി നൽകാതെയും തുടരുന്ന കെട്ടിട നിർമ്മാണ അനുമതികളിന്മേൽ പഞ്ചായത്ത് യാതൊരു നടപടികളും കൈക്കൊണ്ടിട്ടില്ല . 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4 അനുസരിച്ച് സാധുവായ പെർമിറ്റില്ലാതെ ഭൂവികസനം, കെട്ടിട നിർമാണം തുടങ്ങിയ പ്രവൃത്തികൾ നടത്താവുന്നതല്ല. സമയാസമയം നടപടികൾ കൈക്കൊള്ളുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഉണ്ടായ വീഴ്ച കാരണം കെട്ടിടങ്ങൾ ക്രമവത്കരണം നടത്തേണ്ടുന്ന പക്ഷം ആയിനത്തിലും, FAR നുള്ള അധിക ഫീസ്, അധിക പെർമിറ്റ് ഫീസ് തുടങ്ങിയ ഇനങ്ങളിലും പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവാനിടയുണ്ട്. ഇത്തരത്തിലുള്ള ചില കെട്ടിടങ്ങളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സീ-നം | അപേക്ഷകന്റെ പേര് | പെർമ്മിറ്റ് നം & തീയ്യതി | പെർമ്മിറ്റ് പ്രകാരം കെട്ടിടത്തിന്റെ അളവ്. | പെർമ്മിറ്റ് കാലാവധി അവസാനിച്ച തീയ്യതി. |
|---|---|---|---|---|
| 1 | മാത്യു ജേക്കബ്, ഡയറക്ടർ, മാർത്തോമ കോളേജ് | 7171/09 dt.6.10.2010 | 2254.58m2- കോളേജ് | 5.10.2013 |
| 2 | സി.എ അബൂബക്കർ | 10010/10 dt.9.12.2010 | 689.99m2- വാണിജ്യം | 8.12.2013 |
| 3 | ഫക്രുദീൻ കുഞ്ഞി | 647/11 dt 9.2.2011 | 541.80m2- സ്കൂൾ | 8.2.2014 |
| 4 | എം.എസ് മൊയ്തു. | 7956/10 dt.8.10.2010 | 584.33m2- ക്വാട്ടേഴ്സ് | 7.10.2013 |
| 5 | സി.എച്ച് ഗോവ്ന്ദഭട്ട് | 8623/10 dt.7.10.2010 | 302.47m2- വാണിജ്യം | 6.10.2013 |
| 6 | രാജേഷേ | 9402/10 dt.7.1.2011 | 359.47m2- വാണിജ്യം | 6.1.2014 |
| 7 | ഇ.കെ മുഹമ്മദ് | 9287/10 dt.14.1.2011 | 566.87m2-വാണിജ്യം | 13.1.2014 |
| 8 | മുഹമ്മദ് കുഞ്ഞി | 118/15-16 dt.16.1.2016 | 707.72m2-വാണിജ്യം | 15.1.2019 |
| 9 | പി അബ്ദുള്ളകുഞ്ഞി | 10/2012-13 dt.7.8.12 , renewed 6.8.15 | 1000.55m2-വാണിജ്യം | 5.8.2018 |

മേൽ അപാകതകൾക്ക് വിശദീകരണം നൽകുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറി നം- 24 തീയ്യതി 4-12-2019-ന് മറുപടി നല്കിയിട്ടില്ല. അപാകതകൾക്ക് വിശദമായ മറുപടി ഈ റിപ്പോർട്ടിന്റെ പ്രഥമ

മറുപടിയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

**<u>B)കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷകളിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നില്ല.</u>**

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണചട്ടങ്ങൾ 2011, ചട്ടം 15 പ്രകാരം കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം രേഖാ മൂലമായ ഉത്തരവ് വഴി സെക്രട്ടറി അനുമതി നൽകുകയോ അല്ലെങ്കിൽ 13 -ാം ചട്ടത്തിൽ സൂചിപ്പിച്ചിട്ടുള്ള കാരണങ്ങളാൽ നിരസിക്കുകയോ ചെയ്യേണ്ടതും, ആ വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തിലെ അപേക്ഷകൾ പരിശോധിച്ചതിൽ, ഭൂരിപക്ഷം അപേക്ഷകളിലും ചട്ട പ്രകാരമുള്ള സമയ പരിധിക്കുള്ളിൽ പെർമിറ്റ് അനുവദിക്കുകയോ, അപാകതകൾ/ നിരസിക്കുന്ന വിവരം അപേക്ഷകനെ അറിയിക്കുകയോ ചെയ്തിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം | ഫയൽ നമ്പർ | കെട്ടിട ഗണം | അപേക്ഷ ലഭിച്ച തിയ്യതി | പെർമിറ്റ് അനുവദിച്ച തിയ്യതി |
|---|---|---|---|---|
| 1 | 2133/04.04.2018 | ഗാർഹികം | 04.04.2018 | 14.11.2018 |
| 2 | 2101/ 3.4.2018 | ഗാർഹികം | 03.04.2018 | 29.06.2018 |
| 3 | 2336/12.4.2018 | ഗാർഹികം | 12.04.2018 | 06.06.2018 |
| 4 | 2507/24.4.2018 | ഗാർഹികം | 24.4.2018 | 20.08.2018 |
| 5 | 2626/30.4.2018 | ഗാർഹികം | 30.4.2018 | 08.08.2018 |
| 6 | 2452/21.4.2018 | ഗാർഹികം | 21.4.2018 | 09.08.2018 |
| 7 | 3393/4.6.2018 | ഗാർഹികം | 4.6.2018 | 30.08.2018 |
| 8 | 3435/6.6.2018 | ഗാർഹികം | 6.6.2018 | 10.10.2018 |
| 9 | 3416/5.6.2018 | ഗാർഹികം | 5.6.2018 | 27.09.2018 |
| 10 | 3535/11.6.2018 | ഗാർഹികം | 11.6.2018 | 05.09.2018 |
| 11 | 3563/13.6.2018 | ഗാർഹികം | 13.6.2018 | 25.09.2018 |
| 12 | 4329/13,7.2019 | ഗാർഹികം | 13.7.2018 | 17.10.2018 |

മേൽ അപാകതകൾക്ക് വിശദീകരണം നൽകുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറി നം- 20 തീയ്യതി 3-12-2019-ന് മറുപടി നല്കിയിട്ടില്ല. പെർമിറ്റ് അപേക്ഷകളിൻമേൽ നിശ്ചിത സമയപരിധിക്കകം നടപടി സ്വീകരിക്കേണ്ടതും തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.

# 1-13 മൊബൈൽ ടവറുകൾ അനുമതി ഇല്ലാതെ പ്രവർത്തിക്കുന്നു

വസ്തു നികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്വെയറിലെ വിവരങ്ങൾ പരിശോധിച്ചപ്പോൾ ഓഡിറ്റ് സമയം വരെ 15 മൊബൈൽ ടവറുകളാണ് അസസ്സ്മെന്റ് ചെയ്തിട്ടുള്ളത്, ഈ 15 ടവറുകളും 2013-14 വർഷങ്ങൾക്ക് മുൻപ് തന്നെ നികുതി നിർണയം നടത്തിയവയുമാണ്. 2013-14 വർഷത്തിനു ശേഷം 6 മൊബൈൽ ടവറുകൾക്ക് നിർമ്മാണാനുമതി പഞ്ചായത്ത് നല്കിയിട്ടുണ്ട്. വാർത്താവിനിമയ ഗോപുരങ്ങളുടെ പെർമിറ്റ് കാലാവധി ഒരു വർഷമാണ്. എന്നാൽ പെർമിറ്റിന്റെ കാലാവധി നീട്ടിക്കിട്ടുന്നതിന് അതിന്റെ

സാധുതാ കാലാവധിയിൽ തന്നെ അപേക്ഷിക്കുന്ന പക്ഷം, അസൽ പെർമിറ്റിന്റെ നിലവിലുള്ള ഫീസിന്റെ 50% ഈടാക്കി പെർമിറ്റ് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ ഒരു വർഷ കാലാവധിക്ക് ശേഷം ഈ ടവറുടമകൾ നിർമ്മാണാനുമതി പുതുക്കുകയോ, ടവറുകളുടെ കംപ്ലീഷൻ നല്കുകയോ ചെയ്തിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| സീ-നം | ഉടമസ്ഥന്റെ പേര്/ | പെർമിറ്റ് നം / ഫയൽ നം | പെർമിറ്റ് കാലാവധി തീയ്യതി |
|---|---|---|---|
| 1 | A.T.C Telecome tower co-, kaloor. | A3-908/15 dt.9.3.2015 | 8.3.2016 |
| 2 | Ascent Telecome infra- | 5605/17 dt.10.8.2017 | 9.8.2017 |
| 3 | Reliane JIO Infocom Ltd | 126133/ dt.25.6.2018 | 24.6.2019 |
| 4 | Reliane JIO Infocom Ltd | 126128/ dt.25.6.2018 | 24.6.2019 |
| 5 | Indus towers Ltd | SC3/BA249788/18 dt.23.10.2018 | 22.10.2019 |
| 6 | Reliane JIO Infocom Ltd | SC3/BA56414/19 dt.14.3.2019 | 13.3.2020 വരെ നിർമാണാനുമതിയുണ്ട്. |

മേൽ വിവരിച്ച 5 (സീ.നം-5വരെ) മൊബൈൽ ടവറുകളും നാളിതു വരെ നിയമാനുസൃതമായ അനുമതിയോ, കെട്ടിട നമ്പറോ ഇല്ലാതെയും, വസ്തു നികുതി അടവാക്കാതെയും പ്രവർത്തിച്ചു വരുന്നതായി കാണുന്നു. അനധികൃത നിർമാണങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്തി വരുന്ന രജിസ്റ്ററിലോ "സഞ്ചയ"സോഫ്റ്റ് വെയറിലോ മേൽ ടവറുകളുടെ വിവരവും, അവയിൽ നിന്നും നിലവിൽ നിയമാനുസൃതം ഈടാക്കേണ്ട മൂന്നിരട്ടി വസ്തു നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമല്ല. ആയതിനാൽ പെർമിറ്റ് നേടാതെയും,നമ്പറില്ലാതെയും വസ്തു നികുതി അടവാക്കാതെയും ഇത്തരത്തിൽ അനധികൃതമായിട്ടുള്ള മുഴുവൻ നിർമാണങ്ങൾക്കെതിരെയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം,സെക്ഷൻ 235 ഡബ്ല്യു, 2011 ലെ കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 20,137,138 പ്രകാരം തുടർ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്.

<u>മൊബൈൽ ടവറുകളുടെ അനുബന്ധമുറികളുടെ നിർമ്മാണത്തിന് പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല.</u>

പഞ്ചായത്ത് പരിധിയിൽ മൊബൈൽ ടവർ നിർമ്മാണത്തിനായി പെർമിറ്റ് അനുവദിക്കുമ്പോൾ പെർമിറ്റ് ഫീസ് 10,000/-, അപേക്ഷാ ഫീസ് 1000/-, മൊബൈൽ ടവറുകളുടെ Pole structure ന്റെ നിർമ്മാണത്തിന് (ഉണ്ടെങ്കിൽ മാത്രം) 2,500/- , മൊബൈൽ ടവറുകളുടെ അനുബന്ധമുറികളുടെ നിർമ്മാണത്തിന് പ്രത്യേകം അപേക്ഷാ ഫീസ് വേണ്ട എന്നാൽ പെർമിറ്റ് ഫീസ് ഒരു യഥാർത്ഥ കെട്ടിടത്തിന് ബാധകമായ രീതിയിൽ ഈടാക്കേണ്ടതാണ്. (2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം). എന്നാൽ മൊബൈൽ ടവറുകളുടെ അനുബന്ധമുറികളുടെ നിർമ്മാണത്തിന് പെർമിറ്റ് ഫീസ് ഈടാക്കിയതായി കാണുന്നില്ല. (ഓഡിറ്റ് എൻക്വയറി നം- 3 തീയ്യതി 27-11-2019).

## 1-14 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ-ഭേദഗതി പ്രകാരമുള്ള പുതുക്കിയ ഫീസ് നിരക്ക് പ്രാബല്യത്തിൽ വരുത്തുന്നതിൽ കാലതാമസം

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിരുന്നു. 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള ഫീസ് നിരക്ക് ഗ്രാമപഞ്ചായത്ത് 2018-19 ഓഡിറ്റ് സമയം വരെ നടപ്പിലാക്കിയിട്ടില്ല. ഇത് കാരണം 2018-19 സാമ്പത്തിക വർഷത്തെ ലൈസൻസിനായി സമയബന്ധിതമായി അപേക്ഷ സമർപ്പിച്ചിട്ടുള്ള സ്ഥാപനമുടമകളിൽ നിന്ന് പുതുക്കിയ നിരക്കിൽ ഫീസ് ഈടാക്കാൻ സാധിച്ചിട്ടില്ല. 2018-19 വർഷം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കിയിട്ടുള്ളത്. സർക്കാർ നിർദ്ദേശം പാലിക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം-9തീയ്യതി 1-12-2019.).

# 1-15 വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളി/ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഡി.ആന്റ് ഒ. രജിസ്റ്റർ പ്രകാരം 2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ 635ട്രേഡിംഗ് സ്ഥാപനങ്ങളുണ്ട്. അവയിൽ നിന്നും അർദ്ധ വാർഷിക വരുമാന പത്രിക അടിസ്ഥാനമാക്കാതെ, ലഭിക്കുന്ന 630 സ്ഥാപന തൊഴിൽ നികുതി വരവിലെടുത്തിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ നിന്ന് തൊഴിലാളികളുടെ/ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല. നല്ല തോതിൽ വ്യാപാരം നടക്കുന്ന പ്രമുഖ സ്ഥാപനങ്ങളിൽ നിന്ന് പോലും തൊഴിലാളികളുടെ/ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഉദാ-

| ലൈസൻസ് നം | അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ആകെ ജീവനക്കാരുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|
| 249 | 3ജീവനക്കാർ | തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ഓരോ സ്ഥാപനത്തിലേയും ഒരു ജീവനക്കാരന്റെ തൊഴിൽ നികുതി മാത്രമെ ഈടാക്കിയിട്ടുള്ളൂ. |
| 244 | 5ജീവനക്കാർ | |
| 237 | 5ജീവനക്കാർ | |
| 236 | 5ജീവനക്കാർ | |
| 384 | 5 ജീവനക്കാർ | |
| 326 | 43ജീവനക്കാർ | |

കേരള സംസ്ഥാന തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ച (GO(P) No.149/2016/LBR dt. 3-9-2016) മിനിമം വേതന നിരക്ക് പ്രകാരം ഓഡിറ്റ് വർഷം വ്യാപാര സ്ഥാപനങ്ങളിലെയും ഷോപ്പുകളിലേയും ഏറ്റവും താഴെയുള്ള ഗ്രേഡ് -ഇ. ജീവനക്കാരന്റെ മിനിമം വേതനം പ്രതിമാസം 8280 രൂപയായിരുന്നു. ആയത്

പ്രകാരം ഒരു ജീവനക്കാരന്റെ അർദ്ധ വാർഷിക വരുമാനം (8280x6) (മറ്റ് നിയമാനുസൃത ആനുകൂല്യങ്ങളൊന്നും പരിഗണിക്കാതെ) 49680 രൂപയാണ്. ജീവനക്കാരന്റെ ഏറ്റവും കുറഞ്ഞ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി 450 രൂപയും. ഒരു സ്ഥാപനത്തിൽ ഏറ്റവും ചുരുങ്ങിയത് ശരാശരി 2 ജീവനക്കാരെങ്കിലും തൊഴിലെടുക്കുന്നുവെന്ന് കരുതാവുന്നതാണ്. ആകെയുള്ള 635 സ്ഥാപനങ്ങളിൽ 5എണ്ണം തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടത് ഒഴിവാക്കിയാൽ ശേഷിക്കുന്ന 630 സ്ഥാപനങ്ങളിലായി 1260 തൊഴിലാളികളിൽ നിന്ന് രണ്ട് അർദ്ധ വർഷങ്ങളിലായി ഏറ്റവും കുറഞ്ഞത് 11,34,000/-രൂപ (1260x450x2) തൊഴിൽ നികുതി ഈടാക്കാൻ സാധിക്കുമെങ്കിലും ഇപ്രകാരം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന്, അപേക്ഷകളിൽ രേഖപ്പെടുത്തിയ മുഴുവൻ ജീവനക്കാരുടേയും അർദ്ധവാർഷിക വരുമാനം ഉൾപ്പെടുത്തി റിട്ടേൺ സമർപ്പിക്കുകയോ തൊഴിൽ നികുതി അടവാക്കുകയോ ചെയ്തിട്ടില്ല. തനത് ഫണ്ട് വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന ഈ സാധ്യത ഉപയോഗപ്പെടുത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും നടപടികളുണ്ടായതായും കാണുന്നില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നിയമാനുസൃത മാർഗ്ഗത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-16 വസ്തു നികുതി -നികുതി ഒടുക്കേണ്ട എല്ലാ കെട്ടിടങ്ങളും ഡിമാന്റിൽ ഉൾപ്പെട്ടോയെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

സ്ഥാപനത്തിലെ നികുതി അടക്കാൻ ബാധ്യസ്ഥമായ എല്ലാ കെട്ടിടങ്ങളും നികുതി പരിധിയിൽ വന്നുവെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കണക്കുകളിലെ വിവിധ തലങ്ങളിലുള്ള പൊരുത്തക്കേടുകളും മറ്റ് അപാകതകളും ഇത് വ്യക്തമാക്കുന്നു.വിശദാംശം താഴെ കൊടുക്കുന്നു.

<u>1.രേഖകളില്ലാത്തതിനാൽ കണക്കുകളുടെ പൊരുത്തം പരിശോധിക്കാനാകുന്നില്ല.</u>

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഓഡിറ്റ് വർഷത്തിൽ ആകെ 16194 ഡിമാന്റുകളാണുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2013-14 വർഷം മുതൽ കെട്ടിട നികുതിയുടെ അസസ് മെന്റ്, ഡിമാന്റ് കലക്ഷൻ എന്നിവ സഞ്ചയ സോഫ്റ്റ് വെയർ മുഖേനയാണ് ചെയ്തു വരുന്നത്. സ്ഥാപനത്തിൽ അവസാനമായി തയ്യാറാക്കിയതും ഓഡിറ്റ് സാക്ഷ്യപ്പെടുത്തിയതുമായ ഡിമാന്റ് രജിസ്റ്റർ 2012-13 വർഷത്തേതാണ്. ഈ ഡിമാന്റ് രജിസ്റ്റർ പ്രകാരം 13320നികുതി ഡിമാന്റുകൾ സ്ഥാപനത്തിലുണ്ടായിരുന്നു. സ്ഥാപനത്തിൽ പരിപാലിച്ചുപോന്ന ന്യൂ ബിൽഡിംഗ് കൺട്രക്ഷൻ രജിസ്റ്റർ പരിശോധിച്ചാൽ 2013-14 മുതൽ 2018-19 വരെയുള്ള കാലയളവിൽ ആകെ നിർമ്മിക്കപ്പെട്ട പുതിയ കെട്ടിടങ്ങൾ എത്രയെന്ന് കണ്ടെത്താവുന്നതും ഇതു പ്രകാരം നിലവിലുണ്ടാകേണ്ട ആകെ ഡിമാന്റ് എത്രയെന്ന് തിട്ടപ്പെടുത്താവുന്നതുമായിരുന്നു. എന്നാൽ 2013-14 മുതലുള്ള രജിസ്റ്റർ ഹാജരാക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റിന്റെ കൃത്യത മേൽ രജിസ്റ്ററിന്റെ അഭാവത്തിൽ ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

<u>2. പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകളില്ല. അനധികൃത നിർമ്മാണ സാധ്യത നിരീക്ഷിക്കുന്നില്ല.</u>

സ്ഥാപനത്തിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ പുതുക്കുമ്പോഴോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല(ചില പെർമിറ്റുകളുടെ കാര്യത്തിൽ മാത്രം പൂർത്തീകരണം രേഖപ്പെടുത്തിയിട്ടുണ്ട്). ഇതുകൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണവിധേയമാക്കാനോ അനധികൃത നിർമ്മാണമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാനോ കഴിയുന്നില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും

പൂർത്തീകരണ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കണമെന്നില്ല. എന്നാൽ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം പഴയനിരക്കിൽ കണക്കാക്കിയ നികുതിക്കു പകരം കെട്ടിടത്തിനു മുഴുവൻ പുതിയ നിരക്കിൽ നികുതി കണക്കാക്കി ഈടാക്കാനുള്ള സാധ്യതയുണ്ടാകുന്നു. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്കു ശേഷം സൈറ്റ് പരിശോധന നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താനാവുക. രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ഇത്തരം പരിശോധന നടത്തപ്പെടാത്തത് നികുതി ഇനത്തിൽ വൻതുക സ്ഥാപനത്തിന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയുമാണ്.

**<u>3.നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല.</u>**

2011-ലെ കേരള പഞ്ചായത്ത് രാജ് - വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ ഫോറം നമ്പർ 10 ൽ ഉള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം നിയമാനുസൃതമല്ല എന്ന് സൂചിപ്പിക്കുന്ന യു.എ എന്ന് ചേർത്ത് പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയ വർഷം കണ്ടെത്തി നമ്പർ അനുവദിക്കേണ്ടതാണ്.ഇപ്രകാരം അനുവദിക്കപ്പെട്ട യു.എ(അൺ ഓതറൈസ്ഡ്) നമ്പർ മറ്റ് യാതൊരു ആവശ്യങ്ങൾക്കും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു. ഇപ്രകാരം നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളിൽ നിന്നും നിയമപ്രകാരമുള്ള കെട്ടിട നികുതിയും അതിന്റെ 2 ഇരട്ടിയും കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കി ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ 4 വാണിജ്യ കെട്ടിടങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി നികുതി ഈടാക്കുന്നില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം- 26 തീയതി 4-12-2019).

*മേൽ അപാകതകൾ ഒഴിവാക്കുന്നതിനായി താഴെ പറയുന്ന പരിഹാരനടപടികൾ അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.*

1)സ്ഥാപനപരിധിയിൽ നിർമ്മിക്കപ്പെട്ട മുഴുവൻ കെട്ടിടങ്ങളും ഡിമാന്റിലോ, നിയമവിധേയമല്ലാത്തവ അനധികൃത നിർമ്മാണത്തിന്റെ രജിസ്റ്ററിലോ ഉൾപ്പെടുത്തുന്നതിനായി ഓരോ വാർഡിലും വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെ ഉപയോഗപ്പെടുത്തി വിശദമായ പരിശോധന നടത്തേണ്ടതാണ്. പരിശോധനയിൽ കണ്ടെത്തുന്ന കണക്കിൽ പെടാത്ത കെട്ടിടങ്ങളും കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലുകളും റഗുലറൈസ് ചെയ്യാൻ പറ്റുന്നവ അപ്രകാരം ചെയ്ത് ഡിമാന്റിലും അല്ലാത്തവ അനധികൃതനിർമ്മാണത്തിന്റെ രജിസ്റ്ററിലും ഉൾപ്പെടുത്തേണ്ടതാണ്. പരിശോധനയിൽ പഴയകെട്ടിടങ്ങളുടെ അസസ് മെന്റിലെ വിവരങ്ങളുമായി നിലവിലെ അവസ്ഥ താരതമ്യം ചെയ്യേണ്ടതും കൂട്ടിച്ചേർക്കലുകളുണ്ടെങ്കിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2) മേൽ പരിശോധനാ ഫലവും നാളിതുവരെയുള്ള ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്ററും അടിസ്ഥാനപ്പെടുത്തി പെർമിറ്റ് രജിസ്റ്റർ കാലികമാക്കി മാറ്റേണ്ടതും, കാലാവധിക്കുള്ളിൽ പൂർത്തീകരണ വിവരമോ പുതുക്കലോ ഇല്ലാത്ത പെർമിറ്റുകളുടെ നിജസ്ഥിതി ഇനി മുതൽ പരിശോധിച്ച്, ആവശ്യമുള്ളവയുടെ കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

3)അനധികൃതനിർമ്മാണം റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഫീൽഡ് സ്റ്റാഫിന് നിശ്ചയിച്ചു നല്കിയത് അതനുസരിച്ച് അവർ കൃത്യനിർവ്വഹണം നടത്തുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥനും സ്ററാന്റിംഗ് കമ്മിറ്റിയും ഉറപ്പുവരുത്തേണ്ടതുമാണ്.

4)ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കേണ്ടതും, ആവശ്യമായ വിലയിരുത്തലുകളും നിർദ്ദേശങ്ങളും ഇടപെടലുകളും പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിൽ നല്കേണ്ടതു/

നടത്തേണ്ടതുമാണ്.

5)വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ കെട്ടിടം പരിശോധിച്ച് തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നികുതിനിർണ്ണയ വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തി തുക നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ വിശദമായ റിപ്പോർട്ടും, ഇതിന്റെ ഫലമായി നികുതി വരുമാനത്തിൽ വന്ന വർദ്ധനവിന്റെ വിവരവും ലഭ്യമാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

# 1-17 ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

തൻ വർഷം ഇ-ടെണ്ടർ മുഖേന ഗ്രാമ പഞ്ചായത്ത് ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില്പനയിലൂടെ ലഭിക്കുന്ന തുകകൾ കാസറഗോഡ് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് വരവ് വന്നിരിക്കുന്നത്. ഈ ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭിക്കാനുള്ള തുകയുടെ കൃത്യമായ കണക്ക് പഞ്ചായത്തിൻ ലഭ്യമല്ല. ഓഡിറ്റ് റിക്വസിഷൻ നം 8 തീയതി 02.12.2019 പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ നടത്തിയ മരാമത്ത് പ്രവൃത്തികളുടെ എണ്ണം, ടെണ്ടർ ഫോറം വിലയായ് ലഭിക്കാനുള്ള തുകയുടെ വിവരം എന്നിവ ലഭ്യമാക്കുവാൻ നിർവഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നെങ്കിലും വിവരം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടെണ്ടർ ഫോറം വിലയിനത്തിൽ ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭിക്കാനുള്ള തുകയുടെ കൃത്യമായ കണക്ക് തയ്യാറാക്കി ലഭിക്കാനുള്ള തുക ലഭ്യമാക്കേണ്ടതാണ്.

# 1-18 പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന് 2.01 കോടി രുപ വിനിയോഗിക്കാൻ സാധിച്ചില്ല.

വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനായി 2018-2019 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് സംസ്ഥാന സർക്കാരിൽനിന്നും വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ആകെ 7.75 കോടി രൂപ (₹ 77595951/-) അനുവദിച്ചിട്ടുണ്ട്. ഇതിൽ 5.74കോടി രൂപ (₹ 57431942/-) മാത്രമാണ് ഗ്രാമ പഞ്ചായത്ത് തൻവർഷം വിനിയോഗിച്ചത്. സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കാത്തതിനാൽ 1.99 കോടി രൂപ (₹ 20164009/-) വിനിയോഗിക്കാൻ സാധിച്ചില്ല. അതായത് വികസന പ്രവർത്തനങ്ങൾക്ക് ഗ്രാമ പഞ്ചായത്തിന് തൻവർഷം അനുവദിച്ച തുകയുടെ 26% തുകയും ചെലവ് ചെയ്യാത്തതിനാൽ ലാപ്സാവുകയാണുണ്ടായത് (ഫണ്ട് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു).

| ഫണ്ടിനം | അനുവദിച്ച തുക | വിനിയോഗിച്ച തുക | ലാപ്സായ തുക | വിനിയോഗ ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 28500951 | 19664036 | 8836915 | 68.99 |
| വികസനഫണ്ട് എസ്.സി.പി | 9981000 | 7601937 | 2379063 | 76.16 |
| വികസഫണ്ട് ടി.എസ്.പി | 7303000 | 5175273 | 2127727 | 70.86 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 11057000 | 7653385 | 3403615 | 69.21 |

| | | | | |
|---|---|---|---|---|
| സംരക്ഷണഗ്രാന്റ് -റോഡ് | 14815000 | 12384267 | 2430733 | 83.59 |
| സംരക്ഷണ ഗ്രാന്റ്-നോൺറോഡ് | 5939000 | 4953044 | 985956 | 83.40 |
| ആകെ | 77595951 | 57431942 | 20164009 | 74.01 |

2018-19 സാമ്പത്തിക വർഷം ആകെ 308 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 178 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. അതായത് അംഗീകാരം ലഭിച്ച പദ്ധതികളുടെ 57.79% മാത്രമാണ് നടപ്പിലാക്കിയത്. അസിസ്റ്റന്റ് എഞ്ചിനിയർ, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, പ്രധാനാധ്യാപകൻ, എന്നീ നിർവ്വഹണോദ്യോഗസ്ഥന്മാർ തൻവർഷം നടപ്പാക്കുവാനുണ്ടായിരുന്ന പദ്ധതികളിൽ ഭൂരിഭാഗവും നടപ്പാക്കിയിട്ടില്ല. വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2017-18 വർഷ ത്തിൽ നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | 2017-18 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം | നടപ്പാക്കിയ പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | | |
| 1 | അസിസ്റ്റന്റ് എഞ്ചിനിയർ | 234 | 73134839 | 135 | 36244583 | 49.56 | 57.69 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 12 | 2632000 | 3 | 942475 | 35.81 | 25.00 |
| 3 | സെക്രട്ടറി | 19 | 7012363 | 5 | 927053 | 13.22 | 26.32 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 8 | 108627625 | 6 | 39823870 | 36.66 | 75 |
| 5 | വെറ്റനറി സർജ്ജൻ | 3 | 1996050 | 3 | 942500 | 47.22 | 100 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 7876420 | 6 | 3221520 | 40.90 | 75 |
| 7 | പ്രധാനാധ്യാപകൻ | 10 | 4530000 | 6 | 2626395 | 57.98 | 60 |
| 8 | കൃഷി ഓഫീസർ | 7 | 6557130 | 7 | 4646654 | 70.86 | 100 |
| 9 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 650000 | 1 | 650000 | 100 | 100 |
| 10 | മെഡിക്കൽ ഓഫീസർ PHC | 3 | 991477 | 3 | 953141 | 96.13 | 100 |
| 11 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 2 | 656775 | 2 | 626701 | 95.42 | 100 |
| 12 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 250000 | 1 | 250000 | 100 | 100 |
| | ആകെ | 308 | 214914679 | 178 | 91854892 | 42.74 | 57.79 |

നിർവ്വഹണോദ്യോഗസ്ഥന്മാരായ സെക്രട്ടറി തൻവർഷം വകയിരുത്തിയ തുകയുടെ 26.32% മാത്രമാണ് ചെലവഴിച്ചത്, തൻവർഷം നിർവ്വഹണത്തിനുണ്ടായിരുന്ന 19പ്രൊജക്ടുകളിൽ 5 പ്രൊജക്ടുകൾ മാത്രമാണ് സെക്രട്ടറി നടപ്പാക്കിയത്. തൻവർഷം വകയിരുത്തിയ തുകയുടെ 49.56% മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ ചെലവഴിച്ചത്. 234 (103 പുതിയ പദ്ധതികളും 131 സ്പിൽ ഓവർ പദ്ധതികളും) പ്രൊജക്ടുകളാണ് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണത്തിനുണ്ടായിരുന്നത്, ഇതിൽ 135 (56 പുതിയ പദ്ധതികളും 79 സ്പിൽ ഓവർ പദ്ധതികളും) തൻവർഷം നടപ്പാക്കിയത്.

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റൻറ് എഞ്ചിനിയറുടെ കാര്യാലയത്തിൽ നിന്നും ലഭ്യമായ വിവരം പ്രകാരം 2018-19 വർഷത്തെ ജീവനക്കാരുടെ വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനിയർ | 1 | 2018-19 സാമ്പത്തിക വർഷം മുഴുവൻ കാലയളവിലും ഗ്രാമ പഞ്ചായത്തിൽ ഒരു മുഴുവൻ സമയ അസിസ്റ്റന്റ് എഞ്ചിനിയറുടെ സേവനം ലഭ്യമായിട്ടില്ല. കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനിയർക്ക് അധിക ചുമതലയും ബദിയഡുക്ക ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനിയർക്ക് അധിക ചുമതലയുമായിരുന്നു. |
| 2 | ഓവർസിയർ ഗ്രേഡ്-3 | 2 | ഒരു ഓവർസിയർ ഗ്രേഡ്-3 തസ്തിക 27.06.2018 മുതൽ മുതൽ 15.09.2018വരെ ഒഴിഞ്ഞുകിടന്നിരുന്നു. |

പരിമിതമായ ജീവനക്കാരെവെച്ചാണ് തൻവർഷം പൊതുമരാമത്ത് മേഖലയിൽ പദ്ധതികൾ നടപ്പിലാക്കിയത്. ജീവനക്കാരുടെ കുറവും ഈ മേഖലയിലെ പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിച്ചു. മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും പൂർത്തീകരിച്ചത് മാർച്ച് മാസത്തിലാണ്. സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ സമർപ്പിച്ച 45 മരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ (68,87,057/-രൂപയുടെ ബില്ലുകൾ) 'ക്യൂ' ആയതും കുറഞ്ഞ ചെലവിനുകാരണമായി. വൻതുക ലാപ്സായത് എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തപ്പോൾ പഞ്ചായത്തിൽ ഏറ്റവുമധികം പദ്ധതികൾ നിർവ്വഹണം നടത്തേണ്ടിയിരുന്ന അസിസ്റ്റന്റ് എഞ്ചിനിയറുടെ തസ്തികയിൽ ഒരു ഫുൾ ടൈം എഞ്ചിനിയറുടെ സേവനം ലഭ്യമല്ലാത്തതും ഓവർസിയറുടെ തസ്തിക രണ്ടരമാസത്തിലേറെ ഒഴിഞ്ഞുകിടന്നതും പദ്ധതി പണം ചെലവഴിക്കുന്നതിന് തടസ്സമായി എന്ന് പ്രസിഡന്റ് അറിയിക്കുകയുണ്ടായി.

ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് വികസന ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്താമായിരുന്ന തുകയാണ് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത ഇല്ലായ്മയും വേഗതക്കുറവും കാരണം നഷ്ടപ്പെടാനിടയായത്. ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്ന ഓരോ പദ്ധതികളും ഫലപ്രദമായി നടപ്പാക്കുന്നത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. പദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമത ഇല്ലായ്മ ജനങ്ങളെ ഗ്രാമ സഭകളിൽ നിന്നും, ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്നും പിന്നോട്ട് നിൽക്കുന്നതിന് കാരണമാകുന്നതാണ്. ജനങ്ങളുടെ സഹകരണത്തോടെ ഗ്രാമ സഭകളും വർക്കിങ് ഗ്രൂപ്പുകളുമൊക്കെ ഫലപ്രദമായി ഉപയോഗപ്പടുത്തി ലഭ്യമായ ഫണ്ടുകൾ മുഴുവൻ വികസന പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സർക്കാർ ഉത്തരവുകൾക്കും

നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രൊജക്ടുകൾ സമയബന്ധിതമായി രൂപീകരിച്ച് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും, നിർവ്വഹണോദ്യോഗസ്ഥന്മാരും, ജീവനക്കാരും ഒത്തൊരുമിച്ച് പ്രവൃത്തിച്ച് പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്.

# 1-19 വാർഡ് അടിസ്ഥാനത്തിൽ മരാമത്ത് പദ്ധതികൾ ആസൂത്രണം ചെയ്യുന്നു-മരാമത്ത് പ്രവൃത്തികളുടെ ബാഹുല്യം നിർവ്വഹണത്തെയും നടപടിക്രമങ്ങളെയും ബാധിക്കുന്നു.

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ നിർവ്വഹണദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയർക്ക് 7,31,34,839/- രൂപ ആകെ പദ്ധതി അടങ്കലുള്ള 234 (103 പുതിയ പദ്ധതികളും 131 സ്പിൽ ഓവർ പദ്ധതികളും) പ്രൊജക്ടുകളാണ് നിർവഹിക്കാനുണ്ടായിരുന്നത്. ഇതിൽ 135 (56 പുതിയ പദ്ധതികളും 79 സ്പിൽ ഓവർ പദ്ധതികളും) പദ്ധതികളാണ് തൻവർഷം അസിസ്റ്റൻറ് എഞ്ചിനയർ നിർവ്വഹണം നടത്തിയത്. 131 പൊതുമരാമത്ത് പ്രവൃത്തികൾക്കായി 3,62,44,583/- രൂപയാണ് നിർവ്വഹണോദ്യോഗസ്ഥൻ ചെലവഴിച്ചത്. അതായത് ആകെ അടങ്കലിന്റെ 49.56% തുക ചെലവഴിച്ചു.

ഓഡിറ്റ് വർഷം (ക്യാഷ് ബുക്കിലെ വിവരം പ്രകാരം) അസിസ്റ്റൻറ് എഞ്ചിനിയർ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| മാസം | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം |
|---|---|
| 4/2018 | 0 |
| 5/2018 | 44 |
| 6/2018 | 0 |
| 7/2018 | 0 |
| 8/2018 | 3 |
| 9/2018 | 0 |
| 10/2018 | 0 |
| 11/2018 | 2 |
| 12/2018 | 19 |
| 1/2019 | 11 |
| 2/2019 | 0 |
| 3/2019* | 56 |
| ആകെ | 135 |

*3/2019 ൽ പൂർത്തീകരിച്ച 45 മരാമത്ത് പ്രവൃത്തികളുടെ 'ക്യു' ബില്ലുകൾ കൂടി പരിഗണിച്ചാൽ മാർച്ച് മാസത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം 101 ആകും.

2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ ആകെ പദ്ധതി ചെലവിൻറെ 39.45% തുകയും ചെലവഴിച്ചത് അസിസ്റ്റന്റ് എഞ്ചിനിയറാണ്. ഗ്രാമപഞ്ചായത്തിലെ അസിസ്റ്റൻറ് എഞ്ചിനിയറുടെ കാര്യാലയത്തിലെ 2018-19 വർഷത്തെ ജീവനക്കാരുടെ വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനിയർ | 1 | 2018-19 സാമ്പത്തിക വർഷം മുഴുവൻ കാലയളവിലും ഗ്രാമ പഞ്ചായത്തിൽ ഒരു മുഴുവൻ സമയ അസിസ്റ്റന്റ് എഞ്ചിനിയറുടെ |

| | | | |
|---|---|---|---|
| | | | സേവനം ലഭ്യമായിട്ടില്ല. കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനിയർക്ക് അധിക ചുമതലയും ബദിയഡുക്ക ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനിയർക്ക് അധിക ചുമതലയുമായിരുന്നു. |
| 2 | ഓവർസിയർ ഗ്രേഡ്-3 | 2 | ഒരു ഓവർസിയർ ഗ്രേഡ്-3 തസ്തിക 27.06.2018 മുതൽ മുതൽ 15.09.2018വരെ ഒഴിഞ്ഞുകിടന്നിരുന്നു. |

പരിമിതമായ ജീവനക്കാരെവെച്ചാണ് തൻവർഷം പൊതുമരാമത്ത് മേഖലയിൽ പദ്ധതികൾ നടപ്പിലാക്കിയത്. പദ്ധതികളുടെ ബാഹുല്യവും ജീവനക്കാരുടെ കുറവും പദ്ധതി നിർവ്വഹണത്തിൽ പല അപാകതകൾക്കും കാരണമായിട്ടുണ്ട്. നടപടിക്രമങ്ങളിലെ ചില വീഴ്ചകൾ ചുവടെ ചേർക്കുന്നു.

1.വർക്ക് ഫയലിൽ അനുബന്ധ രേഖകൾ ഇല്ല.

പദ്ധതികളുടെ ബാഹുല്യം കാരണം പല ആവശ്യരേഖകളും വർക്ക് ഫയലിൽ സൂക്ഷിച്ചിട്ടില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ വർക്ക് ഫയലിൽ എസ്റ്റിമേറ്റിനൊപ്പം സൂക്ഷിക്കേണ്ട ഡാറ്റ ഒരു ഫയലിലും ഇല്ല. മിക്ക ഫയലുകളിലും കരാറുമായി/ഗുണഭോക്തൃകമ്മിറ്റിയുടെ കൺവീനർമാരുമായി നിർവഹണോദ്യോഗസ്ഥൻ ഏർപ്പെട്ട കരാറുടമ്പടി അപൂർണ്ണമാണ്. (ഉദാഹരണത്തിന് പെർഡാല എൻ.എച്ച്.എസ് റോഡ് റീടാറിംഗ് -പ്രൊജക്ട് നം260/19, വിദ്യാഗിരി മാടത്തഡ്ക്ക റോഡ് കോൺക്രീറ്റ്-പ്രൊജക്ട് നം 69/19, കടമനെ മാടത്തഡ്ക്ക മുചിർകാവ് കാന്തിമാർ ടാറിംഗ് -പ്രൊജക്ട് നം54/19). കരാറുകാർ സമർപ്പിച്ച ടെണ്ടർ ഫോറത്തിൽ ഓഫീസ് ഉപയോഗത്തിനായുള്ള ഭാഗം നിർവഹണോദ്യോഗസ്ഥൻ പൂരിപ്പിച്ച് വയ്ക്കുന്നില്ല. കരാറുകാർ സ്വന്തം ചെലവിൽ ടാർ വാങ്ങി ചെയ്ത ചില റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയലിൽ കരാറുകാരൻ വാങ്ങിയ ടാറിന്റെയും എമൽഷന്റെയും ബില്ലുകൾ ഉൾപ്പെടുത്തിയിട്ടില്ല (ഉദാഹരണത്തിന് ബീജന്തഡ്ക്ക കടപ്പ് റോഡ് ടാറിംഗ് -പ്രൊജക്ട് നം280/19, ഉക്കിനടുക്ക കങ്കില റോഡ് ടാറിംഗ് -പ്രൊജക്ട് നം257/19, ഉക്കിനടുക്ക കങ്കില റോഡ് ടാറിംഗ് -പ്രൊജക്ട് നം 86/19, വിദ്യാഗിരി മാടത്തഡ്ക്ക റോഡ് കോൺക്രീറ്റ്-പ്രൊജക്ട് നം 69/19, കടമനെ മാടത്തഡ്ക്ക മുചിർകാവ് കാന്തിമാർ ടാറിംഗ് -പ്രൊജക്ട് നം54/19)

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13(6) പ്രകാരം ഗുണഭോക്തൃകമ്മിറ്റികൾ നടപ്പാക്കിയ പ്രവൃത്തികൾ പൂർത്തികരിച്ചയുടനെ ഗുണഭോക്തൃകമ്മിറ്റിയുടെ വരവ്-ചെലവ് കണക്കുകൾ പഞ്ചായത്തിന് നൽകേണ്ടതാണ്. എന്നാൽ ഗുണഭോക്തൃകമ്മിറ്റികൾ ഏറ്റെടുത്ത് നടപ്പാക്കിയ പല പ്രവൃത്തികളുടെയും വരവ്-ചെലവ് കണക്കുകളും സബ് വൗച്ചറുകളും വർക്ക് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്തൃകമ്മിറ്റികൾ ഏറ്റെടുത്ത് നടപ്പാക്കിയ പ്രവൃത്തിക്കായ് സാധന സാമഗ്രികൾ വാങ്ങിയതിന്റ ബില്ല്, തൊഴിലാളികൾക്ക് വേതനം നൽയതിന്റെ മസ്റ്റർ റോൾ തുടങ്ങിയവ വർക്ക് ഫയലിൽ ലഭ്യമല്ല. (ഉദാഹരണത്തിന് നീർച്ചാല് വെറ്റിനറി സബ് സെന്റർ മെയിന്റനൻസ് -പ്രൊജക്ട് നം 302/19, മജീർപള്ളക്കട്ട അങ്കണവാടി മെയിന്റനൻസ് -പ്രൊജക്ട് നം 313/19, മാന്യ ശക്തിനഗർ അങ്കണവാടി മെയിന്റനൻസ് -പ്രൊജക്ട് നം 315/19).

2. പദ്ധതികളിൽ ഭൂരിഭാഗം പൂർത്തീകരിച്ചത് മാർച്ച് മാസത്തിലാണ്. പദ്ധതി നിർവഹണം അവസാന മാസങ്ങളിലേക്ക് നീട്ടി കൊണ്ടു പോയത് പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തൽ ചെക്ക് മെഷർമെൻറ് ചെയ്യൽ എന്നിവയെ സാരമായി ബാധിക്കും. പദ്ധതികളുടെ ബാഹുല്യവും സാമ്പത്തിക വർഷാവസാനം പ്രവൃത്തികൾ തിരക്കിട്ട് നടപ്പാക്കിയതും പ്രവൃത്തികളുടെ കൃത്യമായ വിലയിരുത്തൽ നടത്താതെ അളവ് രേഖപ്പെടുത്തൽ, ചെക്ക് മെഷർമെൻറ് ചെയ്യൽ എന്നിവ നടത്തുന്നതിന് ഇടയാക്കും. സാമ്പത്തിക വർഷവസാനം പദ്ധതികൾ തിരക്കിട്ട് നടപ്പാക്കുന്നത് പ്രവൃത്തികളുടെ ഗുണ നിലവാരത്തെയും ബാധിക്കും. പദ്ധതി നിർവഹണം അവസാന മാസങ്ങളിലേക്ക് നീട്ടി കൊണ്ടു പോയത് സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ സമർപ്പിച്ച 45 മരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ (68,87,057/-രൂപയുടെ ബില്ലുകൾ) 'ക്യൂ' ആകാനും ഇടയായി. കൂടാതെ പദ്ധതികളുടെ ബാഹുല്യം മതിയായ സ്ഥല പരിശോധന കൂടാതെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിന് ഇടയാക്കും.

3. പദ്ധതികളുടെ മോണിറ്ററിംഗ് പദ്ധതി മാർഗ്ഗ രേഖയിലെ നിർദ്ദേശാനുസരണം നടത്തുന്നില്ല. 2018-19 വർഷം നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെയൊന്നുംതന്നെ മോണിറ്ററിംഗ് നടത്തിയിട്ടില്ല. 29.01.2018ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 11/2018/തസ്വഭവ പ്രകാരം പദ്ധതികളുടെ മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകളാണ് നിർവഹിക്കേണ്ടത്. പൊതുമരാമത്ത് മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പാണ് മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തേണ്ടത്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ മേൽനോട്ടം വഹിക്കേണ്ടത്. മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനർ, മറ്റ് അംഗങ്ങൾ എന്നിവരടങ്ങിയ സമിതിയാണ് മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കേണ്ടത്. പദ്ധതികളുടെ ബാഹുല്യവും സാമ്പത്തിക വർഷാവസാനം പ്രവൃത്തികൾ തിരക്കിട്ട് നടപ്പാക്കിയതും പ്രവൃത്തികളുടെ കൃത്യമായ വിലയിരുത്തലിനും മോണിറ്ററിംഗിനും തടസ്സമായി.

4.ആസ്തികൾ കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നില്ല.

2018-2019 വർഷം പുതുതായ് സൃഷ്ടിച്ച ആസ്തികളൊന്നും തന്നെ സചിത്ര സോഫ്റ്റ്വെയറിൽ തയ്യാറാക്കുന്ന ആസ്തിരജിസ്റ്ററിൽ ചേർത്തിട്ടില്ല. പദ്ധതികളുടെ ബാഹുല്യവും സാമ്പത്തിക വർഷാവസാനം പ്രവൃത്തികൾ കൂട്ടത്തോടെ പൂർത്തീകരിച്ചതും ആസ്തികൾ കൃത്യമായി അക്കൗണ്ട് ചെയ്യുന്നതിന് തടസ്സമായി. മരാമത്ത് പ്രവൃത്തികളുടെ പദ്ധതികളിൽ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ജോലികളും പൂർത്തിയായ പ്രവൃത്തികളുടെ ബില്ലുകൾ തയ്യാറാക്കുന്ന ജോലികളും മാത്രമേ അസിസ്റ്റൻറ് എഞ്ചിനിയറുടെ കാര്യാലയ ത്തിലുണ്ടായിരുന്ന ക്ലാർക്കിന് ചെയ്തുതീർക്കുവാൻ സാധിച്ചിട്ടുള്ളു.2017-2018 വർഷം പുതുതായ് സൃഷ്ടിച്ച ആസ്തികളെല്ലാം ആസ്തിരജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

5. ഓഡിറ്റ് വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ റോഡ് ടാറിംഗ്, റോഡ് കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികളുണ്ട്. ഇവയിൽ ഭൂരിഭാഗവും കുറഞ്ഞ നീളത്തിലാണ് നടത്തിയിട്ടുള്ളത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | പദ്ധതി പ്രകാരം കോൺക്രീറ്റ് നടത്തിയ റോഡിൻറെ നീളം |
|---|---|---|
| 1 | ബിർമിനടുക്ക എവിഞ്ച റോഡ് ടാറിംഗ്(പ്രൊജക്ട് നം167/19) | 160 മീറ്റർ |
| 2 | ബഡഗമൂലെ തെക്കേമൂലെ റോഡ് ടാറിംഗ് (പ്രൊജക്ട് നം79/19) | 164മീറ്റർ |
| 3 | ബീജന്തഡ്ക്ക കടപ്പ റോഡ് ടാറിംഗ് (പ്രൊജക്ട് നം280/18 ) | 83 മീറ്റർ |
| 4 | ഉക്കിനടുക്ക കങ്കില റോഡ് ടാറിംഗ് (പ്രൊജക്ട് നം 86/19) | 145 മീറ്റർ |
| 5 | ഉക്കിനടുക്ക കങ്കില റോഡ് ടാറിംഗ് (പ്രൊജക്ട് നം257/19) | 56 മീറ്റർ |
| 6 | ബദിയഡുക്ക എൻ.എച്ച്.എസ് ശാസ്ത്രി റോഡ് കോൺക്രീറ്റിംഗ് (പ്രൊജക്ട് നം31/19) | 82മീറ്റർ |
| 7 | അരമന റോഡ് കോൺക്രീറ്റിംഗ് (പ്രൊജക്ട് നം71/19) | 83 മീറ്റർ |

തീരെ ചെറിയ നീളത്തിലുള്ള ഒരു പ്രവൃത്തിക്കുവേണ്ട നടപടിക്രമങ്ങൾ മറ്റ് പ്രവൃത്തികൾക്ക് തുല്യമാണ്. ഇപ്രകാരം ചെറിയ നീളത്തിൽ റോഡ് പ്രവൃത്തി ചെയ്യുന്നതുകൊണ്ട് പൊതുജനങ്ങൾക്ക് കാര്യമായ പ്രയോജനം ലഭിക്കുന്നില്ല. വളരെ ചെറിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാൻ കരാറുകാർക്കും പ്രയാസമാണ്. ആയതിനാൽ ഇങ്ങനെയുള്ള പ്രവൃത്തികൾക്ക് മത്സരാധിഷ്ഠാനത്തിലുള്ള ടെണ്ടർ ഉണ്ടാകുന്നില്ല. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി പദ്ധതികളുടെ ആവശ്യകത നിർണ്ണയിച്ച് മുൻഗണനാ ക്രമത്തിൽ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന് ലഭ്യമായ ഫണ്ടുകൾ വാർഡ് അടിസാഥനത്തിൽ വിഭജിച്ച് പദ്ധതികൾ തയ്യാറാക്കുന്നതാണ് പദ്ധതികളുടെ ബാഹുല്യത്തിൻറെ പ്രധാന കാരണം. പദ്ധതികൾ തയ്യാറാക്കുന്നത് യഥാർത്ഥ ആവശ്യം പരിഗണിച്ചല്ല, മറിച്ച് ഫണ്ട് ലഭ്യതയടിസ്ഥാമാക്കിയാണ്. ഇതുകാരണം പല റോഡ് ടാറിംഗ്, റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളും പല ചെയ്യേണ്ടുകളായ് വിഭജിച്ച് രണ്ടോ മൂന്നോ വർഷങ്ങൾകൊണ്ടാണ് പൂർത്തിയാക്കുന്നത്. ഒരു റോഡ് പൂർണ്ണമായും ഒറ്റയൂണിറ്റായി കണക്കാക്കി പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണ്.

ഉദാഹരണത്തിന് തൻവർഷം ഉക്കിനടുക്ക കങ്കില റോഡ് ടാറിംഗ് എന്ന പ്രവൃത്തിക്കായ് രണ്ട് ബില്ലുകൾ മുഖേന നിർവഹണോദ്യോഗസ്ഥൻ ട്രഷറിയിൽ നിന്നും പണം പിൻവലിച്ചിട്ടുണ്ട് (ബിൽ നം117/27.03.2019 ₹ 1,48,498/-, ബിൽ നം116/27.03.2019 ₹ 3,99,812/-). ഇതിൽ പ്രൊജക്ട് നം257/19 എന്നത് സ്പിൽഓവർ പദ്ധതിയും പ്രൊജക്ട് നം86/19 എന്നത് പുതിയ പദ്ധതിയുമാണ്. 2017-18 വർഷം നടപ്പാക്കേണ്ടിയിരുന്ന പദ്ധതി പ്രകാരം 145 മീറ്റർ (Ch 0/406 മുതൽ Ch 0/551 വരെ) ടാറിംഗ് പ്രവൃത്തിയാണ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ 2017-18 വർഷം പദ്ധതി നടപ്പാക്കാത്തതിനാൽ സ്പിൽഓവർ പദ്ധതിയായ് 2018-2019 വർഷം ഈ പദ്ധതി നടപ്പാക്കുകയാണുണ്ടായത്. പ്രൊജക്ട് നം 86/19 പ്രകാരം 56 മീറ്റർ (Ch 0/350 മുതൽ Ch 0/406 വരെ) ടാറിംഗ് പ്രവൃത്തിയാണ് ചെയ്തത്. അതായത് Ch 0/350 മുതൽ Ch 0/551 വരെയുള്ള ഉക്കിനടുക്ക കങ്കില റോഡ് ടാറിംഗ് ചെയ്യുന്നതിനുള്ള പ്രവൃത്തി 145 മീറ്റർ നീളത്തിൽ 2017-18 വർഷവും 56 മീറ്റർ നീളത്തിൽ 2018-19 വർഷവും വിഭജിച്ച് ചെയ്യുന്നതിനാണ് പദ്ധതികൾ തയ്യാറാക്കിയത്. ഒരു റോഡ് പൂർണ്ണമായും ഒറ്റയൂണിറ്റായി കണക്കാക്കി പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണ്. ഗ്രാമപഞ്ചായത്തിന് ലഭ്യമായ ഫണ്ടുകൾ വാർഡ് അടിസാഥനത്തിൽ വിഭജിച്ച് പദ്ധതികൾ തയ്യാറാക്കുന്നതിനാണ് ഇത്തരത്തിൽ ഒരു റോഡ് പ്രവൃത്തി പല വർഷങ്ങളിലായ് വിഭജിച്ച് ചെയ്യേണ്ടിവരുന്നത്. വാർഡ് അടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന പ്രവണ ഒഴിവാക്കി ഗ്രാമപഞ്ചായത്തിനെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും സുപ്രധാന പങ്ക് വഹിക്കാൻ കഴിയുന്ന വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഇക്കാര്യത്തിലാവശ്യമാണ്.

## 1-20 ജി.ഡബ്ല്യു.എൽ.പി.സ്കൂൾ ബേള ചുറ്റുമതിൽ ഗ്രൗണ്ട്

# ലവലിംഗ് പ്രവൃത്തി-മൂല്യവർധിത നികുതി (വാറ്റ്) ഈടാക്കിയിട്ടില്ല.

<u>നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.</u>

ജി.ഡബ്ല്യ.എൽ.പി.സ്കൂൾ ബേള ചുറ്റുമതിൽ ഗ്രൗണ്ട് ലവലിംഗ് പ്രവൃത്തിയുടെ അന്തിമ ബില്ലിൽ നിന്നും മൂല്യവർധിത നികുതി (VAT) ഈടാക്കാത്തതിനാൽ സംസ്ഥാന സർക്കാരിന് 14,090/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഇത് സമ്പന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| പ്രൊജക്ട് നം. | എസ്.ഒ.332/19 ( ജി.ഡബ്ല്യ.എൽ.പി.സ്കൂൾ ബേള ചുറ്റുമതിൽ ഗ്രൗണ്ട് വലിംഗ് ) | | |
| അടങ്കൽ | ₹ 5.00.000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം) | | |
| എസ്റ്റിമേറ്റ് | ₹ 5,00,000/- | | |
| എം. ബുക്ക് നം. | 224/15-16 | | |
| ആകെ അളവ് മൂല്യം | ₹ 4,69,679/- (ടെണ്ടർ കിഴിവ് കുറച്ച് ₹ 3,52,259/-) | | |
| കരാറുകരാൻ | ശ്രീ. കെ.എം. നൗഷാദ്. | | |
| ടെണ്ടർ നിരക്ക് | എസ്റ്റിമേറ്റ് നിരക്കിനേക്കാളും 25% കുറവ് | | |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | വൗച്ചർനം, തീയതി. | ബിൽ തുക | കരാറുകാരന് നൽകിയ തുക |
| | 55/18-19 തീ: 21.12.2018 | ₹ 3,52,259/- | ₹ 3,45,215/- |

ഈ പ്രവൃത്തിയുടെ അളവ് പുസ്തകം (പേജ് 10) പ്രകാരം ആകെ അളവ് മൂല്യം 4,69,629/- രൂപയാണ്. കരാറുകാരന് ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ കിഴിച്ച് ചുവടെ ചേർക്കും പ്രകാരം 3,45,215/- രൂപ നൽകിയിട്ടുണ്ട് .

| | |
|---|---|
| ആകെ അളവ് മൂല്യം | 4,69,679/- |
| (-) ടെണ്ടർ കിഴിവ് 25% | 1,17,420/- |
| ആകെ | 3,52,259/- |
| (-) ആദായ നികുതി 1% | 3,522/- |
| (-) KCWWF 1% | 43,522/- |
| കരാറുകാരന് നൽകിയ തുക | 3,45,215/- |

ഈ പ്രവൃത്തിയുടെ അളവ് പുസ്തകം പ്രകാരം നിർമ്മാണ പ്രവൃത്തികൾ 07.03.2015 ന് ആരംഭിക്കുകയും 24.08.2015ന് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട് (പ്രവൃത്തിയുടെ അവസാന ഇനമായ 'Plastering with CM 1:4' എന്ന പവൃത്തിയുടെ അളവ് അസിസ്റ്റന്റ് എഞ്ചിനീയർ അളവ് പുസ്തകത്തിലെ പേജ് 7-ൽ രേഖപ്പെടുത്തിയ തീയതി 24.08.2015) . സ.ഉ.(അച്ചടി) നം 87/2017/തസ്വഭവ തീയതി 01.11.2017 പ്രകാരം 30.06.2017ന് മുൻപ് പൂർത്തിയാക്കി മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയ പ്രവൃത്തികൾക്ക് മൂല്യവർധിത നികുതി (VAT) ബാധകമാണ്. 30.06.2017ന് മുൻപ് മെഷർമെന്റ് ബുക്കിൽ മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയ രേഖപ്പെടുത്തിയ ഈ പ്രവൃത്തിയുടെ കരാറുകാരന് അന്തിമ ബിൽ പ്രകാരം തുക അനുവദിക്കുമ്പോൾ മൂല്യവർധിത നികുതി (VAT) ഈടാത്തിയിട്ടില്ല. മൂല്യവർധിത നികുതി (VAT) ഇനത്തിൽ 4% തുക അന്തിമ ബില്ലിൽ നിന്നും ഈടാക്കത്തതിനാൽ 14,090/-രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. ഈ തുക ഉത്തരവാദപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കേണ്ടതാണ്.

(മോൽ പ്രവൃത്തികൾക്കായി ₹ 14,090/- അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം.15 തീ: 03.12.2019 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല).

# 1-21 എസ്.എ.ബി.എം.യു.പി സ്കൂൾ വിദ്യാഗിരി കെട്ടിട പുനരുദ്ധാരണം-അധികം തുക നൽകി.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

എസ്.എ.ബി.എം.യു.പി സ്കൂൾ വിദ്യാഗിരി കെട്ടിട പുനരുദ്ധാരണം എന്ന പ്രവൃത്തിയിൽ ഓട് മേയുന്ന ഇനം പ്രവൃത്തിയിൽ ഉപയോഗ്യയോഗ്യമായ ഓട് ഉപയോഗിക്കാതെ പുതിയ ഓട് ഉപയോഗിച്ചതിനാൽ 80,231/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. നഷ്ടം സംബന്ധിച്ച വിശദ വിവരം ഈ റിപ്പോർട്ടിലെ ഖണ്ഡിക 3-1 കാണുക.

# 1-22 വയോജനങ്ങൾക്ക് പകൽ വീട് - അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി പദ്ധതി യാഥാർത്ഥ്യമാക്കണം.

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് ബദിയഡുക്കയിൽ ഒരു വയോജന വിശ്രമകേന്ദ്രം 9,45,416/- രൂപ ചെലവഴിച്ച് നിർമ്മിച്ചിട്ടുണ്ട് (പ്രൊജക്ട് നം.305/19-മുതിർന്ന പൗരൻമാർക്ക് പകൽ വീട്). കെട്ടിടത്തിന് വൈദ്യുതി, കുടിവെള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ 2019-2020 സാമ്പത്തിക വർഷത്തിൽ വയോജന വിശ്രമകേന്ദ്രത്തിനായി അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് 2,65,000/-(പ്രൊജക്ട് നം.88/20) രൂപയുടെയും പകൽ വീടിന് ടി.വി. ഫർണിച്ചറുകളും വാങ്ങുന്നതിന് 35,000/- രൂപയുടെയും (പ്രൊജക്ട് നം.399/20) പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

ഓഡിറ്റ് ടീം 02.12.2019 ന് കെട്ടിടം സന്ദർശിക്കുകയുണ്ടായി. കെട്ടിടം അടച്ചിട്ടതായികാണാൻ കഴിഞ്ഞു. 08.02.2019ന് പകൽ വീടിന്റെ ഉദ്ഘാടനം നടത്തിട്ടുണ്ടെങ്കിലും ഇവിടെ വയോജന വിശ്രമകേന്ദ്രം പ്രവർത്തനമാരംഭിച്ചിട്ടില്ല. ഇക്കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പകൽ വീടിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി പദ്ധതി എത്രയും വേഗത്തിൽ യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-23 റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല.

പതിമൂന്നാം പദ്ധതിയിലെ 2018-2019 മുതലുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖയിലെ ( ജി.ഒ. (എം.എസ്) നം. 11/2018 /ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 29.01.2018 ) ഖണ്ഡിക. 7.13 ൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വർഷം നടപ്പാക്കിയ റോഡ് പ്രവൃത്തികൾ ഇത്തരത്തിലുള്ള പ്ലാനിന്റെ അടിസ്ഥാനത്തിലല്ല ചെയ്തിരിക്കുന്നത്. റോഡ് പ്രവൃത്തികളുടെ പ്രൊജക്ട് തയ്യാറാക്കുന്നതിന് പ്രസ്തുത നിർദ്ദേശപ്രകാരമുള്ള റോഡ് കണക്ടിവിറ്റി പദ്ധതി അത്യാവശ്യമാണ്. പുതുതായി നിർമ്മിക്കേണ്ടതും, പരിഷ്കരിക്കേണ്ടതുമായ റോഡുകളെ കണ്ടെത്തി അവയ്ക്ക് അനുസൃതമായ രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കണം. ആയതിനാൽ പദ്ധതി മാർഗ്ഗരേഖയ്ക്കനുസൃതമായി റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി റോഡ് പ്രവൃത്തികൾ നടപ്പാക്കേണ്ടതാണ്.

# 1-24 പദ്ധതികളുടെ മോണിറ്ററിംഗ് നടത്തുന്നില്ല.

29.01.2018ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 11/2018/തസ്വഭവ പ്രകാരം പദ്ധതികളുടെ മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകളാണ് നിർവഹിക്കേണ്ടത്. മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനർ, മറ്റ് അംഗങ്ങൾ എന്നിവരടങ്ങിയ സമിതിയാണ് പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കേണ്ടത്. ഗ്രാമ പഞ്ചായത്ത് വിവിധ മേഖലകളിൽ തൻവർഷം നടപ്പാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല. ലഭ്യമായ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് ബുക്ക് പരിശോധിച്ചതിൽനിന്നും പദ്ധതികളുടെ മോണിറ്ററിംഗ് സമ്പന്ധിച്ച തീരുമാനങ്ങളോ ചർച്ചയോ നടന്നതിന്റെ വിവരങ്ങളില്ല. മേൽ ഉത്തരവ് പ്രകാരം പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി വരും വർഷങ്ങളിൽ നടപ്പാക്കുന്ന പദ്ധതികളുടെ കൃത്യമായ വിലയിരുത്തലിനും മോണിറ്ററിംഗും നടത്തേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ട ചുമതലയിലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

# 1-25 പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി

# രൂപീകരിക്കേണ്ടതാണ്.

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതുണ്ട്. എന്നാൽ ബദിയഡുക്ക ഗ്രാമ പഞ്ചായത്തിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി നാളിതുവരെ ആരംഭിച്ചിട്ടില്ല. ആയതിനാൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി എത്രയും പെട്ടന്ന് രൂപീകരിക്കേണ്ടതാണ്.

# 1-26 കുടിവെള്ള പദ്ധതി -വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.

2018-2019 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായ് ചുവടെ ചേർക്കുന്ന കുടിവെള്ള പദ്ധതികളുടെ നടത്തിപ്പനായി ₹ 17,31,268/- ജില്ലാ ഓഫീസർ, കേരളാ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കാസറഗോഡ്- ന് നല്കിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട സ്ഥാപനത്തിൽനിന്നും പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച് ലഭിച്ച വിനിയോഗ സാക്ഷ്യ പത്രം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കുവാൻ ഓഡിറ്റ് റിക്വസിഷൻ നം-6/28.11.2019 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. ആയതിനാൽ 17,31,268/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| ക്രമ നം | പ്രൊജക്ടിന്റെ പേര്, നം | ബിൽ .നം/ തീയതി | മുൻകൂർ നൽകിയ തുക |
|---|---|---|---|
| 1 | ചൊട്ടത്തടുക്ക എസ്.ടി. കോളനി കുടിവെള്ള പദ്ധതി (പ്രൊജക്ട് നം213/19) | 1/31.05.2018 | 91700 |
| 2 | ഓണിയഡുക്ക കുടിവെള്ള പദ്ധതി, ബോർവെല്ലടക്കം (പ്രൊജക്ട് നം234/19) | 2/31.05.2018 | 96950 |
| 3 | എവിഞ്ച ബിർമിനടക്ക കുടിവെള്ള പദ്ധതി (പ്രൊജക്ട് നം222/19) | 3/31.05.2018 | 72950 |
| 4 | കനകപ്പാടി കുടിവെള്ള പദ്ധതി (പ്രൊജക്ട് നം212/19) | 4/31.05.2018 | 86450 |
| 5 | ചെടേക്കാൽ പട്ടാജെ എസ്.ടി. കോളനി പ്രദേശത്ത് കുടിവെള്ളം പൈപ്പ് ലൈൻ (പ്രൊജക്ട് നം213/19) | 5/31.05.2018 | 76700 |
| 6 | ദർബ്ബത്തടുക്ക എസ്.സി. കോളനി കുടിവെള്ള പദ്ധതി (പ്രൊജക്ട് നം210/19) | 6/31.05.2018 | 86450 |
| 7 | ബേരിഗെ ബോർവെൽ (പ്രൊജക്ട് നം232/19) | 7/31.05.2018 | 91700 |
| 8 | മജീർപള്ളക്കട്ട എസ്.സി. കോളനി കുടിവെള്ള പദ്ധതി (പ്രൊജക്ട് നം220/19) | 8/31.05.2018 | 98450 |
| 9 | ഉത്തനാടി ഭൂതസ്ഥാന സമീപം (കിളിങ്കാർ) ബോർവെൽ (പ്രൊജക്ട് നം206/19) | 9/31.05.2018 | 86450 |
| 10 | മാടത്തട്ക്ക ഭജനമന്ദിരം ബോർവെൽ (പ്രൊജക്ട് നം202/19) | 10/31.05.2018 | 96950 |
| 11 | കെ.കെ പള്ളം ചോയിമൂല കുടിവെള്ള പദ്ധതി(പ്രൊജക്ട് നം232/19) | 11/31.05.2018 | 91700 |
| 12 | തൽപനാജെ കുടിവെള്ള പദ്ധതി(പ്രൊജക്ട് നം199/19) | 12/31.05.2018 | 96950 |
| 13 | കാന എസ്.സി. കോളനി കുടിവെള്ള പദ്ധതി (പ്രൊജക്ട് നം208/19) | 13/31.05.2018 | 103700 |
| 14 | കുളക്കടൽ എസ്.സി. കോളനി കുടിവെള്ള പദ്ധതി (പ്രൊജക്ട് നം214/19) | 19/31.05.2018 | 28584 |
| 15 | ബാലകുമേരി കുടിവെള്ള പദ്ധതി(പ്രൊജക്ട് നം195/19) | 20/31.05.2018 | 28584 |

| | | | |
|---|---|---|---|
| 16 | കൊടിംഗാർ കുടിവെള്ള പദ്ധതി (പ്രൊജക്ട് നം203/19) | 34/31.05.2018 | 66950 |
| 17 | മാന്യബയൽ ഭൂതസ്ഥാന കുടിവെള്ള പദ്ധതി (പ്രൊജക്ട് നം221/19) | 35/31.05.2018 | 69200 |
| 18 | ചൗക്കാർ കുടിവെള്ള പദ്ധതി (പ്രൊജക്ട് നം197/19) | 36/31.05.2018 | 86450 |
| 19 | ബഡകമൂല കുടിവെള്ള പദ്ധതി (പ്രൊജക്ട് നം194/19) | 37/31.05.2018 | 91700 |
| 20 | ദൊഡ്ഡഡുക്ക കുടിവെള്ള പദ്ധതി (പ്രൊജക്ട് നം217/19) | 38/31.05.2018 | 82700 |
| 21 | പെരിയടുക്ക ബോർവെൽ (പ്രൊജക്ട് നം293/19) | 54/21.12.2018 | 100000 |
| | | ആകെ | 1731268 |

# 1-27 ചെക്ക് തുക അക്കൗണ്ടിൽ വരവ് വന്നിട്ടില്ല.

2018-19 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ ചുവടെ ചേർത്ത പ്രകാരമുള്ള വിവിധ ചെക്കുകൾ ബാങ്ക്/ട്രഷറി അക്കൗണ്ടിൽ വരവ് വന്നതായി കാണുന്നില്ല

| തീയ്യതി | ചെക്ക് നമ്പർ | തുക | ചെക്ക് മുഖാന്തിരം തുക ഒടുക്കിയ സ്ഥാപനം | പർപ്പസ് |
|---|---|---|---|---|
| 19-03-2018 | 1162897 | 36,000 | GBUP, Perdala | തൊഴിൽനികുതി |
| 08-02-2018 | 7336468 | 18,750 | NavajeevanaHSS,Perdala | തൊഴിൽനികുതി |
| ആകെ | | 54,750 | | |

മേൽ പരാമർശിച്ച ചെക്കുകൾ 2019 ഡിസംബർ മാസം നാലാം തീയ്യതി വരെയും ബാങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടില്ലാത്തതായി ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയിൽ കാണുകയുണ്ടായി. ചെക്കുകൾ നാളിതുവരെയായിട്ടും ബാങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടില്ലെങ്കിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളെ അറിയിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഇത്തരത്തിൽ ചെക്കുകൾ ബാങ്കിൽ വരവ് വരാതിരിക്കുവാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്. മേൽ അപാകതകൾ വിശദീകരണം ആവശ്യപ്പെട്ട്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് എൻക്വയറി നം. 27 തീയ്യതി 4-12-2019) മറുപടി ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം വ്യക്തമായ മറുപടി ഹാജരാക്കേണ്ടതാണ്.

# 1-28 അംഗൻവാടികളുടെ അടിസ്ഥാനസൗകര്യകുറവ്- പരിഹാര നടപടികൾ സ്വീകരിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് 3 ാം പട്ടിക പ്രകാരം സാമൂഹ്യ ക്ഷേമ മേഖലയിലെ അങ്കണവാടികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. 29-01-2018 ലെ ജി.ഒ (എം.എസ്) 11/2018/ ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ 7.8.2(1)പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്യുന്നതിന് പ്രാധാന്യം നൽകുന്ന പദ്ധതികൾ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി നടപ്പിലാക്കേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തിൽ അങ്കണവാടികളിലെ അടിസ്ഥാനസൗകര്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തിൽ ആകെയുള്ള അങ്കണവാടികൾ | 41 | |
| സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ | ഇല്ല | |
| കുടിവെള്ള സൗകര്യം ഇല്ലാത്ത അങ്കണവാടികൾ | 22 | അയൽവീട്ടുകളിൽ നിന്നും നിലവിൽ വെള്ളം കൊണ്ടുവരുന്നു. |
| വൈദ്യുതി കണക്ഷൻ ഇല്ലാത്ത അങ്കണവാടികൾ | 25 | |
| ചുറ്റമതിൽ ഇല്ലാത്ത അങ്കണവാടികൾ | 8 | |
| ഗ്യാസ് കണക്ഷൻ ഇല്ലാത്ത അങ്കണവാടികൾ | ഇല്ല | |

ഗ്രാമപഞ്ചായത്തിലെ മൂന്ന് വയസിനും ആറ് വയസിനും ഇടയിൽ പ്രായമുള്ള 803 (422 boys, 381 girls) കുട്ടികൾ 41 അങ്കണവാടികളിൽ ഹാജരാകുന്നുണ്ട്. 22.03.2011ലെ നം.31055/ഡി.സി.2/2011/ ത.സ്വ.ഭ.വ നമ്പർ കേരള സർക്കാർ സർക്കുലറിൽ അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് വ്യക്തമായ നിർദ്ദേശം നൽകുന്നുണ്ട്. എല്ലാ വർഷവും മെയ് 10 നകം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നുണ്ട്.യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കാൻ പാടില്ലെന്നും സർക്കുലറിൽ നിർദ്ദേശിക്കുന്നുണ്ട്.എന്നാൽ ഗ്രാമപഞ്ചായത്തിലെ അങ്കണവാടികൾ 2018-19 സാമ്പത്തിക വർഷത്തിൽ പരിശോധിച്ച് എഞ്ചിനീയർ/ഓവർസീയർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല.

2018-19 ൽ അങ്കണവാടികളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും വേണ്ടത്ര ശ്രദ്ധ പതിപ്പിച്ച് കാണുന്നില്ല.

# 1-29 ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രവർത്തികളിലെ അപാകതകൾ

നിർവ്വഹണം- ICDS സൂപ്പർവൈസർ

**<u>1.വയോജനങ്ങൾക്ക് വിതരണം ചെയ്യാനായി വാങ്ങിയ കട്ടിൽ ഇനിയും വിതരണം ചെയ്യാനവശേഷിക്കുന്നു.</u>**

പ്രോജക്ട് നം- So 091/19, വയോജനങ്ങൾക്ക് കട്ടിൽ

| ഇൻവോയ്സ് നമ്പർ/ | എണ്ണം | വില | തുക നൽകിയവിവരം | തുക | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| തീയതി | | | | | |
| 488/18-05-19 | 228 | 9,94,120 (2237 രൂപ deliveryചാർജ്ജടക്കം) @ഒരെണ്ണത്തിന്റെ വില 4360 രൂപ | ചെക്ക.നം-2310111/ 27.3.2018 | 3,01,000 | 2018-19 ഓഡിറ്റർവർഷം 3,01,000 രൂപയുടെ ചെലവ് മാത്രമെയുള്ളൂ. |

പദ്ധതികൾക്കായുള്ള കട്ടിൽ 4350 രൂപ (ടാക്സ് അടക്കം) നിരക്കിൽ ARTCO LTD-യിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. 2018-19 വർഷത്തിൽ നിർവഹണം നടത്തിയ മേൽ പദ്ധതികളുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകത കാണുന്നു.

1)ബന്ധപ്പെട്ട ഫയൽ പ്രകാരം ആകെ 205 ഗുണഭോക്താക്കളാണ് കട്ടിൽ കൈപ്പറ്റിയിട്ടുള്ളത്. അവശേഷിക്കുന്ന 23 കട്ടിൽ നാളിത് വരെ വിതരണം ചെയ്തിട്ടില്ല.

2)പദ്ധതികൾക്കായി വാങ്ങിയ കട്ടിലുകൾ സ്റ്റോക്കിലെടുത്തിട്ടില്ല. വിതരണ രേഖ മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയത്. സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഇൻവോയ്സ് പ്രകാരമുള്ളവ ലഭ്യമായിരുന്നു എന്ന് വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് 03-12-2019-ന് നൽകിയ 21 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഇനിയും വിതരണം ചെയ്യാനവശേഷിക്കുന്ന 23 കട്ടിലുകളുടെ വിലയായ 1,22,080(4360 x 28)രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 2.ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് -മതിയായ തുക വകയിരുത്തി പ്രോജക്ട് നടപ്പാക്കാത്തതിനാൽ ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹമായ സഹായം നൽകാൻ കഴിഞ്ഞില്ല.

ചെലവ് -2,42,400/-രൂപ., പ്രോജക്ട് നം- So 093/19

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ സബ്സിഡി -ധനസഹായം -അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ(കൈ)നം.22/2018/ തസ്വഭവ,തീയ്യതി 14.02.2018 ഖണ്ഡിക 7.1.6 പ്രകാരം ശാരീരിക -മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്ന സഹായങ്ങൾ പരാമർശിച്ചിട്ടുണ്ട്. ആയത് പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പും വാർഷിക ബത്തയും ഉൾപ്പെടെ ഏറ്റവും താഴ്ന്ന ക്ലാസിൽ പഠിക്കുന്നവർക്ക് മിനിമം 5300 രൂപയ്ക്കും മാനസികവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതി വർഷം 28500 രൂപയ്ക്ക് വരെയും അർഹതയുണ്ട്.

മേഖലയെ സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കേണ്ട സ്റ്റാറ്റസ് റിപ്പോർട്ട് ഇല്ലാത്തതിനാൽ എത്ര പേർ പഞ്ചായത്തിൽ ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവരായി ഉണ്ട് എന്നതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. തൻ വർഷം 41 ഗുണഭോക്താക്കൾക്കാണ് നിർവ്വഹണ ഉദ്യോഗസ്ഥ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകിയിട്ടുണ്ട്. ഇതിൽ 13 പേർ മാനസികവെല്ലുവിളികൾ നേരിടുന്നവരായുണ്ട്. മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് മാത്രം പരമാവധി ഒരുവർഷം 28000 രൂപ നിരക്കിൽ ആകെ 3,70,500 രൂപ സ്കോളർഷിപ്പിന് അർഹതയുണ്ട് എന്നിരിക്കെയാണ് 8000/-രൂപ മാത്രം നല്കി പ്രോജക്ട് നടപ്പാക്കിയത്. ഇത് കാരണം തൻവർഷം ഗുണഭോക്താക്കൾക്ക് അർഹമായ മുഴുവൻ തുകയും നൽകാൻ കഴിയാതെ പോയി. അർഹാരയവർക്കെല്ലാം ധനസഹായം നൽകുന്നതിന് പകരം ആവശ്യപ്പെടുന്നവർക്ക് മാത്രമാണ് സഹായം പരിമിതപ്പെട്ടുപോയി എന്ന്കാണുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം- 21 തീയ്യതി 3-12-2019).

# 1-30 വി.ഇ.ഒ നിർവ്വഹണം നടത്തിയ പ്രവർത്തികളിലെ അപാകതകൾ

നിർവ്വഹണം- വി.ഇ.ഒ

1-ലൈഫ് ഭവന പദ്ധതി -ഒന്നാമത്തെ ഗഡു കൈപ്പറ്റിയവർ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.

താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിനുള്ള ഒന്നാമത്തെ ഗഡുവായ ₹40000/- കൈപ്പറ്റിയിട്ടുണ്ടെങ്കിലും വീടുപണി നാളിതുവരെയും ആരംഭിച്ചിട്ടില്ല.

| ഗുണഭോക്താവിന്റ പേര് | സ്കീം രജിസ്റ്റർ പേജ് നം | തുക കൈപ്പറ്റിയ തീയതി | കൈപ്പറ്റിയ തുക(₹) |
|---|---|---|---|
| ജാനകി | 69 (Old) | 31.3.2018 | 40,000 |
| മനോരമ | 105(Old) | 31.3.2018 | 40,000 |
| അസ്മ | 171(Old) | 31.12.2018 | 40,000 |
| സമീറ | 2 (New) | 30.3.2019 | 40,000 |
| ജമീല.കെ.എ | 6(New) | 30.3.2019 | 40,000 |
| സുലേഖ | 19(New) | 30.3.2019 | 40,000 |
| റുഖിയ | 20(New) | 30.3.2019 | 40,000 |
| മറിയുമ്മ | 21(New) | 30.3.2019 | 40,000 |
| മൈമൂന | 33(New) | 30.3.2019 | 40,000 |
| റംല | 34(New) | 30.3.2019 | 40,000 |
| കവിത | 36(New) | 30.3.2019 | 40,000 |
| മൈമൂന | 53(New) | 30.3.2019 | 40,000 |

ഗുണഭോക്താക്കൾക്ക് നിർദ്ദേശങ്ങൾ നൽകി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം ഒന്നാം ഗഡു തുക തിരികെ ഈടാക്കേണ്ടതാണ്.

2- സ്വന്തമായി ഭവനമുള്ള ഗുണഭോക്താവിന് ധനസഹായം അനുവദിച്ചു.

പ്രൊജക്ട് നം-347/18 -ലൈഫ് ഭവന പദ്ധതി -ജനറൽ

സ്വന്തമായി ഭവനമുള്ള ഗുണഭോക്താവിന് ധനസഹായം അനുവദിച്ചതായുള്ള പരാമർശം ഈ റിപ്പോർട്ടിലെ ഖണ്ഡിക നം 3(5) ആയി ചേർത്തിട്ടുണ്ട്.

3-മുൻ വർഷങ്ങളിൽ നടപ്പിലാക്കിയ ഭവന പദ്ധതികളിലെ പൂർത്തീകരിക്കാത്ത ഭവനത്തിന്റെ പൂർത്തീകരണം - ഗുണഭോക്താവ് കംപ്ലീഷൻ നല്കി വീട്ട് നമ്പറിന് അപേക്ഷിച്ചിട്ടില്ല.

പഞ്ചായത്തിലെ പൂർത്തീകരിക്കാത്ത ഭവനത്തിന്റെ പൂർത്തീകരണവുമായി (proj no- 346/18) ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ, ധനസഹായം കൈപ്പറ്റിയ നാരായണ മുഖാരി, S/oകൃഷ്ണ മുഖാരി എന്നവർ

ഓഡിറ്റ് സമയം വരെ കംപ്ലീഷൻ നല്കി വീട്ട് നമ്പറിന് അപേക്ഷിച്ചിട്ടില്ല. ഇവർക്ക് നല്കിയ തുകയുടെ വിവരം താഴെ കൊടുക്കുന്നു

| തുക കൈപ്പറ്റിയ തീയതി | കൈപ്പറ്റിയ തുക(₹) |
|---|---|
| 31.7.2018 | 1,65,000 |
| 21.12.2018 | 1,65,000 |
| ആകെ | 3,30,000 |

2011-12സാമ്പത്തിക വർഷത്തെ EMS ഭവന പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താവായിരുന്ന ഇവർക്ക് ഭവനത്തിന്റെ പൂർത്തീകരണത്തിന് മുൻ വർഷം നല്കിയ തുകയ്ക്ക് ആനുപാതികമായി 3,30,000 രൂപയായിരുന്നു ഈ വർഷം നല്കേണ്ടിയിരുന്നത്. പ്രോജക്ട് പ്രകാരം മുഴുവൻ തുകയും നല്കിയിട്ടും ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തീകരിച്ച് വീട്ട് നമ്പറിന് അപേക്ഷിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം- 13 തീയ്യതി 3-12-2019).

# 1-31 മെഡിക്കൽ ഓഫീസർ PHC നിർവ്വഹണം നടത്തിയ പ്രവർത്തികളിലെ അപാകതകൾ

## A).പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി നിർവ്വഹണം- സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച.

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ PHC

ഗ്രാമപഞ്ചായത്തിലെ പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 24/2018-19 |
| അടങ്കൽ | 7,50,000/- |
| ഫണ്ട്- അടങ്കൽ - 7,50,000 രൂപ | വികസന ഫണ്ട്- 3,50,000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 2,00,000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 2,00,000 |
| ചെലവ് | 7,34,586/-രൂപ<br>(വികസന ഫണ്ട്- 3,44,450<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 1,96,561<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 1,93,575) |

I.<u>വിവിധ കമ്മിറ്റികളുടെ പ്രവർത്തനം</u>

<u>(i) പാലിയേറ്റീവ് കെയർ മാനേജ് മെന്റ് കമ്മിറ്റി</u>

പാലിയേറ്റീവ് കെയർ പ്രോജക്റ്റിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും ഗ്രാമ പഞ്ചായത്തിന്റെ പ്രസിഡന്റ് ചെയർപേഴ്സണായി രൂപീകരിച്ച കമ്മിറ്റിയാണിത്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ഓഡിറ്റ് വർഷത്തിൽ 13.12.2018, 27.3.2019 എന്നീ തിയ്യതികളിൽ മാത്രമാണ് കമ്മിറ്റി യോഗം ചേർന്നത്. യോഗങ്ങളിൽ മെമ്പർസെക്രട്ടറി ഓരോ മാസത്തേയും പ്രവർത്തന - അവലോകന റിപ്പോർട്ടും, വരവ് ചെലവ് കണക്കും രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. കൂടാതെ ദ്വൈമാസയോഗത്തിൽ വെച്ച് അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ്. സ.ഉ.(സാധാ)3217/2015/ത.സ്വ.ഭ.വ. തി. 29.10.2015ഖ.2-3-2 കാണുക. എന്നാൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഓഡിറ്റ് കാലയളവിൽ ഈ കമ്മിറ്റിയിൽ നടന്നിട്ടില്ല.

(ii) <u>പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി</u>

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് കൊണ്ട് പോകുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റി എല്ലാമാസവും അഞ്ചാം തിയ്യതിക്ക് മുൻപ് യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. (മേൽ ഉത്തരവ് ഖ.2-4-1കാണുക)എന്നാൽ ഇങ്ങനെ ഒരു കമ്മിറ്റി ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല.

**<u>II. പാലിയേറ്റീവ് കെയർ വാഹനം</u>**

പാലിയേറ്റീവ് കെയർ വാഹന ഉപയോഗവുമായി ബന്ധപ്പെട്ട എല്ലാചെലവുകളും എച്ച്.എം.സി ഫണ്ടിൽനിന്നും വഹിക്കേണ്ടതും ഈ തുക പാലിയേറ്റീവ് കെയർ പ്രോജക്ടിൽനിന്ന് മാറി എച്ച്.എം.സി. ഫണ്ടിലേക്ക് നൽകാവുന്നതുമാണ്. (മേൽ ഉത്തരവ് ഖ.നം.2-6-5 കാണുക.) എന്നാൽ വാഹനചെലവുമായി ബന്ധപ്പെട്ട ചെലവുകൾ പ്രോജക്ടിൽ നിന്ന് നേരിട്ട് ചെലവഴിക്കുന്ന രീതിയാണ് ഇപ്പോൾ പിന്തുടർന്ന് വരുന്നത്. വാഹന ഉപയോഗവുമായി ബന്ധപ്പെട്ട് സ.ഉ.(എം.എസ്) നം.170/07/തസ്വഭവ.തി.30.06.2007 ഉത്തരവ് പാലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

**<u>III)-സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി</u>**

എല്ലാചെലവുകളും എച്ച്.എം.സി ഫണ്ടിൽനിന്നും വഹിക്കേണ്ടതും ഈ തുക പാലിയേറ്റീവ് കെയർ പ്രോജക്ടിൽനിന്ന് മാറി എച്ച്.എം.സി. ഫണ്ടിലേക്ക് നൽകാവുന്നതുമാണ്. (മേൽ ഉത്തരവ് ഖ.നം.2-6-5 കാണുക.) എന്നാൽ വാഹനചെലവുമായി ബന്ധപ്പെട്ട ചെലവുകൾ പ്രോജക്ടിൽ നിന്ന് നേരിട്ട് ചെലവഴിക്കുന്ന രീതിയാണ് ഇപ്പോൾ പിന്തുടർന്ന് വരുന്നത്. വാഹന ഉപയോഗവുമായി ബന്ധപ്പെട്ട് സ.ഉ.(എം.എസ്) നം.170/07/തസ്വഭവ.തി.30.06.2007 ഉത്തരവ് പാലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

**<u>IV). സ്പെഷ്യൽ ഓ.പി. നടത്തുന്നില്ല.</u>**

ഹോം കെയർ നൽകിവരുന്ന കിടപ്പിലായ രോഗികളിൽ സ്ഥിരമായി മരുന്നുകൾ കഴിക്കേണ്ടിവരുന്ന സാമ്പത്തിക ബുദ്ധിമുട്ടുള്ള രോഗികളെ തദ്ദേശ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന ആരോഗ്യ സ്ഥാപനങ്ങളിലേക്ക് റഫർ ചെയ്യേണ്ടതാണ്. ഇത്തരം രോഗികളെ പരിശോധിക്കുവാനും മരുന്ന് ലഭ്യമാക്കുവാനും മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ പ്രത്യേക സംവിധാനം അതാത് ആരോഗ്യ സ്ഥാപനത്തിൽ ഏർപ്പെടുത്തണം. ഇവർക്ക് മാത്രമായുള്ള സ്പെഷ്യൽ ഒ.പി. ആഴ്ചയിൽ കുറഞ്ഞത് ഒരു

ദിവസം ആരോഗ്യ സ്ഥാപനങ്ങളിൽ സജ്ജീകരിക്കേണ്ടതാണ്. സ്പെഷ്യൽ ഒ.പി ദിവസങ്ങളിൽ പാലിയേറ്റീവ് നേഴ്സിന്റെ സേവനം ഒ.പി യിൽ ഉണ്ടായിരിക്കേണ്ടതാണ്. (മേൽ ഉത്തരവ് ഖ.2-6-7 കാണുക) എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ ഒ.പി സേവനം രോഗികൾക്ക് ഏർപ്പെടുത്തിയിട്ടില്ല.

<u>V). രജിസ്റ്ററുകളുടെ സൂക്ഷിപ്പ്</u>

(a) പേഷ്യന്റ്സ് സ്റ്റാറ്റസ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

(b)പാലിയേറ്റീവ് നേഴ്സിന്റെ അറ്റന്റൻസ് രജിസ്റ്റർ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

<u>VI). കുടുംബ സംഗമം നടത്തിയത് - ചെലവ് അധികം</u>

രജിസ്റ്റർ ചെയ്യപ്പെട്ട രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വേണ്ടി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. അതിന്റെ ഭാഗമായി രോഗികളുടെയും കുടുംബങ്ങളുടേയും ഹോംകെയർ ടീമിൽ അംഗങ്ങളായി പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകരുടെയും വാർഷിക സംഗമം വിളിച്ചുചേർക്കാവുന്നതാണ്. സംഗമം ആർഭാടരഹിതമായി നടത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. (മേൽ ഉത്തരവ് ഖ.2-6-13) സംഗമത്തിൽ പങ്കെടുക്കുന്ന ഓരോരുത്തർക്കും ഭക്ഷണചെലവിലേക്കായി പരമാവധി അറുപത് രൂപ വീതം ചെലവഴിക്കാവുന്നതാണ്. കൂടാതെ സംഗമനടത്തിപ്പിന്റെ മറ്റ് ചെലവുകൾക്കായി പരമാവധി 3000/-രൂപയും ചെലവഴിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ രോഗികൾക്കായി 15.01.2019 ന് ശ്രീ ഗുരുസദന ഓഡിറ്റോറിയത്തിൽ വെച്ച് സംഗമം നടത്തിയ വകയിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഉച്ചഭക്ഷണം, ചായ | 14,450 |
| കസേര, മേശ, ജനറേറ്റർ, മൈക്ക് വാടക | 7000 |
| ചിലമ്പൊലി- നാടൻ കലാ , കാഞ്ഞങ്ങാടിന് നല്കിയ തുക | 7,500 |
| മറ്റ് ചെലവുകൾ | 2,125 |
| ഫോട്ടോ ചാർജ്ജ് | 800 |
| ആകെ | 31,875 |

സംഗമത്തിൽ പങ്കെടുത്തത് 170 പേർ മാത്രമാണ്. ഇവർക്ക് ചെലവഴിക്കാവുന്ന ആകെ തുക 13,200/- (170 x 60 + 3000) രൂപ മാത്രമാണ്. എന്നാൽ അനുവദനീയമായതിലും 18,675/- രൂപ കൂടുതൽ ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ചെലവുകളുമായി ബന്ധപ്പെട്ട് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

<u>VII). പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചില്ല.</u>

ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്.) നം.22/2018 തസ്വഭവ .തിയതി 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ (ഖ.7.5.3) പരാമർശിച്ചിട്ടുണ്ട്. ഇതനുസരിച്ച് അലോപ്പതി മരുന്നുകൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുമാത്രമേ വാങ്ങാവു എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2018-19 വർഷം നടപ്പിലാക്കിയ പ്രൊ.നം.24/18-19 പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിക്കു വേണ്ടി ചെലവഴിച്ച 7,34,586 രൂപയിൽ 1,50,000രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുള്ളത് സിവിൽ സപ്ലൈസ് കേർപ്പറേഷനിൽ നിന്നുമാണ്. മെഡിക്കൽ സർവ്വീസ് കേർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമാകുന്നില്ലെങ്കിൽ ബന്ധപ്പെട്ട ആശുപത്രി മാനേജിങ്ങ് കമ്മിറ്റിയുടെ ശുപാർശപ്രകാരം അടിയന്തിര സാഹചര്യം മറികടക്കുന്നതിനു വേണ്ടി മാത്രം മരുന്ന് വാങ്ങാമെന്ന് സർക്കാർ നിർദ്ദേശമുണ്ടെങ്കിലും

(സബ്സിഡി മാർഗ്ഗരേഖ(ഖ.7.5.4)) ഈ നടപടികൾ പാലിക്കാതെ ജില്ലാ മെഡിക്കൽ സ്റ്റോറിൽ മരുന്ന് ലഭ്യമല്ലയെന്ന സാക്ഷ്യപത്രത്തിന്റെയും പി.എച്ച്.സി ഫാർമസിസ്റ്റിന്റെ ശുപാർശയുടെയും അടിസ്ഥാനത്തിൽ മാത്രം മുഴുവൻ മരുന്നുകളും സപ്ലൈകോയിൽ നിന്നും വാങ്ങുകയാണ് ഉണ്ടായത്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ടെങ്കിൽ ഇക്കാര്യം ഉചിത മാർഗ്ഗേണ സർക്കാരിനെ ധരിപ്പിച്ച് പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതിനുപകരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് മരുന്നുകൾ വാങ്ങിയത് ശരിയായ നടപടിക്രമമല്ല.

<u>സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ചുമതല</u>

സ.ഉ.(സാധാ) നം 3217/2015/ത.സ്വ.ഭ.വ/ 29.10.2015 ഖ.2-11-4ൽ ഗ്രാമപഞ്ചായത്തുകളിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അവയുടെ യോഗ അജണ്ടകളിൽ പാലിയേറ്റീവ് കെയർ ഒരു ഇനമായി ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതാണ്. ആരോഗ്യവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ മോണിറ്ററിംഗ് നടത്തുന്ന വർക്കിംഗ് ഗ്രൂപ്പ് പാലിയേറ്റീവ് കെയർ പ്രോജക്ടും മോണിറ്ററിംഗ് നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിലെ ബന്ധപ്പെട്ട കമ്മിറ്റികളുടെ മിനുട്സ് പരിശോധിച്ചതിൽ ഇത്തരത്തിലുള്ള ചർച്ചകൾ നടന്നതായോ, തീരുമാനങ്ങൾ എടുത്തതായോ കാണുന്നില്ല. പാലിയേറ്റീവ് കെയർ സംഘടനാ സംവിധാനം ശക്തമാക്കി പദ്ധതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾ കാരണം ഈ പദ്ധതിക്ക് വേണ്ടി ചെലഴിച്ച 7,34,586/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## <u>B)-സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി</u>

| സീ-നം | പദ്ധതി നം. & പേര് | ഫണ്ട് | ചെലവ് തുക | റിമാർക്സ് |
|---|---|---|---|---|
| 1 | പ്രൊ.നം.26/2018-19, ക്ഷയ രോഗികൾക്കുള്ള പോഷകാഹാരം. | വികസന ഫണ്ട് (ജനറൽ) | **1,18,650** | മാവേലി സ്റ്റോറുകളിൽ നിന്നും സാധനങ്ങൾ വാങ്ങി വിതരണം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ചെയ്യുകയാണ് ചെയ്തിട്ടുള്ളത് |
| 2 | പ്രൊ.നം.45/2018-19, പ്രതിരോധ കുത്തിവെയ്പ്പിനും, പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കും വാഹന സൗകര്യമൊരുക്കൽ- | വികസന ഫണ്ട് (ജനറൽ) | **99,905** | പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നതിനും, പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കും വാഹനവാടക നൽകുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. |
| ആകെ | | | **2,18,555** | |

മേൽ പ്രോജക്ടുകൾ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു

1)പതിമൂന്നാം പദ്ധതി മാർഗ്ഗരേഖകളിൽ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് ഇത്തരത്തിലുള്ള ചെലവുകൾ ഏറ്റെടുത്ത് നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല.

2)2018-19 വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗരേഖയിലെ [സ.ഉ(കൈ)നം.22/2018/തസ്വഭവ തീ.14.02.2018]സർക്കാർ ഉത്തരവിൽ

നിർദ്ദേശിക്കാത്ത ഇനമാണ് വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ മേൽ പ്രവർത്തികൾ. ഈ ഉത്തരവിലെ ഖണ്ഡിക 2 ൽ, ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന്, സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയതിനു ശേഷമേ പദ്ധതി തയ്യാറാക്കാവൂ എന്നും നിഷ്കർഷിക്കുന്നുണ്ട്. 2018-19 വർഷത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിട്ടില്ല.

3)സ.ഉ(കൈ)നം.11/2018/തസ്വഭവ തീ.29.01.2018- ഉത്തരവിലെ ഖണ്ഡിക നം- 7.7.2(6)-ൽ സ്വന്തമായി വാഹനമില്ലാത്ത പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് വാഹന വാടകനല്കുന്ന പ്രോജക്ടുകൾ ഏറ്റെടുക്കാമെന്ന് പറയുന്നുണ്ട്, എന്നാൽ ആരോഗ്യ വകുപ്പിൽ ഫീൽഡ് തല ജോലികൾ നിർവ്വഹിക്കേണ്ടി വരുന്ന ഉദ്യോഗസ്ഥർക്ക് പി.സി.എ (പെർമെനന്റ് കൺവെയൻസ് അലവൻസ്) ശമ്പളത്തോടൊപ്പം നൽകിവരുന്നുണ്ട്. ഈ സാഹചര്യത്തിൽ ആരോഗ്യ വകുപ്പിലെ ഫീൽഡ് തല ജീവനക്കാർ അവരുടെ ദൈനംദിന ജോലിയുടെ ഭാഗമായി ചെയ്യേണ്ട കാര്യങ്ങൾക്ക് വികസന ഫണ്ട് ഉപയോഗിച്ച് വാഹനം വാടകയ്ക്ക് എടുക്കുന്നത് ശരിയായ നടപടിയല്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ഗുണഭോക്താക്കൾക്ക് ഉപകാരപ്രദമാകുന്നതിനാലാണ് മേൽ പ്രോജക്ടുകൾ നടപ്പിലാക്കിയതെന്നും, നല്ല രീതിയിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും രേഖകൾ സഹിതം മറുപടി നല്കുകയുണ്ടായി. ഭാവിയിൽ ഇത്തരത്തിലുള്ള പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചു. ആയതിനാൽ ഭാവിയിൽ മാർഗരേഖയിൽ പ്രതിപാദിക്കാത്ത ഇനങ്ങൾക്ക് പദ്ധതി തുക അനുവദിക്കുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.

# 1-32 റോഡ് ടാറിംഗ് പ്രവൃത്തി- ബിറ്റുമിന്റെ തുക തിരികെ ഈടാക്കിയത് കുറവ്- നഷ്ടം

പ്രോജക്ട് നം 226/19 (328/18)- മജീർ പള്ളക്കട്ട നടുമനെ റോഡ് ടാറിംഗ്

കൺവീനർ- നളിനാക്ഷി

ഫണ്ട്- 3,17,552 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ്- 82,448 (2016-17 ബിറ്റുമിൻ വാങ്ങാനുള്ള തുക)

3,16,198 (ബിൽ നം 43/18-19, തിയതി- 31.05.2018)

ഈ പ്രവൃത്തിക്കായി 2016-17 ൽ 82,448 രൂപ ബിറ്റുമിനും എമൽഷനും ഉള്ള തുകയായി മെയിന്റനൻസ് ഫണ്ടിൽ നിന്നും പിൻവലിക്കുകയും പ്രവൃത്തിക്ക് ആവശ്യമായ ബിറ്റുമിനും എമൽഷനും പഞ്ചായത്ത് വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2018-19 ലെ ബിൽ നം. 43/18-19, തിയതി, 31.05.2018 പ്രകാരം ഈ പ്രവൃത്തിയുടെ അന്തിമ ബിൽ നൽകിയപ്പോൾ കൺവീനറിൽ നിന്നും തിരികെ ഈടാക്കിയിട്ടുള്ളത് 70,169 രൂപ മാത്രമാണ്. 12,279 രൂപ കുറവാണ് തിരികെ ഈടാക്കിയിട്ടുള്ളത്.

ഈ പ്രവൃത്തിയുടെ എം.ബുക്കിലെ (നം 64/17-18) പേജ് 13 പ്രകാരം ഈ പ്രവൃത്തിയുടെ ആകെ മൂല്യം 3,96,279 രൂപയാണ്. എന്നാൽ 2016-17 ൽ 82,448 രൂപയും 2018-19 ൽ 3,16,198 രൂപയുമടക്കം ആകെ 3,98,646 രൂപ പഞ്ചായത്ത് ചെലവ് ചെയ്തിട്ടുണ്ട്. ആകെ പ്രവൃത്തി മൂല്യത്തെക്കാൾ 2,367 രൂപ അധികം ചെലവ് ചെയ്തിട്ടുണ്ട്.

മേൽ അപാകതകൾ 03.12.2019 ലെ ഓഡിറ്റ് എൻക്വയറി നം 11 മുഖേന അസിസ്റ്റന്റ് എഞ്ചിനീയറുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടെങ്കിലും മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ, 14,646 രൂപ പ്രവൃത്തിയുടെ അന്തിമ ബിൽ നൽകിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടക്കേണ്ടതാണ്.

# 1-33 ഗുണഭോക്തൃ സമിതി നടപ്പിലാക്കിയ പ്രവൃത്തി- ഓവർഹെഡ് ചാർജസ് കുറവ് ചെയ്തതിൽ അപാകത-

## നഷ്ടം

പ്രവൃത്തിയുടെ പേര്- ചിമ്മിനടുക്ക മസ്ജിദ് റോഡ് റീടാറിംഗ് (പ്രോജക്റ്റ് നം 237/19)

ഫണ്ട്- 4 ലക്ഷം (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)

കൺവീനർ- - ശ്രീ.ഇബ്രാഹിം.കെ.എം

കരാർ നം 86/AE/LSGD/16-17 തിയതി 23.03.2017

എസ്റ്റിമേറ്റ്- 4,00,000 രൂപ

സാങ്കേതികാനുമതി- LSGD/TS/2016-17/67421 DATED 16.01.2017

പേമെന്റ്- ബിൽ നം 26/18-19, തിയതി 23.03.2018, തുക- 2,16,329

എം. ബുക്ക് നം 98

ഈ പ്രവൃത്തി നടപ്പിലാക്കിയത് ഗുണഭോക്തൃ സമിതിയാണ്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 2014 ലെ ഡെൽഹി നിരക്കുകളും MORD ഡാറ്റയും അവലംബിച്ചാണ്. എസ്റ്റിമേറ്റിൽ 10% ഓവർഹെഡ് ചാർജസ് അനുവദിച്ചിട്ടുണ്ട്.ജി.ഒ(പി)നം.30/2016/ഫിൻ, തിയതി 29.02.2016 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെഎസ്റ്റിമേറ്റുകളിൽ 7.5% ഓവർഹെഡ് ചാർജസ് മാത്രമേ ഉൾപ്പെടുത്താവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ, 2.5% ഓവർഹെഡ് ചാർജ് പ്രവൃത്തിയുടെ അന്തിമ ബിൽ തുക നൽകുമ്പോൾ ക്രമീകരിക്കേണ്ടിയിരുന്നു.

പ്രവൃത്തിയുടെ ആകെ മൂല്യം- 3,11,078

ഓവ്വഹെഡ് ചാർജിനത്തിൽ കുറവ് ചെയ്യേണ്ടിയിരുന്ന 2.5% തുക- 7,777

ഓവ്വഹെഡ് ചാർജിനത്തിൽ കുറവ് ചെയ്ത തുക- 3,097

കുറവ്- 4,680 രൂപ

മേൽ അപാകതയ്ക്ക് 03.12.2019 ലെ ഓഡിറ്റ് എൻക്വയറി നം 12 മുഖേന വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. ആയതിനാൽ, പഞ്ചായത്തിനുണ്ടായ നഷ്ടം പ്രവൃത്തിയുടെ അന്തിമ പേമെന്റ് നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

# 1-34 ഓവുചാലുകളുടെ നിർമാണം- സെന്ററിംഗ് ആന്റ് ഷട്ടറിംഗിന് ഉയർന്ന നിരക്ക് അനുവദിച്ചിരിക്കുന്നു.

2018-19 വർഷം വിവിധ റോഡുകളിൽ കോൺക്രീറ്റ് ഓവു ചാലുകൾ നിർമിച്ചിട്ടുണ്ട്. ഡി.എസ്.ആർ 2016 അടിസ്ഥാനമാക്കി നിർമിച്ച ഈ എസ്റ്റിമേറ്റുകളിൽ ഓവുചാലുകളുടെ ബെഡ് 1:4:8 തോതിൽ 40mm കല്ലുപയോഗിച്ചുള്ള കോൺക്രീറ്റും ഓവുചാലുകളുടെ പാർശ്വ ഭിത്തികൾ 1:3:6 തോതിൽ 40 mm കല്ലുപയോഗിച്ചുള്ള കോൺക്രീറ്റും ഉൾപ്പെടുത്തിയാണ് പ്രവൃത്തികൾ നിർവഹണം നടത്തിയിട്ടുള്ളത്. പാർശ്വ ഭിത്തികളുടെ കോൺക്രീറ്റിന് ആവശ്യമായ സെന്ററിംഗ് ആന്റ് ഷട്ടറിംഗിന്റെ നിരക്ക് ചില എസ്റ്റിമേറ്റുകളിൽ ഡി.എസ്.ആർ 2016 ലെ കോഡ് 5.9.2 പ്രകാരമുള്ള നിരക്കുകളും ചില എസ്റ്റിമേറ്റുകളിൽ കോഡ് 5.9.1, 4.3.1 തുടങ്ങിയ നിരക്കുകളും അനുവദിച്ചു കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | സെന്ററിംഗ് ആന്റ് ഷട്ടറിംഗിന് അനുവദിച്ച കോഡ്, നിരക്ക് | |
|---|---|---|---|
| | | കോഡ് | നിരക്ക് |
| 1 | ശക്തിനഗർ റോഡ് റീടാറിംഗ് (309/19) സ്പിൽ ഓവർ | 5.9.2 | 459.33/sqm |
| | | | |

| | | | |
|---|---|---|---|
| 2 | വി.എം നഗർ കുമാരമംഗലം റോഡ് ഡ്രെയിൻ | 5.9.2 | 496.18/sqm |
| | ബിർമിനടുക്ക എവിഞ്ചെ റോഡ് ഡ്രെയിനേജ് (145/19) | 5.9.1 | 268.12/sqm |
| 3 | വി.എം നഗർ മോളയാർ ഡ്രെയിൻ (153/19) | 4.3.1 | 268.12/sqm |

ഇപ്രകാരം ഒരേ കാലയളവിൽ നടപ്പിലാക്കിയ ഒരേ തരം പ്രവൃത്തി ഇനത്തിന് വ്യത്യസ്ത കോഡുകൾ പ്രകാരമുള്ള നിരക്കുകൾ അനുവദിച്ചിട്ടുള്ളതായി കാണുന്നു.

കോഡ് 4.3.1, 5.9.1 എന്നിവ ഫൗണ്ടേഷനുകൾ, ഫൂട്ടിങ്ങുകൾ തുടങ്ങിയവയ്ക്കുള്ള സെന്ററിംഗ് ആന്റ് ഷട്ടറിംഗിനുള്ള സ്പെസിഫിക്കേഷനുകളും നിരക്കുമാണ്. കോഡ് 5.9.2 റീറ്റെയിനിങ്ങ് ഭിത്തികൾക്കു വേണ്ടിയുള്ള സെന്ററിംഗ് ആന്റ് ഷട്ടറിംഗിനുള്ള സ്പെസിഫിക്കേഷനുകളും നിരക്കുമാണ്. ഇതിൽ കോൺക്രീറ്റ് ചുമരുകളുടെ ഇരു വശങ്ങളും ഷട്ടറിങ്ങ് നടത്തുന്നതിനുള്ള നിരക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് ഭൂനിരപ്പിനു കീഴിൽ ഒരു ഭിത്തിയുടെ ഒരു വശം മാത്രം ഷട്ടറിങ്ങ് നടത്തി കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തികളിൽ കോഡ് 5.9.2 പ്രകാരമുള്ള നിരക്ക് അധികമാണ്. ഇതിന് കോഡ് 4.3.1/ 5.9.1 പ്രകാരമുള്ള നിരക്ക് അനുവദിക്കുന്നതായിരുന്നു അഭികാമ്യവും മിതകരവും. ചില പ്രവൃത്തികളിൽ സെന്ററിങ്ങ് ആന്റ് ഷട്ടറിങ്ങിന് കോഡ് 5.9.2 പ്രകാരമുള്ള നിരക്ക് അനുവദിച്ചതിനാൽ ഈ പ്രവൃത്തികൾക്കുള്ള ചെലവ് മിതകരമാണെന്ന് വിലയിരുത്താനാവില്ല. ഈ പ്രവൃത്തികളിൽ സെന്ററിംഗ് ആന്റ് ഷട്ടറിങ്ങിന് ഓവുചാവുകളുടെ ബെഡ് കോൺക്രീറ്റിന് അനുവദിച്ച മൂല്യത്തെക്കാൾ അധികം മൂല്യം അനുവദിച്ചിട്ടുണ്ട് എന്നതിൽ നിന്നു തന്നെ കോഡ് 5.9.2 പ്രകാരമുള്ള നിരക്ക് മിതകരമായിരുന്നില്ല എന്ന് അനുമാനിക്കാവുന്നതാണ്.

ആയതിനാൽ റോഡുകളുടെ കോൺക്രീറ്റ് ഡ്രെയിനേജുകൾ നിർമിക്കുന്ന പ്രവൃത്തികളിൽ പാർശ്വ ഭിത്തികൾ 1:3:6 തോതിൽ കോൺക്രീറ്റ് ചെയ്യുന്നതിനുള്ള സെന്ററിംഗ് ആന്റ് ഷട്ടറിങ്ങിന് കോഡ് 5.9.2 പ്രകാരമുള്ള നിരക്ക് അനുവദിച്ചത് അംഗീകരിക്കാനാവില്ല. ഇതിന് കോഡ് 5.9.1 പ്രകാരമുള്ള ഷട്ടറിങ്ങ് നിരക്ക് ആയിരുന്നു അനുവദിക്കേണ്ടിയിരുന്നത്. പഞ്ചായത്തിനുണ്ടായ അധികച്ചെലവ് ചുവടെ കണക്കാക്കുന്നു.

| ക്രമനം | പ്രവൃത്തി, മറ്റു വിവരങ്ങൾ | സെന്ററിംഗ് & ഷട്ടറിങ്ങ് എസ്റ്റിമേറ്റിലെ വിവരങ്ങൾ | | സെന്ററിംഗ് & ഷട്ടറിങ്ങ്, എം. ബുക്കിലെ വിവരങ്ങൾ | | അനുവദനീയമായ നിരക്ക്, മൂല്യം | |
|---|---|---|---|---|---|---|---|
| | | ഇനം | അളവ് | ഇനം | അളവ് | | |
| 1 | ശക്തിനഗർ റോഡ് റീടാറിംഗ് (309/19) സ്പിൽ ഓവർ<br>ചെലവ്- ബിൽ നം 45/18-19, തുക 3,64,070രൂപ<br>കൺവീനർ- ശേഷപ്പ<br>എസ്റ്റിമേറ്റ്- 4 ലക്ഷം (കോസ്റ്റ് ഇൻഡക്സ്- 36.19%) | ഭാഗം 2, ഇനം 5 | കോഡ് 5.9.2<br>132 sqm @ 459.33/sqm= 60,631.56 | 5 | കോഡ് 5.9.2<br>132 sqm @ 459.33/sqm= 60,631.56 | 246.92/sqm<br>132 sqm @246.92/sqm = 32,593.44 | 28,038.12 |
| 2 | വി.എം നഗർ കുമാരമംഗലം | ഇനം 3 | കോഡ് 5.9.2<br>66 sqm @ 496.18/sqm= | 3 | കോഡ് 5.9.2<br>69.30 sqm @ 496.18/sqm= | 254.19/sqm<br>69.30 sqm @254.19/sqm = | 16,769.90 |

| | | | | | | | |
|---|---|---|---|---|---|---|---|
| | റോഡ് ഡ്രെയിൻ (316/19)<br>ചെലവ്- ബിൽ നം 50/18-19, തുക 1,95,413രൂപ<br>കൺവീനർ- രവീന്ദ്ര<br>എസ്റ്റിമേറ്റ്- 2 ലക്ഷം (കോസ്റ്റ് ഇൻഡക്സ്- 40.2%) | | 32,747.88 | | 34,385.27 | 17,615.36 | |
| | | | | | | | 44,808.02 |

മേൽ അപാകതൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14, തിയതി 03.12.2019) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രവൃത്തികളിൽ പഞ്ചായത്തിന് 44,808 രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ആയതിനാൽ ഈ ഖണ്ഡിക ഈ റിപ്പോർട്ടിലെ ഭാഗം 3 ൽ ഖണ്ഡിക 3-4 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-35 റോഡുകൾ കോൺക്രീറ്റ് ചെയ്തത്- ഡാറ്റയിൽ അപാകതകൾ

2018-19 വർഷം വിവിധ റോഡുകളുടെ പ്രതലങ്ങൾ കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. ഇതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ റോഡുകളുടെ പ്രതലങ്ങളുടെ സബ് ബേസ്, ബേസ് കോൺക്രീറ്റുകൾക്ക് ഒബ്സേർവ്ഡ് ഡാറ്റയാണ് തയ്യാറാക്കിക്കാണുന്നത്. MoRD ഡാറ്റയിലെ കോഡ് 11.4.3.1 (providing concrete for plain/reinforced concrete in open foudations as per technicsal specification clause 802, 803, 1202 and 1203 – PCC grade M-20-Nominal mix (1:2:4) മോഡിഫൈ ചെയ്താണ് ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്. കോഡ് 11.4.3.1 പ്രകാരമുള്ള 1:2:4 അനുപാതത്തിലുള്ള M-20 ഗ്രേഡിലുള്ള കോൺക്രീറ്റിന്റെ ഡാറ്റയിൽ വിവിധ coarse aggregate കളായ 40mm, 20mm, 10mm എന്നിവയുടെ അളവ് വ്യത്യാസപ്പെടുത്തിയാണ് സബ് ബേസ് കോൺക്രീറ്റിന്റെ ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ തന്നെ 40mm aggregate പൂർണമായും ഒഴിവാക്കിയാണ് ബേസ് കോൺക്രീറ്റിനുള്ള ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്.

MoRD ഡാറ്റയിലെ കോഡ് 11.4.3.1 പ്രകാരമുള്ള 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റിനുള്ള ഡാറ്റ Nominal Mix ഡാറ്റയാണ്. ഈ നോമിനൽ മിക്സിന്റെ ഡാറ്റയിലെ ചേരുവകളും ചേരുവകളുടെ അനുപാതങ്ങളും മാറ്റാവുന്നതല്ല.

ആയതിനാൽ കോഡ് 11.4.3.1 ലെ വിവിധ ചേരുവകൾ മോഡിഫൈ ചെയ്ത് ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കി പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയത് ശരിയായ നടപടിയല്ല. MorRD ഡാറ്റയിൽ റോഡ് കോൺക്രീറ്റിന് നോമിനൽ മിക്സുകളുടെ ഡാറ്റ മാത്രമേ ഉള്ളൂവെങ്കിൽ M-20 ഗ്രേഡിലുള്ള മിക്സ് ഡിസൈൻ ചെയ്ത് മാത്രമേ എസ്റ്റിമേറ്റുകൾ തയ്യാറാക്കാമായിരുന്നുള്ളൂ. മിക്സ് ഡിസൈൻ ചെയ്യാതെ നോമിനൽ മിക്സുകളുടെ ചേരുവകൾ മോഡിഫൈ ചെയ്ത് എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രവൃത്തികൾ നടപ്പിലാക്കിയ നടപടികൾ ശരിയല്ല.

മേൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 22, തിയതി 03.12.2019) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ഈ പ്രവൃത്തികളുടെ ഗുണനിലവാരം, കോൺക്രീറ്റിന്റെ ഉറപ്പ്, ഈടുനിൽപ്പ് എന്നിവ സംബന്ധിച്ച തുടർ പരിശോധനകൾ പഞ്ചായത്ത് കമ്മിറ്റിയും എഞ്ചിനീയറിംഗ് വിങ്ങും സംയുക്തമായി നടത്തേണ്ടതും അത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിക്കൊപ്പം ലഭ്യമാക്കേണ്ടതുമാണ്.

# 1-36 ദിവസവേതന നിയമനം-അപാകതകൾ

ഗ്രാമ പഞ്ചായത്ത് ഓഫീസിലും , എൽ.എസ്.ജി.ഡി എഞ്ചിനിയറിങ്ങ് വിഭാഗത്തിലും ദിവസവേതന

അടിസ്ഥാനത്തിൽ ജോലിയെടുത്തവർക്ക് 2018-19 വർഷം ചുവടെ ചേർത്ത പ്രകാരം വേതനം നല്കിയിട്ടുണ്ട്.

| നിയമനം ലഭിച്ച വ്യക്തികളുടെ പേര് | തസ്തിക | വേതനം ഇനത്തിൽ 2018-19 വർഷം നൽകിയ തുക | ബിൽ നം .തിയതി |
|---|---|---|---|
| ജസീന.ബി | ക്ലാർക്ക് (lsgd) | 1,91,940/- | 39/17.4.18, 96/8.5.18, 218/27.6.18,255/9.7.18, 314/10.8.18, 387/6.9.18, 446/3.10.18, 543/31.10.18, 628/10.12.18,707/4.1.19, 837/28.2.19,915/14.3.19 |
| വിജയലക്ഷ്മി | നഴ്സറിസ്കൂൾ ടീച്ചർ | 1,44,000/- | 13/4.4.2018, 76/3.5.2018, 142/1.6.18, 231/2.7.18, 342/20.8.18, 342/20.8.18, 456/3.10.18, 542/31.10.18, 593/1.12.18, 690/4.1.19, 792/01.2.19, 880/01.3.2019 |
| രാജേഷ്.കെ | ഡി.ഇ.ഒ | 2,13,275/- | ചെ.നം.879005/5.4.18, 83/3.5.2018, 148/1.6.2018, 232/2.7.2018,295/2.8.2018, 362/4.9.2018, 449/3.10.18, 544/31.10.18, 602/1.12.18, 705/4.1.19, 796/01.2.19 & 881/01.3.2019 |
| മുഹമ്മദ് ഹാരീസ് | ആംബുലൻസ് ഡ്രൈവർ | 1,14,300/- | 297/02.8..18, 363/04.9.18 540/31.10.18, 623/4.12.18 706/4.1.19, 799/01.2.19, 879/01.3.2019 |
| അബ്ദുൾ നസ്സീർ | ക്ലാർക്ക് പഞ്ചായത്ത് | 63,025/- | 546/31.10.18,625/4.12.18, 708/4.1.19, 795/01.2.2019 877/01.3.2019 |
| ചിത്രശ്രീ | ക്ലാർക്ക് പഞ്ചായത്ത് | 96,062/- | 486/17.10.18, 548/31.10.18 621/4.12.18, 704/4.1.19, 806/01.2.19, 878/01.3.2019 |
| സക്കീർ ബി.കെ | ക്ലാർക്ക് പഞ്ചായത്ത് | 71,413/- | 487/17.10.18, 547/31.10.18 624/4.12.18, 709/4.1.19 794/01.2.19, 876/01.3.2019 |
| സോമപ്പ നായിക് | ഡ്രൈവർ (ആംബുലൻസ്& ഓഫീസ്) | 89,600/- | ചെ.നം.879006/5.4.18 82/3.5.18, 149/01.06.18 |

| | | | |
|---|---|---|---|
| | | | 239/03.7.18, 296/02.8..18<br>360/04.9.18 |
| | | 9,83,615/- | |

ദിവസവേതന നിയമനവുമയി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച 28.2.2016 ലെ ജി.ഒ(പി)നം.28/2016 ഫിൻ ഉത്തരവ്, സർക്കുലർ.നം 03/2019/ധന.തിയതി 11.01.2019 എന്നിവയിലെ പല നിർദ്ദേശങ്ങളും പാലിക്കാതെയാണ് ഗ്രാമ പഞ്ചായത്തിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തിവരുന്നത് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**എ)** സർക്കാർ സ്ഥാപനങ്ങളും, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും ദിവസവേത/കരാർ നിയമനങ്ങളും പരമാവധി ഒഴിവാക്കേണ്ടതാണെന്നും അത്യാവശ്യഘട്ടങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തണമെന്ന മേൽ ഉത്തരവിലെ വ്യവസ്ഥ ഗ്രാമ പഞ്ചായത്തിൽ പാലിച്ചിട്ടില്ല.

**ബി)** ഗ്രാമ പഞ്ചായത്തിൽ നിലവിലില്ലാത്ത തസ്തികകളായ , ഡാറ്റാ എൻട്രി ഓപ്പറേറ്റർ, നഴ്സറി ടീച്ചർ, എന്നീ തസ്തികകളിൽ വർഷങ്ങളായി ഒരേ വ്യക്തികൾ തന്നെ ജോലിയിൽ തുടരുന്ന സ്ഥിതിയാണുള്ളത്. അതു പോലെ എൻഡോസൾഫാൻ പാക്കേജിൽ ലഭിച്ച ആംബുലൻസിന്റെ ഡ്രൈവറെയും ദിവസവേതന അടിസ്ഥാനത്തിൽ തന്നെയാണ് നിയമിച്ചിട്ടുള്ളത്.അംഗീകൃതമല്ലാത്ത തസ്തികകളിൽ നിയമനം നടത്തുന്നത് സർക്കാറിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണെന്നുള്ള നിർദ്ദേശം ഗ്രാമ പഞ്ചായത്തിൽ പാലിച്ചുകാണുന്നില്ല (സർക്കുലർ.നം 03/2019/ധന.തിയതി 11.01.2019) . മേൽ പട്ടികയിൽ മിക്ക തസ്തികകളിലും മൂന്നുമാസത്തേയ്ക്ക് നിയമനം നടത്തി പിന്നീട് ഭരണ സമിതി കാലാവധി ദീർഘിപ്പിച്ച് നല്കുകയാണ് ചെയ്തിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള രണ്ട് പാർട് ടൈം തസ്തികൾ വർഷങ്ങളായി ഒഴിഞ്ഞ് കിടക്കുകയാണ്. (പതിനൊന്നിന പരിപാടിയിൽ ആരംഭിച്ച ഗ്രാമ പഞ്ചായത്തിലെ ചെടേക്കാൽ നഴ്സറി സ്കൂൾ, അങ്കണവാടിയായി മാറ്റിയതിനെ തുടർന്ന് ജോലി നഷ്ടപ്പെട്ട നഴ്സറി സ്കൂൾ ടീച്ചറെ നിലവിൽ ഗ്രാമ പഞ്ചായത്തിൽ ഓഫീസ് സഹായി എന്ന നിലയിൽ നിയമിച്ചിട്ടുണ്ട്. നഴ്സറി സ്കൂൾ ടീച്ചർ എന്ന തസ്തിക നിലവിലില്ലെങ്കിലും നഴ്സറി സ്കൂൾ ടീച്ചർ എന്ന പേരിലാണ് വേതനം നല്കുന്നത്. ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള ഏതെങ്കിലും പാർട്ടൈം തസ്തികയിൽ നിയമനം നല്കണമെന്നാവശ്യപ്പെട്ട് കേരള നിയമ സഭ പട്ടിക വർഗ്ഗ ക്ഷേമ സമിതി (2011-12) ക്ക് പ്രസ്തുത വ്യക്തി പരാതി നല്കുകയതിനെ തുടർന്ന് ഗ്രാമ പഞ്ചായത്ത് ഭരണസമിതി ഇത് സംബന്ധിച്ച അനുകൂല തീരുമാനം പഞ്ചായത്ത് ഡെപ്യൂട്ടിഡയറക്ടറെ അറിയിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ അന്തിമ തീരുമാനം ആയിട്ടില്ല.).

**സി)** തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിങ്ങ് വിഭാഗത്തിൽ അത്യാവശ്യ ഘട്ടങ്ങളിൽ ഓവർസിയർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കാമെന്ന് സർക്കാർ ഉത്തരവുണ്ട്. എന്നാൽ ക്ലറിക്കൽ തസ്തികയിൽ ഗ്രാമ പഞ്ചായത്ത് മുഖേന നിയമനം നടത്താമെന്നത് സംബന്ധിച്ച് ഉത്തരവ് ലഭ്യമല്ല. ഇത്തരം കാര്യങ്ങൾ ബന്ധപ്പെട്ട ഭരണ വകുപ്പാണ് നിർവ്വഹിക്കേണ്ടത്. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിങ്ങ് വിഭാഗത്തിൽ ക്ലാർക്ക് തസ്തികയിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ നിന്നും വേതനം നല്കിയിട്ടുണ്ട്. എന്നാൽ ഇതിന് ബന്ധപ്പെട്ട ഭരണ വകുപ്പിൽ നിന്നും അനുമതിയോ, അംഗീകാരമോ വാങ്ങിയിട്ടില്ല.

**ഡി)** അതുപോലെ തന്നെ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ ക്ലാർക്കുമാരുടെ ഒഴിവിലേയ്ക്ക് 2018-19 വർഷം ദിവസവേതന അടിസ്ഥാനത്തിൽ മൂന്ന് പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ഇതിനായി പത്രപരസ്യം നല്കി ഇന്റർവ്യൂ നടത്തിയാണ് നിയമനം നടത്തിയത്. എന്നാൽ ഇതിന് സംസ്ഥാന സർക്കാരിൽ നിന്നോ , നിയമനാധികാരിയായ കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നോ, മുൻകൂർ അനുമതിയോ അംഗീകാരമോ നേടിയിട്ടില്ല. അതു പോലെ പ്രസ്തുത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുമില്ല.

**ഇ)** കരാർ/ദിവസവേതന നിയമനങ്ങൾ നടത്തുമ്പോൾ പ്രസ്തുത തസ്തികയിൽ സ്ഥിരനിയമനത്തിന് ഉദ്യോഗാർത്ഥികൾക്ക് യാതൊരുവിധ അവകാശവാദവും ഉന്നയിക്കാൻ സാധിക്കുകയില്ലായെന്ന വ്യവസ്ഥ ഉദ്യോഗാർഥികളിൽ നിന്നും രേഖാമൂലം എഴുതി വാങ്ങിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ നിയമിക്കപ്പെടുന്ന റഗുലർ ജീവനക്കാർ അവധിയെടുക്കുന്നതും, സ്ഥലംമാറിപ്പോകുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ യഥാസമയം നികത്താത്തിനാലുമാണ് ഇത്തരത്തിൽ ദിവസവേത നിയമനം നടത്തുന്നതെന്ന് അധികൃതർ അറിയിക്കുകയുണ്ടായി. എന്നിരുന്നാലും നിലവിലുള്ള സർക്കാർ മാനദണ്ഡങ്ങൾ പാലിക്കേണ്ട ഉത്തരവാദിത്വം ഗ്രാമ പഞ്ചായത്തിനുണ്ട്. ഗ്രാമ പഞ്ചായത്തിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം മേലധികാരികളെ അറിയിച്ച് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ട ഉത്തരവാദിത്വം ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയ്ക്കുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരമല്ലാതെയുള്ള ദിവസവേതന നിയമനങ്ങൾ മൂലമുണ്ടാകുന്ന ചെലവ് ബന്ധപ്പെട്ട ഓഫീസ് തലവൻമാരുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുമെന്ന് ധനകാര്യവകുപ്പിന്റെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ

ഇക്കാര്യം പരിശോധിച്ച് 2018-19 വർഷം ദിവസവേതന നിയമനം നടത്തിയതുമൂലമുണ്ടായ മുഴവൻ ചെലവുകൾക്കും ഭരണ വകുപ്പിൽ നിന്നുമുള്ള സാധൂകരണ ഉത്തരവ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ദിവസവേതന നിയമനം സംബന്ധിച്ച് ധനകാര്യവകുപ്പ് കാലാകാലങ്ങളിൽ പുറത്തിറക്കുന്ന ഉത്തരവുകൾ കർശനമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-37 ചെലവ് വൗച്ചറുകളോടൊപ്പം തുക കൈപ്പറ്റ് രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല-അപാകതകൾ

2018-19 വർഷം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടത്തിയ ചെലവുകളുമായി ബന്ധപ്പെട്ട (തനത് ഫണ്ട്) വൗച്ചറുകളുടെ സൂക്ഷിപ്പിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ വേണ്ടത്ര ശ്രദ്ധ പുലർത്താത്തതായി കാണുകയുണ്ടായി. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും വിവിധ റിക്കവറി ഇനങ്ങളിൽ ഒടുക്കുന്ന തുകകളുമായി ബന്ധപ്പെട്ട ഭൂരിഭാഗം ചെലവ് വൗച്ചറുകളിലും കൈപ്പറ്റ് രസീതി സൂക്ഷിച്ചിട്ടില്ല ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ഓഡിറ്റ് റിക്വിസിഷൻ നം.5/തി. 30.11.2019 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇതു സംബന്ധിച്ച രേഖകൾ ഭാഗികമായി മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. തുക ഒടുക്കിയതിന്റെ കൈപ്പറ്റ് രേഖകൾ/ ചലാൻ രസീതികൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ പ്രസ്തുത ചെലവിനങ്ങളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. കൈപ്പറ്റ് രേഖകൾ/ ചലാൻ രസീതികൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്ത ചെലവുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ.നം തിയതി | ഇനം | തുക | റിമാർക്സ് |
|---|---|---|---|
| 1 | 2 | 3 | 4 |
| 28/9-4-2018 to 37/9-4-2018 | LIC | 1626 | തുക ഒടുക്കിയ രസീതുകൾ/ ചലാൻ രസീത് ഹാജരാക്കിയില്ല |
| | LIC | 9202 | |
| | GPF | 15000 | |
| | KPEPF | 13750 | |
| | ,, | 66262 | |
| | SLI | 300 | |
| | GIS | 3900 | |
| | പെൻഷൻ കോൺട്രിബ്യൂഷൻ | 2906 | |
| | | | |

| | | | |
|---|---|---|---|
| | ,, | 35709 | |
| 26/9.4.18 | വാഹന ഇൻസ്പെക്ഷൻ ചാർജ്ജ് | 1050 | ചലാൻ ഹാജരാക്കിയില്ല |
| 48/25.4.2018 | മുൻ സെക്രട്ടറി പാപ്പച്ചൻ ശമ്പള പരിഷ്കരണ കുടിശ്ശിക | 53,712 | ചെലവ് രേഖകൾ ഹാജരാക്കിയില്ല |
| 84/4.5.18 to 89/4.5.18 | GPF | 25700 | തുക ഒടുക്കിയ രസീതുകൾ/ ചലാൻ രസീത് ഹാജരാക്കിയില്ല |
| | KPEPF | 51750 | |
| | SLI | 4125 | |
| | GIS | 3900 | |
| | പെൻഷൻ കോൺട്രിബ്യൂഷൻ | 40314 | |
| | LIC | 8760 | |
| 252/3.7.2018 | ഡി.എകുടിശ്ശിക ബിൽ പി.എഫിൽ ഒടുക്കിയത് | 28801 | ചലാൻ രസീത് ഹാജരാക്കിയില്ല |
| 298/2.8.2018 to 305/2.8.2018 | പെൻഷൻ കോൺട്രിബ്യൂഷൻ | 4256 | തുക ഒടുക്കിയ രസീതുകൾ/ ചലാൻ രസീത് ഹാജരാക്കിയില്ല |
| | GPF | 20000 | |
| | KPEPF | 37750 | |
| | SLI | 4250 | |
| | GIS | 3500 | |
| | പെൻഷൻ കോൺട്രിബ്യൂഷൻ | 35764 | |
| | LIC | 6613 | |
| | IT | 500 | |
| 327/17.8.18 To 330/17.8.18 | തെരുവ് വിളക്ക് കണക്ഷൻ KSEBയിൽ നിക്ഷേപിച്ചത് | 12,216 | തുക ഒടുക്കിയ രസീതില്ല |
| 345/20.8.2018 | ജീവനക്കാരുടെ യാത്രാ ബത്ത | 30975 | കൈപ്പറ്റ് രേഖ /അക്വിറ്റൻസ് ഇല്ല |
| ചെ.നം 456295/12.9.18 | മുഖ്യമന്ത്രിയുടെ ദുരിതാസ്വാസ നിധി സംഭാവന | 47837 | കൈപ്പറ്റ് രസീതി ഇല്ല |
| ചെ.നം 456297/12.9.18 | മുഖ്യമന്ത്രിയുടെ ദുരിതാസ്വാസ നിധി സംഭാവന | 100000 | കൈപ്പറ്റ് രസീതി ഇല്ല |
| 390/6.9.18 | LIC ഒടുക്കിയത് | 3,880 | കൈപ്പറ്റ് രസീതില്ല |
| 419/24.9.18 | ബി.എസ്.എൻ.എൽ ബിൽ | 5,384 | കൈപ്പറ്റ് രസീതില്ല |
| 422/24.9.18 | തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് | 21,852 | ചെലവ് രേഖകൾ ഹാജരാക്കിയില്ല |
| 425/24.9.18 | ബി.എസ്.എൻ.എൽ ബിൽ (NREGA) | 5,614 | കൈപ്പറ്റ് രസീതില്ല |
| 504/24.10.18 | Kseb ഡെപ്പോസിറ്റ് | 8216 | കൈപ്പറ്റ് രസീതില്ല |
| 512/24.10.18 | ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്നും ഫോമുകൾ വാങ്ങിയത് | 55,777 | സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിക്കാണുന്നില്ല.വിതരണ വിവരങ്ങൾ ലഭ്യമല്ല, |
| 565/15.11.18 | പഞ്ചായത്ത് വാഹനം | 8240 | തുക ഒടുക്കിയതിന്റെ രേഖ/ രസീത് |

| | | | |
|---|---|---|---|
| | ഇൻഷ്വറൻ ഒടുക്കിയത് | | ഇല്ല |
| 671/28.12.18 | ടെലഫോൺ ചാർജ്ജ് ഒടുക്കിയത് | 28918 | തുക ഒടുക്കിയതിന്റെ രേഖ/ രസീത് ഇല്ല |
| 673/28.12.18 | വൈദ്യുതി ചാർജ്ജ് ഒടുക്കിയത് | 5895 | തുക ഒടുക്കിയതിന്റെ രേഖ/ രസീത് ഇല്ല |
| 630/13.12.18 to 644/13.12.18 | KPEPF | 50950 | തുക ഒടുക്കിയ രസീതുകൾ/ ചലാൻ രസീത് ഹാജരാക്കിയില്ല |
| | SLI | 3450 | |
| | GIS | 3000 | |
| | LIC | 6207 | |
| | പെൻഷൻ കോൺട്രിബ്യൂഷൻ | 41249 | |
| | KPEPF | 12200 | |
| | KPEPF | 12200 | |
| | പെൻഷൻ കോൺട്രിബ്യൂഷൻ | 7200 | |
| | പെൻഷൻ കോൺട്രിബ്യൂഷൻ | 4605 | |
| | പെൻഷൻ കോൺട്രിബ്യൂഷൻ | 7200 | |
| | പെൻഷൻ കോൺട്രിബ്യൂഷൻ | 4605 | |
| | GIS | 400 | |
| | GIS | 400 | |
| | SLI | 200 | |
| | SLI | 200 | |
| 665/28.12.18 to 670/ 28.12.18 | GPAIS | 4400 | തുക ഒടുക്കിയ രസീതുകൾ/ ചലാൻ രസീത് ഹാജരാക്കിയില്ല |
| | പെൻഷൻ കോൺട്രിബ്യൂഷൻ | 3780 | |
| | SLI | 600 | |
| | KPEPF | 4000 | |
| | GPAIS | 800 | |
| 712/11.1,19 | ടെലഫോൺ ബിൽ | 1719 | തുക ഒടുക്കിയതിന്റെ രേഖ/ രസീത് ഇല്ല |
| 722&723/18.1.19 | കോൺട്രിബ്യൂട്ടറി പെൻഷൻ തുക | 5796 | തുക ഒടുക്കിയതിന്റെ രേഖ/ രസീത് ഇല്ല |
| 724&725/18.1.19 | ,, | 3330 | തുക ഒടുക്കിയതിന്റെ രേഖ/ രസീത് ഇല്ല |
| 839to 844/22.2.19 | ടെലഫോൺ ബിൽ | 2612 | തുക ഒടുക്കിയതിന്റെ രേഖ/ രസീത് ഇല്ല |
| 808/15.2.19 to 824/15.2.19 | SLI | 4150 | തുക ഒടുക്കിയ രസീതുകൾ/ ചലാൻ രസീത് ഹാജരാക്കിയില്ല |
| | GIS | 3400 | |
| | പെൻഷൻ കോൺട്രിബ്യൂഷൻ | 40617 | |
| | GPF | 5000 | |
| | KPEPF | 50950 | |
| | LIC | 7351 | |

| | | | |
|---|---|---|---|
| 813/15.2.19 | ഇല.ചാർജ്ജ് | 429 | തുക ഒടുക്കിയതിന്റെ രേഖ/ രസീത് ഇല്ല |
| 814/15.2.19 | ,, | 1561 | ,, |
| 815/15.2.19 | ,, | 8937 | ,, |
| 963/27.3.19 | വിവിധ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറി ചെയ്ത ഓണം അഡ്വാൻസ് തുക മറ്റ് പഞ്ചായത്തുകൾക്ക് നല്കിയത് | 15,000 | കൈപ്പറ്റ് രസീതി ലഭ്യമാക്കിയിട്ടില്ല. |
| | ആകെ | 11,32,702/- | |

റഗുലർ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ടുകൾ മുഖേന നല്കുന്നതിനാൽ ഗ്രാമ പഞ്ചായത്തിൽ അക്വിറ്റൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. എന്നാൽ പ്രസ്തുത തുകകൾ ബാങ്കിൽ ഒടുക്കിയത് സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളും പല വൗച്ചറുകളോടൊപ്പവും സൂക്ഷിച്ച് കാണുന്നില്ല. കൂടാതെ ജീവനക്കാരുടെ ശമ്പള വിവരങ്ങൾ രേഖപ്പെടുത്തുന്ന പേ ബിൽ രജിസ്റ്ററും ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല .ചെലവുകളുമായി ബന്ധപ്പെട്ട കൈപ്പറ്റ് രസീതികളും, ചലാൻ രസീതികളും ബന്ധപ്പെട്ട വൗച്ചറുകളിൽ യഥാസമയം ഫയൽ ചെയ്ത സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, സൂപ്പർവൈസിങ്ങ് ഓഫീസർമാർ എന്നിവർ വേണ്ടത്ര ജാഗ്രത പുലർത്തേണ്ടതാണ്. മേൽ പട്ടികയിൽ കോളം 4 ൽ പരാമർശിച്ച രേഖകൾ ഹാജരാക്കുന്നതുവരെ മേൽ പ്രകാരം നടത്തിയ 11,32,702 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-38 തെരുവ് വിളക്ക് പരിപാലനം-കൃത്യമായ സ്ഥിതിവിവരക്കണക്കുകൾ സൂക്ഷിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി വർഷം തോറും ഭീമമായ സംഖ്യ ചെലവഴിക്കപ്പെടുന്നുണ്ട്. 2018-19 വർഷം പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായും , തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ പദ്ധതികൾക്കുമായി 48.32 ലക്ഷം രൂപ അടങ്കലിൽ 18 പദ്ധതികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും 7.31 ലക്ഷം രൂപ ചെലവിൽ 2 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത് . ഇത് പ്രകാരം 5 സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് ക്രൂസ് മുഖേന സ്ഥാപിച്ചിട്ടുണ്ട്. 2018-19 വർഷം തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് ഇനത്തിൽ 1002059 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ കണക്കുകൾ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. തെരുവ് വിളക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല .കൂടാതെ കെ.എസ്.ഇ.ബിയുമായി സംയുക്തപരിശോധന നടത്തി ഇതു സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. തെരുവ് വിളക്കുപരിപാലനവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1).തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശത്തിൽ കെ.എസ്.ഇ.ബിയുമായി സംയുക്തപരിശോധന നടത്തി തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണക്കാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.പ്രസ്തുത നിർദ്ദേശം പാലിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ഓരോ വാർഡിലേയും തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ (പോസ്റ്റ് നമ്പർ,ഇനം, എണ്ണം ect.) ഉൾപ്പെടുത്തി തെരുവ് വിളക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച വിവരങ്ങളിൽ കൃത്യത വരുത്തി പ്രസ്തുത വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3) തെരുവ് വിളക്ക് അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പരാതി രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ പരിപാലിക്കുന്നില്ല. തെരുവ് വിളക്ക് തകരാർ സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ സംബന്ധിച്ച് പോസ്റ്റ് നമ്പർ സഹിതമുള്ള വിശദാംശങ്ങളും, അവ പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങളും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പരാതി രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

4) പുതുതായി സ്ഥാപിക്കുന്ന തെരുവ് വിളക്കുകൾക്ക് ലഭിക്കേണ്ട വാറന്റി കാലയളവിലെ സേവനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

5) പുതുതായി തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും, തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ പദ്ധതികൾക്കും, സ്ഥലങ്ങൾ തെരഞ്ഞെടുക്കുന്നത് ബന്ധപ്പെട്ട ഗ്രാമ സഭകളുടെ ശുപാർശ പരിഗണിച്ച് തന്നെ ആയിരിക്കേണ്ടതാണ്. ഗ്രാമ സഭകൾ മുഖേന ഉയരുന്ന നിർദ്ദേശങ്ങളുടെ ആവശ്യകത വർക്കിങ്ങ് ഗ്രൂപ്പുകൾ മുഖേന ചർച്ച ചെയ്ത് ആവശ്യമായ തീരുമാനങ്ങൾ എടുക്കേണ്ടതാണ്.തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതികളുടെ നടത്തിപ്പ് കെ.എസ്.ഇ.ബിയുടെ സൂപ്പർവിഷനിൽ തന്നെ നടത്തേണ്ടതാണ്. അതു പോലെ ലൈൻ ദീർഘിപ്പിക്കൽ പദ്ധതികൾക്കായി തുക നിക്ഷേപിക്കുമ്പോൾ കെ.എസ്.ഇ.ബിയുമായി കൃത്യമായി കരാർഉടമ്പടി ചമയ്ക്കുവാനും, നിശ്ചിത സമയപരിധിക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്ന കാര്യം ഉറപ്പുവരുത്തുവാനും ശ്രദ്ധിക്കേണ്ടതുമാണ്.

തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ് ഇനത്തിൽ നിലവിൽ ഭീമമായ തുക ഗ്രാമ പഞ്ചായത്ത് മാസം തോറും ഒടുക്കി വരുന്നുണ്ട്. ഇനിയും പുതുതായി തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമുമ്പായി പദ്ധതിയുടെ ആവശ്യകത കൃത്യമായി വിലയിരുത്തപ്പെടേണ്ടതാണ്. അതുപോലെ തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് മേൽ പരാമർശിച്ച നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതും,. ഇക്കാര്യത്തിലുള്ള പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-39 ചരക്ക് സേവന നികുതി -സ്രോതസ്സിൽ നിന്നും - കിഴിവ് വരുത്തിയിട്ടില്ല.

കേന്ദ്ര/സംസ്ഥാന ചരക്ക് സേവന നികുതി നിയമം 2017 വകുപ്പ് 51(1) , കേന്ദ്ര ധനകാര്യവകുപ്പിന്റെ 13.09.2018 ലെ 50/2018 (Central Tax) വിജ്ഞാപനം എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു കരാർ അടിസ്ഥാനത്തിൽ നികുതി ബാധകമായ എതെങ്കിലും ചരക്ക് വാങ്ങുകയോ സേവനം സ്വീകരിക്കുകയോ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ടി ചരക്ക്/സേവനം നല്കിയ ദാതാവിന് (Supplier) പണം പൂർണ്ണമായോ ഭാഗീകമായോ നൽകുന്ന സമയത്ത് കരാർ തുക ജി.എസ്.ടി ഉൾപ്പെടുത്താതെ രണ്ടരലക്ഷം രൂപയിൽ അധികരിച്ചാൽ സംസ്ഥാനത്തിനകത്ത് നടന്ന സപ്ലൈ ആണെങ്കിൽ നൽകുന്ന തുകയിൽ നിന്ന് 1% SGST യും , 1% CGSTയും TDS ഇനത്തിൽ കിഴിവ് വരുത്തേണ്ടതാണ്. ഈ വ്യവസ്ഥയ്ക്ക് 1.10.2018 മുതൽ പ്രാബല്യമുണ്ട്. ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം നടത്തിയ ചുവടെ ചേർത്ത പദ്ധതികളുമായി ബന്ധപ്പെട്ട് തുക നൽകുമ്പോൾ സ്രോതസ്സിൽ നിന്നും ഈടാക്കേണ്ട ജി.എസ്.ടി കിഴിവ് വരുത്താതെയാണ് ബിൽ തുകകൾ അനുവദിച്ചിട്ടുള്ളത്.

| ക്രമ നമ്പർ | പദ്ധതി വിശദാംശം | സപ്ലൈയറുടെ പേര് | ഇൻവോയ്സ് നം . & തുക |
|---|---|---|---|
| 1 | പ്രൊ.നം 325/18-19 സ്കൂളുകൾക്ക് ഫർണിച്ചർ (നിർവ്വഹണം ഹെഡ്മാസ്റ്റർ) | ARTCO കോഴിക്കോട് | ഇൻവോയ്സ് നം.100/ 24.10.2018 ₹6,00,000/ |
| 2 | പ്രൊ.നം137/18-19-വിദ്യാർത്ഥികൾക്ക് ഫർണിച്ചർ | ARTCO | ഇൻവോയ്സ് നം.83/ |

| | | | |
|---|---|---|---|
| | (എസ്.സി) (നിർവ്വഹണം ഹെഡ്മാസ്റ്റർ) | കോഴിക്കോട് | 03.10.2018 ₹3,00,000/ |
| 3 | പ്രൊ.നം 97/18-19- വൃദ്ധർക്ക് കട്ടിൽ (ടി.എസ്.പി) (നിർവ്വഹണം -അസി.സെക്രട്ടറി ) | ARTCO കോഴിക്കോട് | ഇൻവോയ്സ് നം.311/ 02-02-2019 ₹3,95,803/- |
| 4 | പ്രൊ.നം 330/18-19- വൃദ്ധർക്ക് കട്ടിൽ (എസ്.സി) (നിർവ്വഹണം അസി.സെക്രട്ടറി ) | ARTCO കോഴിക്കോട് | ഇൻവോയ്സ് നം.102/ 26-10-2018 ₹4,87,200/- |

മേൽ പരാമർശിച്ചപ്രകാരം പർച്ചേസ് ബില്ലുകളിൽ നിന്നും ജി.എസ്.ടി കിഴിവ് വരുത്തണമെന്ന സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കാതിരുന്നതിന്റെ കാരണം വിശദമാക്കേണ്ടതാണ്. മേൽ ഇൻവോയ്സുകൾ പ്രകാരമുള്ള മുഴുവൻ നികുതികളും ജി.എസ്.ടി വകുപ്പിൽ ഒടുക്കിയിട്ടുണ്ടെന്നുള്ള സാക്ഷ്യപത്രം ബന്ധപ്പെട്ട ജി.എസ്.ടി ഓഫീസിൽ നിന്നും ലഭ്യമാക്കുവാൻ ഫർണിച്ചർ സപ്ലൈ ചെയ്ത ARTCO കോഴിക്കോട് എന്ന സ്ഥാപനത്തിന് നിർദ്ദേശം നൽകേണ്ടതും, ആയത് ഓഡിറ്റിന് ഹാജരാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-40 പദ്ധതി രൂപീകരണം- ചെലവ് രേഖകളുടെ സൂക്ഷിപ്പിൽ അപാകതകൾ

പദ്ധതി രൂപീകരണ ചെലവിനത്തിൽ 58,484 രൂപ വൗ.നം 21800312 തി.3.8.18 പ്രകാരം തനത് ഫണ്ടിൽ നിന്നും ചുവടെ ചേർത്ത പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | പദ്ധതി ഫോറം പ്രിന്റിങ്ങ്. റെയിൻബോ ഓഫ് സെറ്റ് പ്രസ്സ് ബദിയഡുക്ക | 48,500 |
| 2 | ഗ്രാമ സഭാ ചെലവ് -പത്താം വാർഡ് (7.7.2017,20.11.2017, 21.2.2018, 27.6.2018) | 4000 |
| 3 | ഗ്രാമ സഭാ ചെലവ് -പതിനാറാം വാർഡ് (28.11.2017, 23.2.2018) | 2000 |
| 4 | ഗ്രാമ സഭാ ചെലവ് -പതിനാലാം വാർഡ് 21.6.2018 | 1000 |
| 5 | ഗ്രാമ സഭാ ചെലവ് -പതിനേഴാം വാർഡ് 27.6.2018 | 1240 |
| 6 | പത്ര പരസ്യം -ഉദയവാണി | 1744 |
| | ആകെ | 58,484 |

ഇതുമായി ബന്ധപ്പെട്ട ചെലവ് രേഖകളുടെ സൂക്ഷിപ്പിൽ ചുവടെ ചേർത്ത ന്യൂനതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി

1) മേൽ തുകകൾ ബന്ധപ്പെട്ട വ്യക്തികൾ/സ്ഥാപനങ്ങൾ കൈപ്പറ്റിയതിന്റ രസീതുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) ഫോമുകൾ/പദ്ധതിരേഖ അച്ചടിക്കുവാൻ ക്വട്ടേഷൻ വിളിച്ചിട്ടുണ്ടെങ്കിലും റെയിൻബോ ഒഫ് സെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനം നല്കിയ ക്വട്ടേഷൻ മാത്രമേ ഫയലിൽ കാണുന്നുള്ളൂ. ഇതിനായി മറ്റു ക്വട്ടേഷനുകൾ ലഭിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഒരു

ക്വട്ടേഷൻ മാത്രം പരിഗണിച്ച് അച്ചടി ജോലികൾ കരാർ നല്കവാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്.

3) മേൽ പ്രകാരം അച്ചടിച്ച വിവിധ ഫോമുകൾ സ്റ്റോക്കിലെടുത്ത് ആ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4) റെയിൻബോ ഒഫ് സെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനം നല്കിയ ബില്ലിൽ 48,500 രൂപ എന്നത് റൗണ്ട് ചെയ്ത് 47250 എന്ന രേഖപ്പെടുത്തിയിട്ടുണ്ട്, ബില്ല് പ്രകാരമുള്ള തുക 48500 രൂപയാണോ, 47250 രൂപയോണോ എന്നത് പരിശോധിച്ച് യഥാർത്ഥബിൽ തുക 47,250 രൂപയാണെങ്കിൽ അധികം നൽകിയ 1250 രൂപ മേൽ സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

മേൽ ന്യൂനതകൾ ഓഡിറ്റ് എൻക്വയറി നം 06/30.11.2019 പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അപാകതകൾ പരിഹരിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.ആയതുവരെ മേൽപ്രകാരം നടത്തിയ 58,484 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-41 വൃദ്ധർക്ക് കട്ടിൽ വിതരണം (എസ്.സി./എസ്.ടി) -കട്ടിൽ വിതരണം പൂർത്തീകരിച്ചിട്ടില്ല-അപാകതകൾ

വൃദ്ധർക്ക് കട്ടിൽ വിതരണം പദ്ധതിപ്രകാരം പ്രൊ.നം 330/18-19(SO) (എസ്.സി.പി) പ്രകാരം 4,87,200 രൂപയും, പ്രൊ.നം 97/18-19 (ടി.എസ്.പി) പ്രകാരം 3,95,803 രൂപയും നിർവ്വഹണ ഉദ്യോഗസ്ഥൻ അസി.സെക്രട്ടറി 2018-19 വർഷം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽ രണ്ട് പദ്ധതിപ്രകാരം വാങ്ങിയ കട്ടിലുകൾ ഭാഗീകമായി മാത്രമാണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളത് വിശദാംശം ചുവടെ ചേർക്കുന്നു

| പ്രൊജക്റ്റ് വിശദാംശം | ട്രഷറി ബിൽ നം .തുക | വാങ്ങിയ കട്ടിലുകൾ & യൂണിറ്റ് നിരക്ക് | ലഭ്യമായരേഖകൾ പ്രകാരം വിതരണം ചെയ്തവ | വിതരണം ചെയ്യുവാൻ അവശേഷിക്കുന്ന കട്ടിലുകൾ |
|---|---|---|---|---|
| പ്രൊ.നം 330/18-19(SO) (എസ്.സി.പി) | 1/28.12.2018, ₹4,87,200/- | 112 @4350 (ഇൻവോയ്സ് നം 102/ തി.26.10.2018 ARTCO കോഴിക്കോട് | 98 | 14 |
| പ്രൊ.നം 97/18-19 (ടി.എസ്.പി) | 2/26.3.2019 3,95,803 | 91@4350 (ഇൻവോയ്സ് നം 311 തി. 2.2.2019 ARTCO കോഴിക്കോട് | 72 | 19 |
| ആകെ | 8,83,003 | 203 | 170 | 33 |

വാങ്ങൽ നടപടികളിലെ പ്രാഥമികമായ ഘട്ടം കൃത്യമായ ആവശ്യകത നിർണ്ണയിക്കുകയെന്നതാണ്. എന്നാൽ ഗുണഭോക്താക്കളുടെ അർഹത നിർണ്ണയിക്കാതെ (60 വയസ്സ് പൂർത്തിയാവാതെ) ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ഗുണഭോക്തൃ ലിസ്റ്റിന്റെ എണ്ണത്തിനനുസരിച്ച് കട്ടിലുകൾ വാങ്ങുകയും ചെയ്തതിനാലാണ് ഇത്രയധികം കട്ടിലുകൾ വിതരണം ചെയ്യുവാൻ സാധിക്കാതെ വന്നത്. ഇക്കാര്യം പരിശോധിച്ച് അർഹരായ ഗുണഭോക്താക്കളെ (എസ്.സി.എസ്.ടി) കണ്ടെത്തി ബന്ധപ്പെട്ട ഗ്രാമ സഭ / ഊരുകൂട്ടം അംഗീകാരത്തോടെ അവശേഷിച്ച കട്ടിലുകൾ വിതരണം ചെയ്യുവാൻ ഭരണ സമിതി തലത്തിൽ

നടപടികൾ സ്വീകരിക്കേണ്ടതാണ് . ഇവ വിതരണം ചെയ്ത രേഖകളോടൊപ്പം പട്ടിക ജാതി പട്ടികവർഗ്ഗ വർക്കിങ്ങ് ഗ്രൂപ്പിന്റെയും , ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെയും സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി ഹാജരാക്കേണ്ടതുമാണ്. അതുപൊലെ പദ്ധതിപ്രകാരം വാങ്ങിയ കട്ടിലുകളിൽ ഏതെങ്കിലും ഉപയോഗിക്കുവാൻ സാധിക്കാതെ വന്നിട്ടുണ്ടെങ്കിൽ ആയതിന്റെ വില കണക്കാക്കി നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അപാകതകൾ പരിഹരിച്ച് ബന്ധപ്പെട്ട രേഖകളും വിശദീകരണങ്ങളുംസഹിതം മറുപടി ലഭ്യമാക്കുന്നതുവരെ മേൽ രണ്ട് പദ്ധതികൾക്കായി നടത്തിയ 8,83,003 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-42 തുല്യതാ പഠിതാക്കളുടെ ഫീസ് അനുവദിച്ചത് -ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ ഹെഡ്മാസ്റ്റർ നടപ്പാക്കിയ പ്രൊ.നം 47/18-19 പ്രകാരം 75,000 രൂപ (ട്രഷറി ബിൽ നം. 09/19.3.2019) തുല്യതാപഠിതാക്കളുടെ (പത്താം തരം& പന്ത്രണ്ടാം തരം) ഫീസിനത്തിൽ സംസ്ഥാന സാക്ഷരതാ മിഷന് നല്കിയിട്ടുണ്ട്.എന്നാൽ പഠിതാക്കളുടെ ലിസ്റ്റ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് , തുക കൈപ്പറ്റിയത് സംബന്ധിച്ച് സാക്ഷരതാമിഷനിൽ നിന്നുമുള്ള കൈപ്പറ്റ് രസീത് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇവ ലഭ്യമാക്കുവാൻ രേഖാമൂലം ആവശ്യപ്പെട്ടുവെങ്കിലും ആയത് പിന്നീട് ലഭ്യമാക്കുമെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നല്കിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളത് . മേൽ പരാമർശിച്ച രേഖകളും , പഠിതാക്കൾ തുല്യതാപരീക്ഷ എഴുതിയത് സംബന്ധിച്ച രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആയത് വരെ പദ്ധതിയ്ക്കായി നടത്തിയ 75,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-43 ഇൻഡോർ ഷട്ടിൽ കോർട്ട് സ്റ്റേഡിയം-പദ്ധതി യാഥാർത്ഥ്യമായിട്ടില്ല.

ബദിയഡുക്കയിൽ ഒരു ഇൻഡോർ ഷട്ടിൽ കോർട്ട് സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി ഗ്രാമ പഞ്ചായത്ത് 2015-16 , 2016-17 വർഷങ്ങളിലായി നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതിക്കായി 19,83,694/-രൂപ ചെലവഴിച്ച് ഇൻഡോർ സ്റ്റേഡിയത്തിനാവശ്യമായ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. 2016-17 വർഷം കെട്ടിടം നിർമ്മാർണം പൂർത്തിയായിട്ടും നാളിതുവരെയും ഷട്ടിൽ കോർട്ട് നിർമ്മിച്ചിട്ടില്ല. സമയബന്ധിതമായി തുടർ പ്രവർത്തനങ്ങൾ നടത്തിയില്ലെങ്കിൽ വൻതുക ചെലവഴിച്ച് ഇൻഡോർ സ്റ്റേഡിയത്തിനായ് നിർമ്മിച്ച കെട്ടിടം നിഷ്ക്രിയ ആസ്തിയുമാകാൻ സാധ്യതയുണ്ട് എന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

# 1-44 പഞ്ചായത്തിന്റെ ഫുട്പാത്ത് സ്വകാര്യ വ്യക്തികൾ റോഡാക്കി മാറ്റി- നിർമിതി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്

കന്യാന മസ്ജിദ് ഫുട്പാത്ത് ആന്റ് സൈഡ് പ്രൊട്ടക്ഷൻ (പ്രോജക്ട് നം 118/19)

ഫണ്ട്- 3,97,545 (തനതു ഫണ്ട്) + 92,455 (മെയിന്റനൻസ് ഫണ്ട് റോഡ്)

ചെലവ്- 3,75,558 (2,83,103- വൗച്ചർ നം 139/12.03.2019),

92,455 ( ബിൽ നം 104/15.03.2019)

ആകെ- 3,75,558 രൂപ

അളവു പുസ്തകം - 150

കരാറുകാരൻ- അബ്ദുൾ റസാഖ്.ടി.എം (15.99% കുറവ് നിരക്കിൽ)

ഈ പ്രവൃത്തിയുടെ അളവു പുസ്തകം പ്രകാരം 37 മീറ്റർ നീളത്തിലും ഒരു മീറ്റർ വീതിയിലും ശരാശരി 2.5 മീറ്റർ ഉയരത്തിലും കരിങ്കല്ലുകൾ ഡ്രൈ പാക്കിംഗ് നടത്തി നടപ്പാതയുടെ പാർശ്വ സംരക്ഷണം നടത്തി എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ 218710050000000208 എന്ന നമ്പരിലും കന്യാന മസ്ജിദ് ഫൂട്ട്പാത്ത് എന്ന പേരിൽ ആസ്തി നിലവിലുള്ളതായി കാണുന്നു. 300 മീറ്റർ നീളത്തിൽ 1.80 മീറ്റർ വീതിയിലുള്ള ഫൂട്പാത്ത് ആണ് ആസ്തി രജിസ്റ്റർ പ്രകാരം നിലവിലുള്ളത്.

വിദ്യാഗിരിയിൽ നിന്നും കന്യാന മസ്ജിദ് റോഡിലേക്ക് ചേരുന്നതാണ് ഈ ഫുട്പാത്ത്. ഇതിൽ കന്യാന മസ്ജിദ് റോഡിനോട് ചേർന്നാണ് നിർമാണ പ്രവൃത്തി നടത്തിയിരിക്കുന്നത്. കന്യാന മസ്ജിദ് റോഡിൽ നിന്നും ആരംഭിച്ച് 37 മീറ്റർ പാർശ്വ സംരക്ഷണം നടത്തിയിട്ടുണ്ട്. ഈ പ്രവൃത്തി ഒരു വീടിന്റെ മുറ്റത്തോട് ചേർന്ന് അവസാനിച്ചതായി കാണുന്നു. ഈ നിർമാണ പ്രവൃത്തിയുടെ വലതു വശം ചേർന്ന് നാലു വീടുകൾ മാത്രമാണ് ഉള്ളത്.

37 മീറ്റർ നീളത്തിൽ ഒരു മീറ്റർ വീതിയിലാണ് കരിങ്കൽക്കെട്ട് നടത്തിയിട്ടുള്ളത്. ആസ്തി രജിസ്റ്റർ പ്രകാരം 1.80 മീറ്റർ വീതിയുള്ള നടപ്പാതയിൽ കരിങ്കൽക്കെട്ട് കിഴിച്ചാൽ 0.80 മീറ്റർ നടപ്പാത കാണണമായിരുന്നു. എന്നാൽ സൈറ്റിൽ കാണുന്നത് ഈ പാർശ്വഭിത്തിയോട് ചേർന്ന് 4 മീറ്ററോളം വീതിയുള്ള മൺറോഡ് നിർമിച്ചതായിട്ടാണ്. ഫുട്ട്പാത്തിനോട് ചേർന്ന് ആ വശത്തുള്ള വീട്ടുകാർ അവരുടെ സ്ഥലം കൂട്ടിച്ചേർത്ത് റോഡ് നിർമിച്ചു എന്നാണ് മനസ്സിലാക്കുന്നത്.

37 മീറ്റർ കരിങ്കൽ കെട്ടിന് ശേഷമുള്ള ഭാഗങ്ങൾ അവസാന ഭാഗത്തുള്ള വീട്ടുമുറ്റത്തു കൂടിയാണ് പോകുന്നത്. അതിനു ശേഷം ചെങ്കൽ പാകി നിർമിച്ച പടവുകളിലൂടെ ഒരു തോട്ടത്തിൽ പ്രവേശിക്കുകയും നടവഴി രൂപത്തിൽ തോട്ടത്തിലൂടെയും ഉയർന്ന ഒരു പ്രദേശത്തിലൂടെയും കടന്നു പോയി വിദ്യാഗിരി റോഡിൽ പ്രവേശിക്കുന്നു.

നിലവിലെ നിർമിതിയുടെ തുടർച്ചയായി കീഴ്ക്കാം തൂക്കായ അടയ്ക്കാ തോട്ടത്തിലൂടെ കടന്നു പോവുന്ന ഈ ഫുട്പാത്തിന് നെടുനീളത്തിൽ പാർശ്വ ഭിത്തി കെട്ടുക എന്നത് അപ്രായോഗികമാണ്. അതു കൊണ്ട് ഈ പ്രവൃത്തിക്ക് തുടർച്ച ഉണ്ടാവും എന്ന് പ്രതീക്ഷിക്കാൻ സാധിക്കില്ല.

പാർശ്വ ഭിത്തി നിർമാണവും അതിനു മുകളിൽ കോൺക്രീറ്റ് ബെൽറ്റ് സ്ഥാപിക്കുന്നതും മാത്രമാണ് പഞ്ചായത്ത് ചെയ്ത പ്രവൃത്തി. നടപ്പാതയോട് ചേർന്ന് നാലു മീറ്ററോളം വീതിയുള്ള മൺറോഡ് നിർമിച്ചത് പഞ്ചായത്ത് അല്ല. ഫുട്പാത്തിനോട് ചേർന്നു താമസിക്കുന്നവർ പഞ്ചായത്ത് നിർമിച്ച1.80 മീറ്റർ വീതിയിലുള്ള നടപ്പാതയോട് ചേർന്ന് മൺറോഡ് നിർമിച്ചതിനാൽ ഈ റോഡ് അടക്കം പഞ്ചായത്ത് ഏറ്റെടുത്ത് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർക്കുകയും റോഡ് സ്ഥിതി ചെയ്യുന്ന ഭൂമി പഞ്ചായത്തിന്റെ പേരിൽ ആക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-45 റോഡ് കോൺക്രീറ്റ് പ്രവൃത്തി-റോഡ് നിലനിൽക്കുന്ന ഭൂമിയെപ്പറ്റി പരാതി- സർവേ നടത്തി പരാതി പരിഹരിക്കേണ്ടതാണ്

മൈലംകോടി കെകെ വളപ്പ് റോഡ് കോൺക്രീറ്റ് (പ്രോജക്ട് നം 41/19)

ഫണ്ട്- 3,92,686 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ്- 3,85,969 (ബിൽ നം 95/19, തിയതി 20.03.2019)

കരാറുകാരൻ- ശ്രീ. അബ്ദുൾ റസാഖ്.ടി.എം (19.86% കുറവ്)

അളവു പുസ്തകം നം 148

ചെർക്കള കല്ലടുക്ക റോഡിൽ നിന്നും ബീജന്തടുക്ക- ബാറഡുക്ക റോഡിലേക്കുള്ള കണക്ഷൻ റോഡാണ് 380 മീറ്റർ നീളമുള്ള മൈലംകോടി കെകെ വളപ്പ് റോഡ്. 2017-18, 2018-19 വർഷങ്ങളിലായി 2 കോൺക്രീറ്റ് പ്രവൃത്തികൾ ഈ റോഡിൽ നടത്തിയിട്ടുണ്ട്.

| വർഷം | പ്രോജക്ട് നം | പ്രവൃത്തി നടത്തിയ ചെയിനേജ് | അടങ്കൽ തുക | ബിൽ തുക |
|---|---|---|---|---|
| 2017-18 | 27/2018 | 0/380 മുതൽ 0/305 വരെ | 3,00,000 | 2,51,333 |
| 2018-19 | 41/2019 | 0/000 മുതൽ 0/134 വരെ | 4,90,000 | 3,85,969 |

റോഡ് സന്ദർശിച്ചു. കല്ലടുക്ക ചെർക്കള റോഡിൽ നിന്നും 134.8 മീറ്റര് 2018-19 ൽ കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. പിന്നീടുള്ള 140 മീറ്റർ മൺറോഡിൽ പ്രവൃത്തികൾ ഒന്നും ചെയ്തിട്ടില്ല. 274.8 മീറ്ററിനു ശേഷമുള്ള 75 മീറ്റർ 2017-18 ലെ പ്രോജക്ട് 27/2018 ൽ പെടുത്തി കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. പിന്നീടുള്ള 30.2 മീറ്റർ ( ബീജന്തടുക്ക- ബാറഡുക്ക റോഡിലേക്കുള്ള കണക്ഷൻ ഭാഗം) കോൺക്രീറ്റ് ചെയ്തിട്ടില്ല. ഈ റോഡിന് ഇരു വശങ്ങളിലുമായി റോഡിനെ ആശ്രയിക്കുന്ന 6ൽ പരം വീടുകൾ ഉണ്ട്.

പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ 218710050000000167 എന്ന നമ്പരിൽ മയിവലാംകോടി കെ.കെ വളപ്പ് എന്ന പേരിൽ 380 മീറ്റർ റോഡ് രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ റോഡിനെപ്പറ്റി ആരോപണങ്ങൾ ഉയർന്ന സാഹചര്യത്തിൽ ജില്ലാ ധനകാര്യ പരിശോധനാ ഓഫീസർ റോഡ് പരിശോധിക്കുകയും 24.05.2019 ന് 2077/FIW-asst1-kgd/2018/fin എന്ന നമ്പരിൽ റിപ്പോർട്ട് പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണ്. റിപ്പോർട്ട് പ്രകാരം 2018-19 ൽ കോൺക്രീറ്റ് ചെയ്ത പ്രവൃത്തികൾ നടപ്പിലാക്കിയിരിക്കുന്നത് പൊതുമരാമത്ത് പുറമ്പോക്ക് ഭൂമിയിലും റവന്യൂ ഭൂമിയിലും 2017-18 ൽ നടപ്പിലാക്കിയ പ്രവൃത്തിയിൽ ഏകദേശം 40 മീറ്ററോളം സ്വകാര്യ ഭൂമിയിലും ആണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ റോഡ് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ട് പ്രകാരം റോഡ് പുറമ്പോക്ക് ഭൂമിയിലും റവന്യൂ ഭൂമിയിലും സ്വകാര്യ ഭൂമിയിലും കൂടി കടന്നു പോവുന്നുണ്ടെന്ന് പരാമർശിച്ചിട്ടുള്ളതിനാൽ വിശദമായ സർവേ നടത്തി ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് വ്യക്തത വരുത്താൻ പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്. കൂടാതെ റോഡ് നിലവിലുള്ള ഭൂമി പഞ്ചായത്തിന് കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ ആസ്തികളുടെ പൂർണമായ നിർമാണം/മെയിന്റനൻസ് നടത്തുന്ന രീതിയിൽ ഒരു ആസ്തിയെ ഒരു യൂണിറ്റ് ആയി കണക്കാക്കി പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതും ആസ്തികൾ നിർമിക്കുന്ന ഭൂമിയുടെ ഉടമസ്ഥത പദ്ധതി നടത്തിപ്പിനു മുമ്പേ തന്നെ ഉറപ്പു വരുത്തേണ്ടതുമാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 കെട്ടിട നിർമ്മാണ പെർമ്മിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ,ചട്ടം 11(3) (ഷെഡ്യൂൾ II) പ്രകാരം കാറ്റഗറി 2 ഗ്രാമപഞ്ചായത്തിൽ 150 ച.മീ താഴെയുള്ള ഗ്രൂപ്പ് A2 വാസഗൃഹങ്ങൾക്ക് ച.മീ ന് 1.5 രൂപ നിരക്കിലും 150 ച.മീ കൂടുതലുള്ള വാസഗൃഹങ്ങൾക്ക് 3 രൂപ നിരക്കിലും മറ്റെല്ലാവിധ ഒക്യുപൻസികൾക്കും ച.മീ ന് 5 രൂപ

നിരക്കിലും പെർമിറ്റ് ഫീ ഈടാക്കേണ്ടതുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 137 ൽ 4 ക്രമവൽക്കരണം രാജിയാക്കൽ ഫീസ്, പ്രാബല്യത്തിലിരിക്കുന്ന പെർമിറ്റ് ഫീസിന്റെ ഇരട്ടിയായിരിക്കുന്നതാണ്. കൂടാതെ ക്രമവത്കരിക്കുന്ന കെട്ടിടത്തിന് വീണ്ടും പെർമ്മിറ്റ് അനുവദിക്കുന്നുണ്ടെങ്കിൽ പെർമ്മിറ്റ് ഫീ കൂടി ഈടാക്കേണ്ടതാണ്. 2018-19 വർഷത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ ക്രമവൽക്കരണം ചെയ്ത കെട്ടിടത്തിന്റെ രാജിയാക്കൽ ഫീ ഈടാക്കി പെർമ്മിറ്റ് അനുവദിച്ചതിൽ താഴെ ചേർക്കും വിധം ഫീ കുറവ് വന്നതായി കാണുന്നു.

| sl. no | പെർമിറ്റ് നമ്പർ, റഗുലറൈസേഷൻ തിയ്യതി | അപേക്ഷകന്റെ പേര് | തറവിസ്തീർണം, ഒക്യുപൻസി | രാജിയാക്കൽഫീയും പെർമ്മിറ്റ് ഫീയും | ഈടാക്കിയ തുക | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 1 | SC1-BA(60363)/ 2019. dt.19.3.2019. | ജമീല മൊയ്തു, പെർഡ്ധാല.പി.ഒ | GF-415.85m2<br>FF-457.50m2<br>Total- 873.35m2 (ഗാർഹികം) | 415.85 x 6 = 2495 (രാജിയാക്കൽ ഫീ) +873.35x3= 2620 (പെർമ്മിറ്റ് ഫീ). total- 5115 രൂപ | 2,495 | 2,620 |
| 2 | SC3-BA(227442)/ 2018. dt.20.6.2018 | പത്മിനി, DAS STONES | 1299.04m2 (ഗാർഹികേതരം)- 1299.04x5= 6495.2 | 6495.2 x 3 = 19,485.6 | 12991 | 6494.6 @ 6495 |
| | ആകെ | | | | | 9,115 |

സീരിയൽ നം ഒന്നിൽ വിവരിച്ച അപേക്ഷയിൽ 2.2.2019- ലെ ഓവർസിയരുടെ റിപ്പോർട്ട് പ്രകാരം GF-415.85m2 നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും, ആയതുകൊണ്ട് GF-415.85m2 കെട്ടിട ഭാഗം റഗുലറൈസേഷൻ ചെയ്ത് പെർമ്മിറ്റ് അനുവദിക്കാമാണെന്നും അറിയിച്ചിട്ടുണ്ട് . എന്നാൽ ആയത് പാലിച്ചതായി കാണുന്നില്ല. (ഓഡിറ്റ് എൻക്വയറി നം-8തീയ്യതി 1-12-2019.). മുകളിൽ വിവരിച്ച പ്രകാരം കുറവ് വന്ന 9,115 രൂപ ഉത്തരവാദിയായ വ്യക്തികളിൽ നിന്ന് ഈടാക്കേണ്ടതാണ്.

# 2-2 ലോഡ്ജിംഗ് കെട്ടിടത്തിന് ഗാർഹിക കെട്ടിടത്തിൽപ്പെടുത്തി വസ്തുനികുതി ചുമത്തി- വസ്തുനികുതിയിനത്തിൽ നഷ്ടം

നികുതി നിർണ്ണയത്തിൽ പല അപാകതകളും കാണുകയുണ്ടായി. 14.01.2011-ലെ കേരള സർക്കാരിന്റെ സ.ഉ.(അ) നമ്പർ 20/2011/ത.സ്വ.ഭ.വ. എന്ന വിജ്ഞാപന പ്രകാരം നിലവിൽ എന്ന 2011 ലെ പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ അനുസരിച്ച് ഗ്രാമ പഞ്ചായത്തിലെ വിവിധതരം ഉപയോഗങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ച് നമ്പർ എ3-20/11 തീയ്യതി 29.12.2011 പ്രകാരം പ്രസിദ്ധപ്പെടുത്തിയിരുന്നു. ആയതിൻ പ്രകാരം അസംബ്ലി, കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്ല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമാ തീയറ്റർ എന്നിവയുടെ അടിസ്ഥാന നികുതി നിരക്ക് 1 ചതുരശ്ര മീറ്ററിന് 30 രൂപയാണ്. എന്നാൽ താഴെ വിവരിക്കുന്ന ലോഡ്ജിംഗ് കെട്ടിടത്തിന് അവയുടെ തറവിസ്തീർണ്ണത്തിനനുസരിച്ച് നികുതി നിശ്ചയിക്കാതെ, ഗാർഹിക കെട്ടിടത്തിന്റെ നിരക്കിൽ നികുതി നിശ്ചയിച്ച് വസ്തു നികുതി വരവിൽ കുറവ് വന്നതായി കാണുന്നു. കൂടാതെ പ്രഥമത്തിൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന് 5 മീറ്ററിൽ കൂടുതൽ റോഡ്

സൗകര്യമുണ്ടെങ്കിൽ, വസ്തു നികുതിയിൽ വരുത്തേണ്ട 20% വർദ്ധനവും വരുത്തിയതായി കാണുന്നില്ല. വിശദവിവരം താഴെ കൊടുക്കുന്നു,

ഉടമസ്ഥന്റെ പേര് -- മുഹമ്മദ് & 2 others

കെട്ടിട നമ്പർ -- Ward No 19, 382/H മുതൽ 382/U വരെ

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം(m2)-

( അസസ്സ് മെന്റ് തീയ്യതി- 4.1.2019)

| കെട്ടിടത്തിന്റെ വിവരം | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | | | | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | | | | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|---|
| | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | |
| Shop area-177.17m2<br>Lodge area-149.54m2 | 177.17x50= 8859 | - | - | 8859 | 177.17x 50= 8859 | 20%= 1772 | - | 10631+ LC | 1772+ LC |
| | 149.54x5= 748 | - | - | 748 +LC | 149.54x 30= 4486 | 20%= 897 | - | 5383+ LC | 4635 +LC |
| ആകെ | | | | | | | | | 6407+ LC |

വസ്തു നികുതിയിനത്തിൽ കുറവു വന്ന 6407+LC രൂപ ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്. കൂടാതെ തുടർന്നുള്ള വർഷങ്ങളിലെ നികുതി പുതുക്കി ക്രമീകരിക്കേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറി നം- 5തീയ്യതി 28-11-2019).

**B)വസ്തു നികുതി നിർണ്ണയത്തിൽ അപാകത**

14.01.2011-ലെ കേരള സർക്കാരിന്റെ സ.ഉ.(അ) നമ്പർ 20/2011/ത.സ്വ.ഭ.വ. വിജ്ഞാപന പ്രകാരം നിലവിൽ എന്ന 2011 ലെ പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ അനുസരിച്ച് ഗ്രാമ പഞ്ചായത്തിലെ വിവിധതരം ഉപയോഗങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ച് നമ്പർ എ3-20/11 തീയ്യതി 29.12.2011 പ്രകാരം പ്രസിദ്ധപ്പെടുത്തിയിരുന്നു. ആയതിൻ പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പ്, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നികുതി നിരക്ക് 1 ചതുരശ്ര മീറ്ററിന് 50 രൂപയാണ്. 100 ചതുരശ്ര മീറ്റർ വരെയുള്ള, മുകളിൽ പ്രതിപാദിച്ച കെട്ടിടങ്ങൾക്ക് 30 രൂപയുമാണ് നിരക്ക്. എന്നാൽ താഴെ വിവരിക്കുന്ന

